# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 നവംബർ 07 | ദീപം 57 | നാളം 35 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# സ്നേഹം തുളുമ്പുന്ന തിരുഹൃദയം


**ഫ്രാൻസിസ് പാപ്പായുടെ നാലാമത് ചാക്രികലേഖനം 'ദിലേക്സിത് നോസ്' 2024 ഒക്ടോബർ 24 ന് പ്രസിദ്ധീകരിച്ചു.**


മോൺ. ജോജി വടകര


മുറിവേല്പിക്കപ്പെട്ട ക്രിസ്തുവിന്റെ ഹൃദയത്തെക്കുറിച്ചും യേശുവിന്റെ മാനുഷിക, ദൈവികസ്നേഹത്തെക്കുറിച്ചും ഉദ്ബോധിപ്പിച്ചുകൊണ്ട് 'ദിലേക്സിത് നോസ്' (Dilexit nos - അവൻ നമ്മെ സ്നേഹിച്ചു) എന്ന പേരിൽ ഫ്രാൻസിസ് പാപ്പാ എഴുതിയ ചാക്രികലേഖനം 2024 ഒക്ടോബർ 24 വ്യാഴാഴ്ചയാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ഫ്രാൻസിസ് പാപ്പായുടെ നാലാമത്തെ ചാക്രികലേഖനമാണിത്. ക്രിസ്തുവിനു നമ്മോടുള്ള ആഴമേറിയ സ്നേഹവും അവൻ കാണിച്ചുതരുന്ന ശുശ്രൂഷയുടെ മാതൃകയും യേശുവിനെപ്പോലെ മറ്റുള്ളവരെ സ്നേഹിക്കാനും അവർക്കു ശുശ്രൂഷ ചെയ്യാനും നമ്മെ ക്ഷണിക്കുന്നുണ്ട് എന്ന് പാപ്പാ ഈ ലേഖനത്തിലൂടെ നമ്മെ ഓർമിപ്പിക്കുന്നു. കുന്തത്താൽ പിളർക്കപ്പെട്ട ക്രൂശിതന്റെ തിരുവിലാവിൽനിന്ന് ഒഴുകുന്ന ജീവജലത്തിന്, മാനവികതയുടെ മുറിവുകളെ സൗഖ്യപ്പെടുത്താൻ സാധിക്കുമെന്നും പാപ്പാ എഴുതുന്നു.

വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനം എട്ടാം അധ്യായം 31 മുതൽ 39 വരെയുള്ള ഭാഗത്ത് ദൈവസ്നേഹപാരമ്യത്തെക്കുറിച്ച് എഴുതുന്നതു പരാമർശിച്ചുകൊണ്ടാണ് പാപ്പാ 'ദിലേക്സിത് നോസ്' ആരംഭിക്കുന്നത്. പ്രധാനമായി രണ്ടു ചിന്തകളാണ് ഇവിടെയുള്ളത് (റോമാ. 8, 37; 39). ക്രിസ്തു നമ്മെ സ്നേഹിച്ചുവെന്നുള്ള ചിന്തയും ആര് നമ്മെ ക്രിസ്തുവിൽനിന്ന് അകറ്റുമെന്ന ചോദ്യവുമാണവ. യേശുവാണ് ആദ്യം നമ്മെ സ്നേഹിച്ചത്. കുത്തിത്തുറക്കപ്പെട്ട അവന്റെ ഹൃദയം, വ്യവസ്ഥകളൊന്നുമില്ലാതെ നമ്മെ സ്നേഹിക്കുന്നു, നമുക്കായി കാത്തിരിക്കുന്നു.

യേശുവിന്റെ ഹൃദയത്തോടുള്ള വണക്കത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഈ ചാക്രികലേഖനത്തിന് അഞ്ച് അധ്യായങ്ങളാണുള്ളത്. ഹൃദയത്തിന്റെ പ്രാധാന്യം, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രവൃത്തികളും വാക്കുകളും, ഏറെ സ്നേഹിച്ച ക്രിസ്തുവിന്റെ ഹൃദയം, സ്വയം പാനീയമായി നൽകുന്ന സ്നേഹം, സ്നേഹത്തിനായുള്ള സ്നേഹം എന്നീ ചിന്തകളാണ് ചാക്രികലേഖനത്തിന്റെ ഈ അഞ്ച് അധ്യായങ്ങളിലായി പാപ്പാ വിശകലനം ചെയ്യുന്നത്.





### ഹൃദയത്തിന്റെ പ്രാധാന്യം

ദിലേക്സിത് നോസിന്റെ ഒന്നാം അധ്യായം മനുഷ്യജീവിതത്തിൽ ഹൃദയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ളതാണ്. ഇന്നത്തെ ലോകമെന്നത് ഉപഭോക്തൃസംസ്കാരത്തിന്റെ അടിമത്തത്തിൽപ്പെട്ട്, ഒന്നിലും ഒരിക്കലും സംതൃപ്തിയടയാത്ത മനുഷ്യരുള്ള ഒരിടമായി മാറിയിട്ടുണ്ട്(2). ഇത്തരമൊരു പശ്ചാത്തലത്തിലാണ് എല്ലാറ്റിന്റെയും കേന്ദ്രമായി വിശുദ്ധ ഗ്രന്ഥം വിശേഷിപ്പിക്കുന്ന ഹൃദയത്തിന്റെ പ്രാധാന്യത്തെപ്പറ്റി പാപ്പാ എഴുതുന്നത്. ബാഹ്യമായി മറ്റുള്ളവർ കാണുന്നവയാകണമെന്നില്ല യഥാർഥത്തിൽ ഹൃദയത്തിൽ മനുഷ്യർ ഒളിപ്പിച്ചുവച്ചിരിക്കുന്നത്(4). എന്നാൽ, പുറമേ കാണിക്കുന്നവയെന്തായാലും, ഉള്ളിൽ ഒളിപ്പിച്ചവ എന്തായാലും, നാം നാമായിരിക്കുന്ന ഇടം ഹൃദയമാണ്(6). അവിടെ അഭിനയമില്ല, കള്ളത്തരങ്ങളില്ല. അതുകൊണ്ടുതന്നെ, നമ്മുടെ യഥാർഥ ആഗ്രഹങ്ങളും സ്വപ്നങ്ങളും നമ്മുടെ അസ്തിത്വവുമൊക്കെ അവിടെ നമുക്കു കണ്ടെത്താനാകും. ദൈവത്തിനുമുമ്പിൽ ഞാനാരാണ് എന്ന ചോദ്യമുയരുന്നതും അവിടെയാണ്(8).

ഗ്രീക്ക് തത്ത്വചിന്തയിലും ക്രൈസ്തവേതരയുക്തിവാദത്തിലും ആദർശവാദങ്ങളിലും ഭൗതികവാദത്തിലുമൊക്കെ ഹൃദയത്തിനും അതിന്റെ വികാരവിചാരങ്ങൾക്കും ഏറെ പ്രാധാന്യം ഉണ്ടായിരുന്നില്ല. തത്ത്വചിന്തകർക്കുമുന്നിൽ, കാര്യകാരണങ്ങൾക്കും ഇച്ഛാശക്തിക്കും, സ്വാതന്ത്ര്യത്തിനുമൊക്കെയാണ് പ്രാധാന്യമുണ്ടായിരുന്നത്. എന്നാൽ, എന്നെ ഞാനാക്കുന്ന, എന്റെ ആധ്യാത്മികതയ്ക്കും സ്നേഹബന്ധങ്ങൾക്കും പിന്നിൽ നിൽക്കുന്ന, മറ്റുള്ളവരുമായി എന്നെ ബന്ധിപ്പിക്കുന്ന, ഹൃദയത്തിനു പ്രാധാന്യം കൊടുക്കണമെന്ന്(10) ദിലേക്സിത് നോസെന്ന ചാക്രികലേഖനം ഉദ്ബോധിപ്പിക്കുന്നു. ഭിന്നതയുളവാക്കുന്ന സ്വാർഥതയെ അതിജീവിക്കണമെങ്കിൽ ബന്ധങ്ങൾ ഹൃദയം കൊണ്ടുള്ളതാകണം(10). വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടെയും വിശുദ്ധ ജോൺ ഹെൻറി ന്യൂമാന്റെയുമൊക്കെ ചിന്തകളിൽ നാം വായിക്കുന്നതും ഹൃദയത്തിൽ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന ദൈവമനുഷ്യബന്ധത്തെക്കുറിച്ചുള്ള ഒരു ആധ്യാത്മികതയാണ്.

### ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രവൃത്തികളും വാക്കുകളും

നമുക്കു സമീപസ്ഥനായ, നമ്മോടു കരുണയോടെ ഇടപെടുന്ന, ആർദ്രതയുള്ള ഒരു ദൈവത്തെക്കുറിച്ചുള്ള ചിന്തകളാണ് ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രവൃത്തികളും വാക്കുകളും നമ്മിൽ ഉളവാക്കുന്നതെന്ന് രണ്ടാം അധ്യായത്തിൽ പാപ്പാ നമ്മെ ഓർമിപ്പിക്കുന്നു(35). അവൻ നമ്മെ സ്നേഹിതരായാണു കണക്കാക്കുന്നത്. സമരിയക്കാരി സ്ത്രീ, നിക്കൊദേമൂസ്, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ, അന്ധനായ മനുഷ്യൻ തുടങ്ങിയവരും യേശുവുമായുള്ള കണ്ടുമുട്ടലുകൾ ഇതാണ് നമ്മുടെ മുന്നിൽ കാണിച്ചുതരുന്നത്. ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്ന അവന്റെ നോട്ടം(39), വ്യക്തികളെക്കുറിച്ചും അതിലുപരി അവരുടെ പ്രശ്നങ്ങളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും യേശു എത്രമാത്രം ശ്രദ്ധാലുവായിരുന്നുവെന്നു വ്യക്തമാക്കുന്നു(40). സാധാരണക്കാർ ശതാധിപനെപ്പോലെയുള്ള മനുഷ്യരിൽ നന്മകൾ കാണാതിരിക്കുമ്പോഴും, യേശു അവരിലെ നന്മകൾ കാണുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്(41).

താൻ സ്നേഹിച്ചിരുന്ന ലാസറിന്റെ മരണത്തിൽ ദുഃഖിക്കുന്ന യേശുവിനെ നാം കാണുന്നുണ്ട്. താൻ സ്നേഹിച്ചിരുന്നവൻമൂലം സഹിക്കേണ്ടിവരുന്ന കുരിശിലെ മരണത്തെക്കുറിച്ചുള്ള ചിന്തകൾ ഉള്ളിലുണർത്തുന്ന വേദനയിൽ ഗത്സമേൻ തോട്ടത്തിൽ അവൻ കരയുന്നതു നാം കാണുന്നുണ്ട്, ക്രൂശിതൻ എന്നതിലാണ് അവന്റെ സ്നേഹത്തിന്റെ പാരമ്യം നാം കാണുന്നത് (45, 46).

### ഏറെ സ്നേഹിച്ച ക്രിസ്തുവിന്റെ ഹൃദയം

ചാക്രികലേഖനത്തിന്റെ മൂന്നാമത്തെ അധ്യായത്തിൽ സഭയുടെ ചരിത്രത്തിൽ, യേശുവിന്റെ തിരുഹൃദയത്തെക്കുറിച്ചുണ്ടായ ചില ചിന്തകളാണ് പാപ്പാ പങ്കുവയ്ക്കുന്നത്. പന്ത്രണ്ടാം പീയൂസ് പാപ്പാ തിരുഹൃദയവണക്കത്തെക്കുറിച്ച് 'ഔറിയെത്തിസ് ആക്വാസ്' എന്ന പേരിൽ പുറത്തിറക്കിയ ചാക്രികലേഖനത്തെക്കുറിച്ച് പാപ്പാ പ്രതിപാദിക്കുന്നുണ്ട്. യേശുവിന്റെ തിരുഹൃദയത്തോടുള്ള വണക്കമെന്നത്, ഹൃദയം എന്ന ഒരു ശരീരഭാഗത്തോടുള്ള പ്രത്യേക ആരാധനയോ ഭക്തിയോ അല്ല, അത് യേശുവിനോടുള്ള വണക്കമാണ്(46). മനുഷ്യനായി അവതരിച്ച ദൈവപുത്രനെയാണ് തിരുഹൃദയവണക്കത്തിലൂടെ നാം ആരാധിക്കുന്നത്.

മനുഷ്യഹൃദയമെന്നത് മാംസനിബിഡമായ ഒരു ശരീരഭാഗമാണ്. അതുകൊണ്ടുതന്നെ, യേശുവിന്റെ ഹൃദയത്തെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ, ദൈവികമായ സ്നേഹവും കരുണയും നിറഞ്ഞ ഒരിടം എന്നതിനൊപ്പം, മാനുഷികമായ സ്നേഹത്തിന്റെ ഒരിടം എന്ന ഒരർഥം കൂടി നാം അതിനു നൽകേണ്ടതുണ്ട്(61). ബെനഡിക്ട് പതിനാറാമൻ പാപ്പാ യേശുവിന്റെ സ്നേഹത്തെക്കുറിച്ചു പറയുമ്പോൾ മൂന്നു വശങ്ങളുള്ള ഒരു സ്നേഹത്തെക്കുറിച്ചാണു പറയുകയെന്ന് ഫ്രാൻസിസ് പാപ്പാ ഓർമിപ്പിക്കുന്നുണ്ട്.


▶ 13

# ദൈവകൃപയുടെ തണലിൽ

**ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി മാർ തോമസ് തറയിൽ ഒക്ടോബർ 31 ന് സ്ഥാനാരോഹണം ചെയ്തു.**



ഡോ. റൂബിൾ രാജ്

‘അവിടുന്ന് തന്റെ ദാസനായ ദാവീദിനെ തിരഞ്ഞെടുത്തു; അവനെ ആടുകളുടെ ഇടയിൽ നിന്നു വിളിച്ചു. തന്റെ ജനമായ യാക്കോബിനെയും തന്റെ അവകാശമായ ഇസ്രായേലിനെയും മേയിക്കുവാൻവേണ്ടി അവിടുന്നു തള്ളയാടുകളെ മേയിച്ചിരുന്ന അവനെ വിളിച്ചുവരുത്തി.’ (സങ്കീ. 78:70–71).

മാർ തോമസ് തറയിൽപിതാവിന്റെ സ്ഥാനാരോഹണത്തെക്കുറിച്ചു ചിന്തിച്ചപ്പോൾ മനസ്സു മന്ത്രിച്ച വാക്യങ്ങളാണിവ. തുടർന്നുവരുന്ന 72-ാം വാക്യം വിശ്വാസികളുടെ പ്രതീക്ഷ വെളിപ്പെടുത്തുന്നു: ‘അവൻ പരമാർഥഹൃദയത്തോടെ അവരെ മേയിച്ചു; കരവിരുതോടെ അവൻ അവരെ നയിച്ചു.’ നാം ജീവിക്കുന്ന പോസ്റ്റ് കൊവിഡ് കാലഘട്ടത്തിൽ ചങ്ങനാശ്ശേരി അതിരൂപതയെ നയിക്കാനും പൊതുസമൂഹത്തിന് ആത്മീയതയുടെ വെളിച്ചം കാണിക്കാനും ദൈവത്താൽ നിയോഗിക്കപ്പെട്ട വ്യക്തിയാണ് അഭിവന്ദ്യ തറയിൽ പിതാവ്. ചങ്ങനാശ്ശേരി അതിരൂപതയുടെ ഒമ്പതാമതു മെത്രാപ്പോലീത്തയായി അദ്ദേഹം സ്ഥാനമേൽക്കുമ്പോൾ, മഹാരഥന്മാരായ തന്റെ മുൻഗാമികളുടെ മഹത്തായ പരമ്പരയിലെ പുതിയ കണ്ണിയായി തറയിൽപിതാവ് മാറുകയാണ്.

സഭയിൽ മെത്രാന്മാരുടെ അജപാലനദൗത്യത്തെപ്പറ്റിയുള്ള രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ‘ക്രിസ്തൂസ് ദോമിനൂസ്’ എന്ന ഡിക്രിയിൽ നാം ഇപ്രകാരം വായിക്കുന്നു: പരിശുദ്ധാത്മാവിനാൽ നിയമിക്കപ്പെട്ടവരെന്ന നിലയിൽ, മെത്രാന്മാർ ആത്മാക്കളുടെ ഇടയന്മാരായി ശ്ലീഹന്മാരുടെ പിൻഗാമികളാകുന്നു. മാർപാപ്പായോടു യോജിച്ചുകൊണ്ടും അദ്ദേഹത്തിന്റെ അധികാരത്തിലും നിത്യപുരോഹിതനായ മിശിഹായുടെ ജോലി അനവരതം തുടരാൻ അവർ അയയ്ക്കപ്പെട്ടിരിക്കുന്നു. കാരണം, മിശിഹാ ശ്ലീഹന്മാർക്കും, അവരുടെ പിൻഗാമികൾക്കും സകല ജനതകളെയും പഠിപ്പിക്കുന്നതിനും മനുഷ്യരെ സത്യത്തിൽ വിശുദ്ധീകരിക്കുന്നതിനും മേയിക്കുന്നതിനുമുള്ള കല്പനയും അധികാരവും നൽകി. ചുരുക്കത്തിൽ, മിശിഹാ തുടങ്ങിവച്ച, ശ്ലീഹന്മാർ ഏറ്റെടുത്ത ജോലിയുടെ തുടർപ്രവർത്തകരാണ് മെത്രാന്മാർ.

‘നിനക്ക് എന്റെ കൃപ മതി’ (2 കോറി 12/9) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകളാണ് തറയിൽപിതാവ് തന്റെ ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്നത്. തന്റെ കുറവുകളെല്ലാം ദൈവകൃപയെന്ന തികവുകൊണ്ട് അതിജീവിക്കാനാവണം എന്ന വിശ്വാസമാണ് ഇവിടെ ദൃശ്യമാകുന്നത്. ദൈവത്തിന്റെ മുമ്പിൽ വിനയാന്വിതനായി നിൽക്കുന്ന പിതാവിന്റെ ചിത്രമാണ് ഇവിടെ തെളിയുന്നത്. ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ് എന്ന സാക്ഷ്യവും വരികൾക്കിടയിൽ നമുക്കു വായിച്ചെടുക്കാനാവും.

‘Bishop embodies the Liturgy’ – മെത്രാൻ ലിറ്റർജിയെ മൂർത്തീകരിക്കുന്നു. സീറോ മലബാർ സഭയുടെ ജീവസ്സുറ്റ ആരാധനാപാരമ്പര്യം അതിന്റെ തനിമയിൽ സൂക്ഷിക്കുന്നവരും ആഘോഷിക്കുന്നവരുമാണ് ചങ്ങനാശ്ശേരി അതിരൂപതയും അതിന്റെ സാമന്തരൂപതകളും. അതിന്റെ മുഖ്യകാർമികനാണ് മേൽപ്പട്ടക്കാരനായ തറയിൽ പിതാവ്. ദൈവികരഹസ്യങ്ങളുടെ കാവലാളായ അദ്ദേഹം സൂക്ഷ്മതയോടെ തലമുറകൾക്കു കൈമാറേണ്ടതും ഈ പൈതൃകമാണ്. പ്രഥമ മാർപാപ്പയായ വി. പത്രോസിന്റെ കബറിടത്തിൽ കത്തിച്ചുവച്ച മെഴുകുതിരികളാണ് ഓരോ മേൽപ്പട്ടക്കാരനുമെന്ന് സഭാപിതാക്കന്മാർ സാക്ഷ്യപ്പെടുത്തുന്നു. ഈ വിശ്വാസദീപത്തിന്റെ സംരക്ഷകരും കൈമാറ്റക്കാരുമാണ് ഓരോ മേൽപ്പട്ടക്കാരനും. ന്യൂനതകളില്ലാതെ തറയിൽ പിതാവും ആ ഉത്തരവാദിത്വം നിർവഹിക്കുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

തറയിൽപിതാവ് തന്റെ പ്രസംഗങ്ങളിലും പ്രഭാഷണങ്ങളിലും ആവർത്തിക്കുന്ന രണ്ടു കാര്യങ്ങളാണ് സീറോ മലബാർ വിശ്വാസികളുടെ സ്വത്വബോധവും സമുദായബോധവും. ‘എന്റെ സഭ’, ‘എന്റെ സമുദായം’ എന്ന വികാരമാണ് നമ്മെ ഭരിക്കേണ്ടതെന്ന് അദ്ദേഹം ആവർത്തിച്ച് ഉദ്ബോധിപ്പിക്കും. അപ്പോഴും, മറ്റു സഭകളിലേക്കും മതങ്ങളിലേക്കുമുള്ള പാലങ്ങളെക്കുറിച്ചും പിതാവ് പറയാതിരിക്കില്ല. ഒരു യഥാർഥ കത്തോലിക്കന് ആരെയും ഉൾക്കൊള്ളാനാവശ്യമായ വിശാലതയും മാംസളതയും കരഗതമാവും എന്നാണ് പിതാവിന്റെ മതം.

മാധ്യമങ്ങളുടെ പ്രാധാന്യവും സാധ്യതയും തിരിച്ചറിഞ്ഞ ഒരു പിതാവാണ് മാർ തോമസ് തറയിൽ. നവ സാമൂഹികസമ്പർക്കമാധ്യമങ്ങളിലെ ഒരു താരസാന്നിധ്യമാണ് പിതാവ്. ദേശഭേദമില്ലാതെ അനേകായിരങ്ങളിലേക്ക് ഒരേസമയം എത്തിപ്പെടാനുള്ള ഒരു സംവിധാനം എന്ന നിലയിൽ നാം അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്നത് അദ്ദേഹത്തിന്റെ സുചിന്തിതമായ ദർശനമാണ്. മാധ്യമങ്ങൾ ആരുടെയും പരിഗണനാവിഷയമല്ലാതിരുന്ന കാലത്ത് മാധ്യമസാധ്യതയെക്കുറിച്ചും മാധ്യമജാഗ്രതയെക്കുറിച്ചും കാലത്തിനുമുമ്പേ



സംസാരിച്ച പവ്വത്തിൽപിതാവിന്റെ സ്വാധീനം ഇക്കാര്യത്തിൽ തറയിൽ പിതാവിൽ നമുക്കു ദർശിക്കാനാവും. സിനഡൽ മീഡിയ കമ്മീഷന്റെ ചെയർമാൻ എന്ന നിലയിൽ മാധ്യമമേഖലയിൽ അദ്ദേഹത്തിന്റെ തുടർശ്രദ്ധയും നിതാന്തജാഗ്രതയും നിരന്തരം ഉണ്ടാകുമെന്നു നമുക്കു പ്രത്യാശിക്കാം.

സ്വർഗത്തിലെ ദൈവത്തിന്റെ ഭൂമിയിലെ വാസസ്ഥലമായ കുടുംബം, തറയിൽ പിതാവിന്റെ ഇഷ്ട ഇടങ്ങളിലൊന്നാണ്. നമുക്കു വലിയ വീടുകളുണ്ട്. പക്ഷേ, ചെറിയ ഭവനങ്ങൾ മാത്രമേ ഉള്ളൂ എന്നതാണ് അദ്ദേഹത്തിന്റെ ദുഃഖം. നമ്മുടെ വീടുകളെ ഭവനങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ച് ഏറെ സംസാരിച്ചിട്ടുള്ള മേൽപ്പട്ടക്കാരനാണ് അദ്ദേഹം. ഇന്നും അതു തുടരുകയും ചെയ്യുന്നു. ഭാര്യയും ഭർത്താവും കർത്താവും ചേരുമ്പോഴാണ് സ്ഥായിയായ ഭവനനിർമിതി നടക്കുന്നതെന്ന് കിട്ടുന്ന അവസരങ്ങളിലെല്ലാം നമ്മെ ഓർമപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ചങ്ങനാശ്ശേരിയുടെ പിതാക്കന്മാരെല്ലാവരും വിദ്യാഭ്യാസാവകാശങ്ങൾക്കുവേണ്ടിയും സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരായും എക്കാലവും ശബ്ദമുയർത്തിയവരാണ്. അധികാരികളെ ഭയന്ന് തങ്ങളുടെ പ്രബോധനാധികാരത്തെ ആരും ബലികഴിച്ചില്ല. രാജാവു നഗ്നനാണെന്നു വിളിച്ചുപറയാനുള്ള ആർജവം അവർക്കുണ്ടായിരുന്നു. പവ്വത്തിൽപിതാവിന്റെ കാലത്ത് എപ്പിസ്കോപ്പൽസഭകളെ ഒരു ചരടിൽ കോർത്ത് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജ്യുക്കേഷൻ രൂപീകരിച്ച് ഒരുമിച്ചു പോരാടിയ പാരമ്പര്യമാണ് ചങ്ങനാശ്ശേരി അതിരൂപതയുടേത്. ആ പാരമ്പര്യം തുടരാനുള്ള വിളി കൂടി തറയിൽപിതാവിനു ലഭിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

തറയിൽപിതാവിന് വിദ്യാഭ്യാസം അറിവിന്റെ കൈമാറ്റം മാത്രമല്ല, അറിവിനൊപ്പം തിരിച്ചറിവും മാർക്കിനൊപ്പം മാനവികതയും അദ്ദേഹത്തിന്റെ വിദ്യാഭ്യാസദർശനത്തിന്റെ ആധാരശിലകളാണ്. വിദ്യാഭ്യാസത്തെ ഒരു സാംസ്കാരികപ്രവർത്തനം എന്നതിലുപരി ആത്മീയപ്രവർത്തനമായി അദ്ദേഹം കണക്കാക്കുന്നു.

സീറോമലബാർസഭയുടെ സംഭാവനകളെയും പൊതുസമൂഹത്തിനു നൽകിയ നന്മകളെയുംകുറിച്ച് പിതാവ് നിരവധി വേദികളിൽ വാചാലനായിട്ടുണ്ട്. പലരും വസ്തുതകളെ തമസ്കരിക്കുകയും വക്രീകരിക്കുകയും ചെയ്യുമ്പോൾ സത്യം വിളിച്ചുപറയണമെന്നാണ് പിതാവിന്റെ അഭിപ്രായം. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും ബാലഭവനുകളും ഭിന്നശേഷി വിദ്യാലയങ്ങളും അനാഥാലയങ്ങളും കെയർഹോമുകളും ഇല്ലായിരുന്നുവെങ്കിൽ, സമൂഹത്തിൽ പടരുമായിരുന്ന അന്ധകാരം അദ്ദേഹം തന്റെ പ്രസംഗങ്ങളിൽ വിവരിക്കാറുണ്ട്.

മനഃശാസ്ത്രം പഠനവിഷയമായിരുന്നതുകൊണ്ട്, മാനസികാരോഗ്യവും അതിന്റെ പാലനവും പിതാവിന്റെ ഇഷ്ടവിഷയങ്ങളാണ്. മാനസികാരോഗ്യം കൈവരിക്കാൻ കുട്ടിക്കാലത്തുതന്നെ പരിശീലനം നൽകണമെന്നും ജീവിതത്തിലെ വെല്ലുവിളികളെ നേരിടാൻ കുഞ്ഞുങ്ങൾക്കു പ്രായോഗികപരിശീലനം നൽകണമെന്നും പിതാവ് അഭിപ്രായപ്പെടുന്നു.

പിതാവ് മുൻഗണന നൽകുന്ന മറ്റൊരു മേഖലയാണ് അല്മായ ശക്തീകരണം. കത്തോലിക്കാ കോൺഗ്രസ്പോലെയുള്ള അല്മായസംഘടനകളിൽ പ്രവർത്തിച്ച് നമ്മുടെ അല്മായർ സഭയുടെ വക്താക്കളും കാവലാളുകളുമായി മാറണമെന്ന് പിതാവ് ആഗ്രഹിക്കുന്നു. അല്മായസംഘടനാപ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകാനും അവരെ ചേർത്തുനിർത്താനും പിതാവ് ബദ്ധശ്രദ്ധനാണ്. അല്മായ നേതാക്കൾക്കു തറയിൽപിതാവ് നൽകുന്ന സ്നേഹവും ബഹുമാനവും അവർ മനസ്സിലാക്കിയിട്ടുണ്ടെന്നു ഞാൻ തിരിച്ചറിയുന്നു. പുതിയ കാലഘട്ടം പുതിയ പ്രവർത്തനശൈലി ആവശ്യപ്പെടുന്നുവെന്ന് പ്രവർത്തകരെ ഓർമിപ്പിക്കാൻ അദ്ദേഹം മടിക്കാറുമില്ല.

ഒറ്റപ്പെട്ടുനിൽക്കേണ്ട ഒരു സഭയല്ല സീറോമലബാർസഭ. എപ്പിസ്കോപ്പൽ സഭകളുമായിട്ടുള്ള ബന്ധവും പാരസ്പര്യവും നമ്മുടെ നിലനില്പിന് അത്യന്താപേക്ഷിതമാണ്. തന്റെ മെത്രാൻ സ്ഥാനലബ്ധിക്കുശേഷം തറയിൽപിതാവ് ഇതരസഭകളുമായിട്ടുള്ള ബന്ധം സൂക്ഷിക്കുന്നതിലും വളർത്തുന്നതിലും സവിശേഷമായ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഇതിനോടകംതന്നെ വിവിധ എപ്പിസ്കോപ്പൽ സഭകളിലെ സ്ഥിരം ക്ഷണിതാവായി അദ്ദേഹം മാറിയിട്ടുണ്ട്. അദ്ദേഹത്തെ കേൾക്കുവാൻ അവർ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ അവർ താത്പര്യപൂർവം സ്വീകരിക്കുകയും ചെയ്യുന്നു.

മാർ തോമസ് തറയിലിന്റെ സ്ഥാനാരോഹണത്തെ ഏറെ പ്രതീക്ഷയോടെയാണ് ചങ്ങനാശ്ശേരി അതിരൂപതയും സീറോമലബാർസഭയും കാണുന്നത്. മുമ്പിലുള്ള വെല്ലുവിളികളെ കർമശേഷികൊണ്ടും ദൈവാശ്രയത്വം കൊണ്ടും നേരിടാൻ അദ്ദേഹത്തിനു സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഒരു പ്രാർഥനയോടെ ഈ കുറിപ്പ് അവസാനിപ്പിക്കാം: ‘അങ്ങയുടെ സഹായത്താൽ അവന്റെ മഹത്ത്വം വർധിച്ചു’ (സങ്കീർ. 21:5) ദൈവത്തിന്റെ സഹായത്താൽ തറയിൽപിതാവിന്റെയും മഹത്ത്വം വർദ്ധിക്കട്ടേയെന്നു പ്രാർഥിക്കുന്നു.

# മുനമ്പത്തെ വഖഫ് സുനാമി!



ഫാ. ജോഷി മയ്യാറ്റിൽ

മുനമ്പം കടപ്പുറത്ത് തിരമാലകൾ തലതല്ലിക്കരയുകയാണ്. വിലാപങ്ങളാണ് അവിടെ അലയടിക്കുന്നത്. ഒപ്പം, കേരളത്തിന്റെ പൊതുമനസ്സിലും സങ്കടക്കടലിന്റെ ഇരമ്പിക്കേറ്റം നടക്കുന്നു. കൂടുതൽ അറിയുന്തോറും മതേതരമനസ്സുകളിൽ രോഷവും പ്രതിഷേധവും അസ്വസ്ഥതയും തിരമാലപോലെ ഉയരുകയാണ്.

**എന്താണ് ചെറായി മുനമ്പം നിവാസികളുടെ പ്രശ്നം?**

മൂന്നും നാലും തലമുറകളായി കക്ക വാരിയും മത്സ്യബന്ധനം നടത്തിയും ഉപജീവനം നടത്തുന്നവരാണ് മുനമ്പം കടപ്പുറത്തുള്ളത്. തീരെ സൗകര്യങ്ങളില്ലാതിരുന്ന കാലത്ത്, ഒറ്റപ്പെട്ട ദ്വീപായിരുന്നപ്പോൾ ഏറെ കഷ്ടപ്പെട്ടു താമസിച്ചിരുന്നവരാണ് അവർ. 1902 ൽ തിരുവിതാംകൂറിലെ ആയില്യം തിരുനാൾ രാജാവ് 404 ഏക്കർ വരുന്ന ആ സ്ഥലം കൃഷി ചെയ്യുന്നതിനായി സത്താർ ഹാജിയാർക്കു പാട്ടത്തിനു നല്കി. പിന്നീട് അദ്ദേഹത്തിന്റെ പക്കൽനിന്ന് പാട്ടാവകാശം അനന്തരവനായ സിദ്ദിഖ് സേട്ടിന്റെ പക്കലെത്തി. താമസമോ ഉടമസ്ഥാവകാശമോ ഇല്ലാതിരുന്നിട്ടും അദ്ദേഹം 1950 ൽ അത് കോഴിക്കോട് ഫാറൂഖ് കോളജിനു സമ്മാനിച്ചു. കോളജിന് ക്രയവിക്രയ സർവസ്വാതന്ത്ര്യത്തോടെയാണ് അത് അദ്ദേഹം എഴുതിക്കൊടുത്തത്. മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസോന്നമനത്തിനു വിനിയോഗിച്ചില്ലെങ്കിൽ അതു തന്റെ പിൻഗാമികളിലേക്കു തിരികെയെത്തണമെന്നും അദ്ദേഹം ഗിഫ്റ്റ് ഡീഡിൽ എഴുതിവച്ചു. വഖഫ് എന്ന ആശയത്തിനുതന്നെ കടകവിരുദ്ധമാണ് ഈ രണ്ടു ക്ലോസുകളുമെങ്കിലും, വഖഫ് ആധാരമെന്നും വഖഫായി നല്കുന്നുവെന്നുമുള്ള രണ്ടു പരാമർശങ്ങൾ ആ ആധാരത്തിൽ കാണാം. പിന്നീട് ഫാറൂഖ് കോളജിന് ടിടിസി കോളജു പണിയേണ്ടി വന്നപ്പോൾ പണം സമ്പാദിക്കാനായി മുനമ്പം ബീച്ചിലെ സ്ഥലം പരിസരവാസികൾക്കു വില്ക്കാൻ 1988 ൽ മാനേജുമെന്റ് തീരുമാനിച്ചു. 1989 മുതൽ പരിസരവാസികൾ വലിയ തുക നല്കി സ്ഥലം വാങ്ങി പട്ടയം സ്വന്തമാക്കി കരമടച്ച് ഉപയോഗിച്ചുവരുകയാണ്. 2022 ൽ അവരിൽ ഒരാൾ കരം അടയ്ക്കാൻ ചെന്നപ്പോൾ വില്ലേജ് ഓഫീസിൽനിന്ന് അറിയുന്നു, കരം അടയ്ക്കാൻ സാധ്യമല്ല; കാരണം, ഈ സ്ഥലം അവരുടേതല്ല, വഖഫ്സ്വത്തായി വഖഫ്ബോർഡിന്റെ രജിസ്റ്ററിൽ ചേർക്കപ്പെട്ടുകഴിഞ്ഞതാണത്രേ!

അങ്ങനെ കഴിഞ്ഞ രണ്ടു വർഷമായി 114 ഏക്കർ വരുന്ന ഈ സ്ഥലത്തു താമസിക്കുന്ന നാനൂറ്റമ്പതോളം കുടുംബങ്ങൾ നിശ്ചലരായിപ്പോയ അവസ്ഥയിലാണ്. റവന്യൂ അവകാശങ്ങളെല്ലാം അവർക്കു നഷ്ടപ്പെട്ടിരിക്കുന്നു. അവരുടെ മക്കളുടെ വിദ്യാഭ്യാസവും വിവാഹവും വിദേശജോലിസാധ്യതയുമെല്ലാം മുടങ്ങിപ്പോയ അവസ്ഥയിലാണ്. പറമ്പു പണയം വച്ച് കാര്യങ്ങൾ നടത്തിയിരുന്ന അവർക്ക് ഇന്ന് അതിനു കഴിയാതായി. സ്വകാര്യപണമിടപാടുകാർ അവരെ കടക്കെണിയിലാഴ്ത്തിയിരിക്കുന്നു. ജീവിതം വഴിമുട്ടിപ്പോയ അവസ്ഥയിലാണവർ.

**എന്താണ് ഇതിനു കാരണം?**

വ്യക്തത ഒട്ടുമേയില്ലാതിരിക്കത്തക്കവിധം 1995 ൽ പാർലമെന്റ് നിർമിച്ച വഖഫ് നിയമം ഉപയോഗിച്ച് കേരള വഖഫ് ബോർഡ് നടത്തിയ അധിനിവേശമാണു കാരണം. വഖഫ് പ്രോപ്പർട്ടികൾ അന്യാധീനപ്പെടാതെ കാത്തുസൂക്ഷിക്കാനും ശരിയായ രീതിയിൽ ഉപയോഗിക്കാനും സഹായകമായ ഒരു സംവിധാനത്തിന്റെ പേരാണ് വഖഫ് ബോർഡ്. 1923 ലെ മുസൽമാൻ ആക്ടിലൂടെ വഖഫ് പ്രവർത്തനങ്ങൾ ഏകോപിതമായി നടക്കുന്നുണ്ടായിരുന്നു. 1954 ൽ നെഹ്റു ആണ് വഖഫ് ബോർഡുകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കാനുള്ള ഒരു സെൻട്രൽ വഖഫ് കൗൺസിൽ സ്ഥാപിച്ചത്. 1996 മേയ് 16-ാം തീയതി നരസിംഹറാവു പ്രധാനമന്ത്രിക്കസേരയിൽനിന്ന് ഇറങ്ങിപ്പോകുന്നതിനു വെറും അഞ്ചു മാസംമുമ്പ്, കൃത്യമായിപ്പറഞ്ഞാൽ 1995 നവംബർ 22 ന്, വഖഫ് ആക്ട് നിയമനിർമാണം നടത്തി വഖഫ് ബോർഡിന് അമിതാധികാരങ്ങൾ സമ്മാനിച്ചു. ഏതെങ്കിലും ഒരു പൊതുസ്ഥലമോ പൊതുവസ്തുവോ ഉപയോഗിക്കുന്നയാൾ അതു വഖഫായി നേർന്നാൽ അതുപോലും വഖഫ് പ്രോപ്പർട്ടിയായി പരിഗണിക്കുന്ന നിർവചനം ആക്ടിലെ മൂന്നാം വകുപ്പിന്റെ r(i) ഉപവകുപ്പായി കാണാം!

ഒരു വസ്തു വഖഫ് പ്രോപ്പർട്ടിയാണോ എന്നു നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിരിക്കുന്ന 40-ാം വകുപ്പ് അങ്ങേയറ്റം അപകടകാരിയാണ്. അതിലെ ഒന്നാം ഉപവകുപ്പ് ഇങ്ങനെയാണ്: "ഒരു വസ്തു വഖഫ്സ്വത്താണെന്നു വിശ്വസിക്കാൻ കാരണമുള്ള പക്ഷം യുക്തമെന്നു ബോർഡിനു തോന്നുന്ന വിവരങ്ങൾ ബോർഡിനു സ്വയം ശേഖരിക്കാം; ഒരു പ്രത്യേകസ്വത്ത് വഖഫ് സ്വത്താണോ അല്ലയോ, അല്ലെങ്കിൽ ഒരു വഖഫ് സുന്നി വഖഫാണോ ഷിയാ വഖഫാണോ എന്നൊക്കെയുള്ള എന്തെങ്കിലും ചോദ്യം ഉയർന്നാൽ, ഉചിതമെന്നു ബോർഡിനു തോന്നുന്ന അന്വേഷണം നടത്തിയതിനുശേഷം അതിന് ഇഷ്ടമുള്ള തീരുമാനമെടുക്കാം."

**വകുപ്പ് 40/1 ൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ**

1. ബോർഡിന് ഒരു വസ്തു വഖഫാണെന്നു വിശ്വസിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് ഈ സെക്ഷനിൽ കൃത്യമായി പറയുന്നില്ല. ബോർഡംഗങ്ങളുടെ ഔചിത്യബോധമനുസരിച്ച് എന്തും തീരുമാനിക്കാവുന്ന അവസ്ഥയല്ലേ ഇത് ഉളവാക്കുന്നത്? മുനമ്പത്തെ ഭൂമിയെക്കുറിച്ചുള്ള ഡീഡിലെ രണ്ടു വഖഫ് പ്രയോഗങ്ങൾമാത്രമാണ് വഖഫ് ബോർഡ് പരിഗണിച്ചത്. അതിനകത്തെ വഖഫ് വിരുദ്ധ ക്ലോസുകൾ അവഗണിക്കുകയും ചെയ്തു! ഇന്ത്യയിൽ പലയിടങ്ങളിലും യാതൊരു രേഖകളും കൈവശമില്ലാതെ, പല പ്രോപ്പർട്ടിയിലും വഖഫ് ബോർഡ് അവകാശവാദമുന്നയിച്ചിട്ടുള്ളത് ഈ ക്ലോസിന്റെ പിൻബലത്തിലാണ്.

2. വസ്തുവിനെക്കുറിച്ചു വിവരം ശേഖരിക്കണം എന്നു പറയുന്നിടത്ത് എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കേണ്ടത് എന്നു നിയമം വ്യക്തമാക്കുന്നില്ല. ബോർഡംഗങ്ങളുടെ ഔചിത്യത്തിന് ഇക്കാര്യങ്ങൾ വിടുകയെന്നാൽ അതിന്റെയർഥം, അനീതിക്കുള്ള




വാതിൽ മലർക്കേ തുറന്നിടുക എന്നല്ലേ? ഉദാഹരണത്തിന്, സിദ്ദിഖ് സേട്ട് ഫാറൂഖ് കോളജിന് എഴുതിക്കൊടുത്ത ഭൂമി അങ്ങനെ കൈമാറാനുള്ള അധികാരം അദ്ദേഹത്തിനുണ്ടായിരുന്നോ എന്ന വിവരം വഖഫ് ശേഖരിക്കേണ്ടിയിരുന്നില്ലേ? പണ്ടാരവക പാട്ടഭൂമി കൈമാറ്റം ചെയ്യാൻ കഴിഞ്ഞതെങ്ങനെ എന്നതും ഈ ഭൂമിയുടെ പട്ടയം ആദ്യമായി തയ്യാറാക്കിയത് 1951 ൽ ഫാറൂഖ് കോളജ് ആയിരുന്നു എന്ന വസ്തുതയും പരിഗണിക്കേണ്ടതായിരുന്നില്ലേ? ക്രയവിക്രയം ചെയ്യാൻ ഡീഡിലുള്ള അനുമതിപ്രകാരം വസ്തു വിറ്റതിന്റെ പണമുപയോഗിച്ച് ഫാറൂഖ് കോളജു പണിത ടിടിസി കോളജിന്റെ മേലായിരുന്നില്ലേ, പണം കൊടുത്ത് അതു സ്വന്തമാക്കിയവരുടെ മേലല്ലേ, വഖഫ് ബോർഡ് അവകാശവാദം ഉന്നയിക്കേണ്ടിയിരുന്നത്?!

3. തികച്ചും ഏകപക്ഷീയമായ, വ്യക്തികളെയും കുടുംബങ്ങളെയും പരിഗണിക്കാത്ത, ഒരു നിയമമാണിത്. വഖഫ് അവകാശവാദം ഉന്നയിക്കപ്പെടുന്ന സ്ഥലത്തെ വ്യക്തികൾക്ക് നോട്ടീസ് കൊടുക്കേണ്ടതാണെന്ന് 40/1 ൽ പറയുന്നില്ല. എന്നാൽ, ട്രസ്റ്റോ സൊസൈറ്റിയോ ആണെങ്കിൽ നോട്ടീസു നല്കണമെന്ന് 40/3 ൽ വ്യക്തമാക്കുന്നുണ്ട്. ഈ നിയമസവിശേഷതകൾമൂലമാണ് വഖഫ് ബോർഡിന്റെ നടപടികൾ മുനമ്പംകാർ അറിയാതെപോയതും ഫാറൂഖ് കോളജ് മാത്രം അറിഞ്ഞതും!

4. സാർവത്രിക മനുഷ്യാവകാശങ്ങളുടെ (Universal Declaration of Human Rights) ആർട്ടിക്കിൾ 10 പ്രകാരമുള്ള രണ്ട് മനുഷ്യാവകാശങ്ങൾ വഖഫ് ബോർഡിന്റെ മുനമ്പം ഭൂമി പിടിച്ചെടുക്കലിലൂടെ ലംഘിക്കപ്പെട്ടിരിക്കുന്നു: a) ഒരു വ്യക്തിയെ പ്രതികൂലമായി ബാധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിനു മുമ്പായി അയാൾക്കു പറയാനുള്ളത് പറയാനും അതു കേൾക്കപ്പെടാനും ഉള്ള അവകാശമുണ്ട്. ഇവിടെ അത് നിഷേധിക്കപ്പെട്ടു; b. രണ്ടുപേർ തമ്മിലുള്ള തർക്കത്തിൽ അതിലൊരാൾ ന്യായാധിപൻ ആകാൻ പാടില്ല. ഇവിടെ വഖഫ് ബോർഡും ജനങ്ങളും തമ്മിലുള്ള ഒരു തർക്കവിഷയത്തിൽ ബോർഡ് തന്നെ സ്വയം വിധി പ്രഖ്യാപിക്കുന്നു! One should not sit in his own judgment എന്ന തത്ത്വവും ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നു.

**83-ാം വകുപ്പിലെ മതേതരത്വവിരുദ്ധത**

1995 ലെ വഖഫ് ആക്ടിലെ 83-ാം വകുപ്പിലൂടെ സർക്കാർ വഖഫ് വസ്തുവകകൾ സംരക്ഷിക്കുക എന്ന താത്പര്യം പ്രകടമായുള്ള ഒരു വഖഫ് ട്രിബ്യൂണലിന് ആരംഭംകുറിച്ചു. വഖഫ് ബോർഡിന്റെ നടപടികളെക്കുറിച്ച് ആക്ഷേപമുള്ളയാൾ സമീപിക്കേണ്ടത് സിവിൽ കോടതിയെയല്ല; വഖഫ് ട്രിബ്യൂണലിനെയാണ്.

വഖഫ് ആക്ട് 1995 ലെ സെക്ഷൻ 83/5 പ്രകാരം വഖഫ് ട്രിബ്യൂണലിന് ഒരു സിവിൽകോടതിയുടെ അധികാരം നല്കിയിട്ടുണ്ട്. പക്ഷേ, ഇതിന് ഒരു ക്വാസി-ജുഡീഷ്യൽ സ്വഭാവമാണ് ഉള്ളത്. അതായത്, കോടതിയുടെ പൊതുസ്വഭാവത്തിൽനിന്ന് അതു വ്യത്യസ്തമാണ്. പൊതുനിയമം അതിനു ബാധകമല്ല, അതിന്റെ സാറ്റ്യൂട്ട്സ് മാത്രമാണ് ബാധകം. കോൺഗ്രസ് സർക്കാർ ഉണ്ടാക്കിയ വഖഫ് ആക്ട് ഇപ്പോൾ വൻദുരന്തങ്ങൾ സൃഷ്ടിക്കുന്നതിന്റെ കാരണവും ആ സാറ്റ്യൂട്ട്സ്തന്നെയാണ്. മണ്ണധിനിവേശം (land grabbing) മനസ്സിൽക്കണ്ട് അതിബുദ്ധിമാന്മാരായ നിയമവിദഗ്ധരെക്കൊണ്ട് അതിവിദഗ്ധമായി തയ്യാറാക്കിയതാണ് വഖഫ് ആക്ട്. സാക്ഷാൽ ചെന്നായ് ആയിരിക്കുകയും വേണം, കുഞ്ഞാടെന്നു തോന്നിപ്പിക്കുകയും വേണം!

വഖഫ് ട്രിബ്യൂണലിന്റെ ഉത്തരവ് ഒരു സിവിൽ കോടതിയുടെ ഡിക്രിക്കു തുല്യമായിരിക്കും (83/7). എന്നാൽ, അതിന്റെ വിധി അതിനു സ്വയം നടപ്പിലാക്കാനാവില്ല; അതു ചെയ്യേണ്ടത് സിവിൽ കോടതിയാണ് (83/8). കാരണം, ക്വാസി - ജുഡീഷ്യൽ ബോഡിയായ ട്രിബ്യൂണൽ യഥാർഥ കോടതിയല്ല എന്നതുതന്നെ. എന്നാൽ, വഖഫ് ട്രിബ്യൂണലിന്റെ തീരുമാനത്തിന് എതിരേ അപ്പീലുകൾ നിലനില്ക്കില്ല (83/9). ഹൈക്കോടതിക്കുപോലും ട്രിബ്യൂണലിന്റെ വിധിക്കെതിരേ പരിമിതമായ അധികാരങ്ങളാണ് ഉള്ളത്.

**സിവിൽ കോടതിയും വഖഫ് ട്രിബ്യൂണലും തമ്മിലുള്ള അന്തരം**

സിവിൽ കോടതിയിൽ തീരുമാനങ്ങളെടുക്കുന്നത് സിവിൽ പ്രൊസീജിയർ കോഡിനെ ആശ്രയിച്ചാണെങ്കിൽ വഖഫ് ട്രിബ്യൂണലിൽ അങ്ങനെയല്ല. ഇന്ത്യൻ എവിഡൻസ് ആക്ടും വഖഫ് ബോർഡിനു ബാധകമല്ല! സിവിൽ കോടതി ആയിരുന്നെങ്കിൽ വാദം തെളിയിക്കാനുള്ള ബാധ്യത (burden of proof) ഉണ്ടാകുമായിരുന്നത് ക്ലെയിം ഉന്നയിച്ച ആൾക്കാണ്;

(ശേഷം 10-ാം പേജിൽ)

# പാലായുടെ പത്മശ്രീ

**തികഞ്ഞ ഭാഷാസ്നേഹിയും മലയാളത്തിലെ ബാലസാഹിത്യശാഖയുടെ പിതാവുമായ പത്മശ്രീ മാത്യു എം. കുഴിവേലി അന്തരിച്ചിട്ട് ഒക്ടോബർ 27 ന് അരനൂറ്റാണ്ട്.**




ഡോ. സിറിയക് തോമസ്

**പാ**ലായുടെ ആധ്യാത്മിക-രാഷ്ട്രീയ-കാർഷിക- വാണിജ്യ പാരമ്പര്യങ്ങളെക്കാൾ ഒട്ടുംതന്നെ പിന്നിലല്ലല്ലോ ഈ പ്രദേശത്തിന്റെ സാഹിത്യ-സാംസ്കാരിക പൈതൃകവും. മലയാളസാഹിത്യത്തിൽ വഞ്ചിപ്പാട്ടുണ്ടാക്കിയത് രാമപുരത്തു വാര്യരാണെങ്കിൽ മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യഗ്രന്ഥം-വർത്തമാനപ്പുസ്തകം - രചിച്ചത് പാറേമ്മാക്കലച്ചനാണല്ലോ. അദ്ദേഹം സുറിയാനിസഭയുടെ ഗോവർണദോറുമായിരുന്നു.

പിൽക്കാലത്ത്, മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയും മഹാകവി പാലാ നാരായണൻനായരും മഹാകവി പ്രവിത്താനം പി.എം. ദേവസ്യയും ലളിതാംബിക അന്തർജനവും സിസ്റ്റർ മേരി ബനീഞ്ഞായും മലയാള സാഹിത്യപ്പന്തലിലെ മുൻനിരക്കാരായെങ്കിൽ അവരെ തുടർന്നുവന്നവരും ഒട്ടും മോശക്കാരായിരുന്നില്ലല്ലോ. വെട്ടൂർ രാമൻനായരും സക്കറിയയും ഏഴാച്ചേരി രാമചന്ദ്രനുമൊക്കെ പുതിയ കാലത്തിന്റെ സാഹിത്യപ്രതിഭകളാണ്. എന്നാൽ, ഇവർക്കെല്ലാമിടയിൽ ഒരു കുത്തബ് മീനാർപോലെ ഉയർന്നുനില്ക്കുന്ന സമാനതകളില്ലാത്ത ഒരു മഹാപണ്ഡിതനാണ് പത്മശ്രീ മാത്യു എം. കുഴിവേലി. ഭാഷാവിജ്ഞാനീയശാഖയോടായിരുന്നു കുഴിവേലിയുടെ പഥ്യം. അധ്യാപകനായിരുന്നു അദ്ദേഹം. ഭാഷാപഠനത്തിന്റെ മഹോപാധ്യായനും. പാലാ സെന്റ് തോമസ് ടീച്ചേഴ്സ് ട്രെയിനിങ് സ്കൂളിന്റെ ആദ്യത്തെ പ്രധാനാധ്യാപകനും കുഴിവേലിസാറായിരുന്നു. മലയാളത്തിലെ പ്രഥമ ഭാഷാവിജ്ഞാനകോശം തയ്യാറാക്കിയതിന്റെ ക്രെഡിറ്റും കുഴിവേലിക്കുതന്നെ. 1973 ൽ രാഷ്ട്രം അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചു.

1905 ഏപ്രിൽ 20 നായിരുന്നു ജനനം. പാലാ ളാലം പഴയപള്ളിയുടെ സ്ഥാപകകുടുംബങ്ങളിലൊന്നായിരുന്നു കുഴിവേലിൽ. മത്തായി കുഴിവേലിലും മറിയവുമായിരുന്നു മാതാപിതാക്കൾ. പാലാ സെന്റ് തോമസ് സ്കൂളിലും ചങ്ങനാശ്ശേരി എസ്.ബി. കോളജിലും പഠിച്ചശേഷം പാളയംകോട്ട സെന്റ് ജോസഫ്സ് കോളജിൽനിന്ന് എൽ.റ്റി. ബിരുദമെടുത്തു. തുടർന്ന്, പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ അധ്യാപകനായി. പിന്നീട്, അവിടെത്തന്നെ സെന്റ് തോമസ് ട്രെയിനിങ് സ്കൂളിന്റെ ഹെഡ്മാസ്റ്ററുമായി. അക്കാലത്ത്, പാലായിൽനിന്ന് സ്കൂൾ മാസ്റ്റർ എന്നപേരിൽ ഒരു മാസികയും അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു. കട്ടക്കയത്തിൽ ചെറിയാൻമാപ്പിള ആയിരുന്നു പ്രധാന സഹായി. നിലവാരമുള്ള ഒരു പ്രസിദ്ധീകരണമായിരുന്നു സ്കൂൾ മാസ്റ്റർ.

പിൽക്കാലത്ത്, തിരുവിതാംകൂർ യൂണിവേഴ്സിറ്റി സ്ഥാപിതമായപ്പോൾ മാത്യു എം. കുഴിവേലി



അവിടെ പബ്ലിക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ ചുമതലക്കാരനായി. പകരം, ട്രെയിനിങ് സ്കൂൾ ഹെഡ്മാസ്റ്റർപദവിയിൽ വന്നത്, പിന്നീട് പാലാ രൂപതയുടെ പ്രഥമമെത്രാനായിത്തീർന്ന മാണിക്കുട്ടിയച്ചൻ എന്ന ഫാദർ സെബാസ്റ്റ്യൻ വയലിൽ ആയിരുന്നു.

മലയാളത്തിലെ ബാലസാഹിത്യശാഖയുടെ പിതാവും കുഴിവേലിസാറായിരുന്നുവെന്നു പറയാം. ബാലൻ പ്രസിദ്ധീകരണങ്ങൾ എന്ന ബാനറിലാണ് അദ്ദേഹം കുട്ടികൾക്കായി പഞ്ചതന്ത്രകഥകളും ഈസോപ്പു കഥകളും യവനകഥകളും അറബിക്കഥകളുമൊക്കെ പ്രസിദ്ധീകരിച്ചത്. അക്കാലത്ത് അതു വളരെ സാഹസികമായ ഒരു സംരംഭംതന്നെയായിരുന്നു. അദ്ദേഹത്തിന്റെ ബാലനായിരുന്ന മകൻ ബാലന്റെ (പിൽക്കാലത്ത് ഡോ. ബാലൻ കുഴിവേലി) പേരാണ് മാത്യുസാർ തന്റെ ബാലസാഹിത്യപ്രസിദ്ധീകരണ സംരംഭത്തിനു നൽകിയത്. അങ്കമാലി പാറയ്ക്കൽ അന്നമ്മ ആയിരുന്നു കുഴിവേലിസാറിന്റെ പത്നി. നാല് ആൺകുട്ടികളും അഞ്ചു പെൺകുട്ടികളുമായിരുന്നു മക്കൾ.

കാഴ്ചയിൽ അതിസുഭഗനായിരുന്നു മാത്യു എം. കുഴിവേലി. ചുവപ്പുകലർന്ന വെളുപ്പുനിറം. നല്ല പൊക്കം. എപ്പോഴും ശുദ്ധശുഭ്രവസ്ത്രധാരി. മുണ്ടും ജുബ്ബയും കഴുത്തു ചുറ്റി ഇടുന്ന കവണിയുമായിരുന്നു കുഴിവേലി മാത്യുസാറിന്റെ ഡ്രസ്കോഡ്. വലിയ അഭിമാനിയായിരുന്നു. നീണ്ടുനിവർന്നു പ്രൗഢമായ നില്പും ആത്മവിശ്വാസത്തോടെയുള്ള നടപ്പും വാക്കും സംസാരവും.

ഭാഷയോടുള്ള ഭക്തിയും ആരാധനയുമായിരുന്നു കുഴിവേലി മാത്യുസാറിന്റെ ജീവവായു. സർവകലാശാലയിൽ ജോലിയിലിരിക്കേ അധികാരികളോട് അനുവാദം ചോദിക്കാതെ സ്വന്തനിലയിൽ ഭാഷാവിജ്ഞാനകോശം പ്രസിദ്ധീകരിക്കുവാൻ തയ്യാറായതിന്റെ പേരിൽ അദ്ദേഹത്തിനെതിരേ ശിക്ഷണനടപടിക്കുപോലും ശ്രമമുണ്ടായി. വിജ്ഞാനകോശത്തിന്റെ ആദ്യവാല്യം പ്രസിദ്ധീകരിക്കുന്നതിനുള്ള സാമ്പത്തികഭാരം അദ്ദേഹത്തിനു താങ്ങാവുന്നതിനുമപ്പുറമായിരുന്നു. ഒടുവിൽ താൻതന്നെ ഡ്രൈവ് ചെയ്തു പൊന്നുപോലെ കൊണ്ടുനടന്നിരുന്ന ഇഷ്ടവാഹനമായിരുന്ന മോറീസ് മൈനർ കാർ വിറ്റിട്ടാണ് വിജ്ഞാനകോശത്തിന്റെ ആദ്യവാല്യം അച്ചടിക്കാനുള്ള പണം കണ്ടെത്തിയതെന്നറിയുമ്പോഴാണ് മലയാളത്തിലെ ആദ്യ വിജ്ഞാനകോശപ്രസാധകന്റെ ഭാഷാസ്നേഹത്തിന്റെ ആഴമറിയുന്നത്. 1956 ൽ കവടിയാർ കൊട്ടാരത്തിൽ അമ്മ മഹാറാണിയുടെയും മകൾ കാർത്തികതിരുനാളിന്റെയും കേണൽ ഗോദവർമ രാജായുടെയും സാന്നിധ്യത്തിൽ അന്ന് തിരു-കൊച്ചി രാജപ്രമുഖനായിരുന്ന ശ്രീചിത്തിരതിരുനാൾ മഹാരാജാവാണ് വിജ്ഞാനകോശത്തിന്റെ പ്രഥമവാല്യം ഔപചാരികമായി പ്രകാശിപ്പിച്ചത്.

തിരുവനന്തപുരത്തായിരിക്കേ 'ട്രിവാൻഡ്രം ലെറ്റേഴ്സ്' എന്ന പേരിൽ ഒരു ഇംഗ്ലീഷ്മാസികയും 'കുഴിവേലി പത്രിക' എന്നൊരു മലയാളപ്രസിദ്ധീകരണവും മുടങ്ങാതെ നടത്തിപ്പോന്നിരുന്നു. മാത്യു എം. കുഴിവേലിയുടെ ഭാഷാവിജ്ഞാനകോശപ്രസിദ്ധീകരണപരിശ്രമങ്ങളെ 'ഭഗീരഥപ്രയത്നം' എന്നാണ് പ്രൊഫ. സുകുമാർ അഴീക്കോട് പ്രകീർത്തിച്ചത്. അതിനെതിരേ സർവകലാശാലാധികൃതർ നടത്തിയ തടസ്സശ്രമങ്ങളെ അഴീക്കോടു കണക്കിനു പരിഹസിക്കുകയും ചെയ്തു. ഏഴു വാല്യങ്ങൾ കുഴിവേലിസാർ പൂർത്തിയാക്കി. പതിനായിരത്തോളം പേജുകൾ. തനിക്ക് ആ വകയിൽ ഉണ്ടായ ഭീമമായ സാമ്പത്തികബാധ്യതകൾപോലും കുഴിവേലിസാറിനെ ലക്ഷ്യത്തിൽനിന്നു പിന്തിരിപ്പിച്ചില്ല. ഒരർഥത്തിൽപ്പറഞ്ഞാൽ, അത് ഒരു ഒറ്റയാൾയജ്ഞമായിരുന്നു.

1972 ൽ അന്നത്തെ രാഷ്ട്രപതി വി.വി. ഗിരി തിരുവനന്തപുരത്തെത്തി ഭാഷാവിജ്ഞാനകോശത്തിന്റെ ബാക്കി വാല്യങ്ങൾ ഔപചാരികമായി പ്രകാശിപ്പിച്ചു. ഗവർണർ വി. വിശ്വനാഥൻ അധ്യക്ഷനായി. രണ്ടുപേരും കുഴിവേലി സാറിനുമേൽ പ്രശംസാവാക്കുകൾകൊണ്ടു ധാരകോരി. പിറ്റേവർഷം, രാഷ്ട്രം മാത്യു എം. കുഴിവേലിയെ പത്മശ്രീ നൽകി ആദരിക്കുകയും ചെയ്തു. അപ്പോഴും വിജ്ഞാനകോശത്തിന്റെ എട്ടാം വാല്യത്തിന്റെ പണിപ്പുരയിലായിരുന്നു സാത്വികനായിരുന്ന ആ ഭാഷാഭക്തൻ.

നിർഭാഗ്യവശാൽ അവസാനവാല്യം പൂർത്തിയാക്കുംമുമ്പ് 1974 ഒക്ടോബർ 27 ന് അദ്ദേഹം കാലത്തെ കടന്നുപോയി. പാലാ നഗരസഭ മുനിസിപ്പൽ ലൈബ്രറി, പത്മശ്രീ മാത്യു എം. കുഴിവേലി സ്മാരക ലൈബ്രറി എന്നു നാമകരണംചെയ്താണ് ജന്മനഗരത്തിന്റെ ആദരവു പ്രകടമാക്കിയത്. മാത്യു എം. കുഴിവേലിസാറിന് അദ്ദേഹത്തിന്റെ കർമക്ഷേത്രമായ തിരുവനന്തപുരത്ത് ഉചിതമായ ഒരു സ്മാരകം ഉയരേണ്ടിയിരിക്കുന്നു.

■



ഫാ. തോമസ് തയ്യിൽ



ഡോ. ടി.സി. തങ്കച്ചൻ

സീറോമലബാർസഭയുടെ സഭൈക്യത്തിനുവേണ്ടിയുള്ള കമ്മീഷന്റെ സെക്രട്ടറിയായി നിയമിതനായ ഫാ. തോമസ് (സിറിൾ) തയ്യിലും, സഭയുടെ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള കമ്മിറ്റിയുടെ സെക്രട്ടറിയായി നിയമിതനായ പ്രഫ. ഡോ. ടി.സി. തങ്കച്ചനും.

പാലാ രൂപത ചോലത്തടം സെന്റ് മേരീസ് ഇടവകവികാരിയായി സേവനം ചെയ്യുന്ന ഫാ. സിറിൾ കൂട്ടിക്കൽ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ ഹിന്ദി അധ്യാപകനും സുറിയാനി ഭാഷയിൽ പ്രാവീണ്യമുള്ള വ്യക്തിയുമാണ്. പാലാ സെന്റ് തോമസ് ടീച്ചേഴ്സ് ട്രെയിനിങ് കോളജ് വൈസ്പ്രിൻസിപ്പലായി സേവനമനുഷ്ഠിക്കുന്ന ഡോ. ടി.സി. തങ്കച്ചൻ മീനച്ചിൽ സെന്റ് ആന്റണീസ് ചർച്ച് ഇടവകാംഗമാണ്.



*സിസ്റ്റർ അനുപ വട്ടങ്കിയിൽ എസ്.എച്ച്. എഴുതിയ 'സത്യാഗ്രഹിയുടെ വഴികൾ' എന്ന പുസ്തകം പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ദീപനാളം ചീഫ് എഡിറ്റർ ഫാദർ കുര്യൻ തടത്തിൽ തിരുഹൃദയസന്ന്യാസിനീ സമൂഹത്തിന്റെ വിദ്യാഭ്യാസകൗൺസിലർ സി. ഡെയ്സി ചൊവ്വേലിക്കുടിക്കു നൽകി പ്രകാശനം ചെയ്യുന്നു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിസ്ബത്ത് കടൂക്കുന്നേൽ, സി. റോസ് എബ്രാഹം, സി. റെയ്സി ജേക്കബ്, സി. ആനി ഗ്രെയ്സ്, സി. മേഴ്സി, ഗ്രന്ഥകർത്രി എന്നിവർ സമീപം.*

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ




നിന്റെ കാൽ വഴുതാൻ അവിടുന്നു സമ്മതിക്കുകയില്ല; നിന്നെ കാക്കുന്നവൻ ഉറക്കം തൂങ്ങുകയില്ല.

സങ്കീർത്തനങ്ങൾ 121 : 3

**എഡിറ്റോറിയൽ**

## ആവർത്തിക്കുന്ന 'തീക്കളി'കൾ

**കാ**സർകോട് നീലേശ്വരത്ത് ക്ഷേത്രോത്സവത്തിനിടെയുണ്ടായ വെടിക്കെട്ടപകടത്തിൽ നടുക്കം വിട്ടുമാറാതെ ഒരു ഗ്രാമംമുഴുവൻ തേങ്ങുകയാണ്. അപകടത്തിൽ പരിക്കേറ്റവരുടെ സംഖ്യ ഇരുന്നൂറിലധികമാണ്. ഇതെഴുതുമ്പോൾ പത്തുപേരുടെ നില അതീവഗുരുതരമാണെന്നും കേൾക്കുന്നു. ശരീരമാസകലമുള്ള പൊള്ളലിനെക്കാൾ ഭീകരമാണ് അവരുടെയും കൂടപ്പിറപ്പുകളുടെയും മനസ്സിനേറ്റ ആഘാതം. ദീപാവലിക്കു രണ്ടുനാൾ മുമ്പേയുണ്ടായ ഈ അപകടം ഉത്സവങ്ങളുടെയും തിരുനാളുകളുടെയും വരവറിയിക്കുന്ന മാസങ്ങളിലേക്കുള്ള ഒരു മുന്നറിയിപ്പായി മാറണം. പൂരങ്ങളെയും പെരുന്നാളുകളെയും പൂർത്തീകരിക്കുന്നത് വെടിക്കെട്ടാചാരമാണെന്ന പരമ്പരാഗതഭക്തിയിൽനിന്നു വിമോചിതരാകാൻ നീലേശ്വരംദുരന്തം തിരിച്ചറിവു നല്കിയിരുന്നെങ്കിലെന്ന് ആശിച്ചുപോകുന്നു.

നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവു ക്ഷേത്രത്തിൽ ഇക്കഴിഞ്ഞ തിങ്കളാഴ്ച (ഒക്ടോബർ 28) കളിയാട്ടത്തിനിടെയാണ് വെടിക്കെട്ടപകടമുണ്ടാകുന്നത്. അർധരാത്രി കുളിച്ചുതോറ്റം ചടങ്ങിനിടെ ചൈനീസ് പടക്കങ്ങൾ പൊട്ടിച്ചപ്പോഴാണ് തൊട്ടടുത്തു പടക്കം സൂക്ഷിച്ചിരുന്ന കെട്ടിടത്തിലേക്കു തീപ്പൊരി വീണ് വലിയ ദുരന്തത്തിനിടയാക്കിയത്. ഇതിനുള്ള അകലം നൂറു മീറ്ററെങ്കിലും വേണമെന്നിരിക്കേ, ഒന്നരമീറ്റർമാത്രമായിരുന്നു ഉണ്ടായിരുന്നത്. പടക്കം സൂക്ഷിച്ച മുറിയോടു ചേർന്ന് വരാന്തയിൽ തെയ്യക്കോലം കാണാൻ സ്ത്രീകളും കുട്ടികളുമടക്കം ജനം തിങ്ങിക്കൂടിയിരുന്നു. മുറിയിൽ വെടിമരുന്നു സൂക്ഷിച്ചിരുന്ന വിവരം അവിടെ കൂടിയിരുന്നവരിൽ പലർക്കും അറിയില്ലായിരുന്നു. വെടിക്കെട്ടിനു തീ കൊടുക്കുമ്പോൾ നൽകേണ്ട മുന്നറിയിപ്പുകളും അവിടെയുണ്ടായില്ല.

വെടിമരുന്നുപോലുള്ളവ കൈകാര്യം ചെയ്യുമ്പോഴുണ്ടാവേണ്ട ജാഗ്രത പാലിക്കുന്നതിൽ സംഘാടകർക്കു വീഴ്ച സംഭവിച്ചതാണ് അപകടത്തിനു പ്രധാന കാരണം. വെടിക്കെട്ടു നടത്തുന്നതിനോ സ്ഫോടകവസ്തു സൂക്ഷിക്കുന്നതിനോ പൊലീസിന്റെയോ അഗ്നിരക്ഷാസേനയുടെയോ അനുമതി വാങ്ങിയിരുന്നില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.

2016 ഒക്ടോബർ 11 നാണ് വെടിക്കെട്ടുനിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ എക്സ്പ്ലോസീവ് ആക്ടിൽ 35 ഭേദഗതികൾ വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചത്. കൊല്ലം പറവൂർ പുറ്റിങ്ങൽക്ഷേത്രത്തിൽ 114 പേരുടെ മരണത്തിനിടയാക്കിയ വെടിക്കെട്ടപകടത്തിന്റെ പശ്ചാത്തലത്തിലായിരുന്നു അന്വേഷണക്കമ്മീഷന്റെ ശിപാർശകൾ പരിഗണിച്ചുള്ള കേന്ദ്രത്തിന്റെ നീക്കം. വെടിക്കെട്ടുസാമഗ്രികൾ സൂക്ഷിക്കുന്ന സ്ഥലവും വെടിക്കെട്ടു നടത്തുന്ന സ്ഥലവും തമ്മിൽ 200 മീറ്റർ അകലം പാലിക്കണമെന്ന നിയന്ത്രണത്തിനെതിരേ വിമർശനമുയർത്തിയവരിൽ സംസ്ഥാനസർക്കാർ മുൻപന്തിയിലുണ്ടായിരുന്നു. വിജ്ഞാപനത്തിലെ ദൂരപരിധി കുറയ്ക്കണമെന്ന കാര്യത്തിലുണ്ടായ ചർച്ചകളിൽ തീരുമാനമുണ്ടായില്ല. തീ കൊളുത്തുന്ന വെടിക്കെട്ടിനുപകരം ഇലക്ട്രിക്കൽ ഇഗ്നിഷൻ സംവിധാനം ഏർപ്പെടുത്തുത്തണം എന്നതടക്കമുള്ള ഒട്ടേറെ മാറ്റങ്ങൾ ശിപാർശ ചെയ്തിരുന്നെങ്കിലും ഒന്നിനും തീരുമാനമാകാതെ ഇഴയുകയാണ്.

1952 ൽ ശബരിമലയിലെ 68 പേരുടെ മരണത്തിനിടയാക്കിയ വെടിക്കെട്ടുദുരന്തം മുതൽ ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ തൃപ്പുണിത്തുറ പുതിയ കാവിൽ വെടിക്കെട്ടുസാമഗ്രികൾ സൂക്ഷിച്ചിടത്തുണ്ടായ സ്ഫോടനം വരെ ക്ഷേത്ര-പള്ളി പരിസരങ്ങളിൽ എത്രയോ പേരുടെ ജീവനാണ് പൊലിഞ്ഞുപോയിട്ടുള്ളത്! അപകടകരമായ വെടിക്കെട്ടുമേളകളുടെ സ്ഥാനത്ത് ഡിജിറ്റൽ ലൈറ്റ് ആൻഡ് സൗണ്ട് ഷോയുടെയും കലാപരിപാടികളുടെയും പുതിയ ട്രെൻഡ് പൊതുവെ സ്വീകാര്യമാണെന്നു തോന്നുന്നു. വെടിക്കെട്ടുകൾ ആചാരപ്രധാനമായ ഭക്തിവികാരങ്ങളിൽ തളയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ടാവാം നിയമ-നീതി സംവിധാനങ്ങളൊക്കെ ഇക്കാര്യത്തിൽ അകലം പാലിച്ചു നിൽക്കുന്നത്. വികാരത്തിനപ്പുറം വിവേകത്തിനു പ്രാധാന്യം കൊടുക്കുന്ന കാഴ്ചപ്പാട് നമ്മുടെ സർക്കാർതലങ്ങളിൽ ശക്തമാകേണ്ടതുണ്ട്. പഴക്കവും പാരമ്പര്യവുമുള്ള ക്രൈസ്തവദൈവാലയങ്ങളിലടക്കം വെടിക്കെട്ടിനു നിരോധനമേർപ്പെടുത്തിക്കൊണ്ടുള്ള സഭാമേലധ്യക്ഷന്മാരുടെ തീരുമാനം ശുഭോദർക്കമാണ്. അത് ആഘോഷാചാരങ്ങൾക്കപ്പുറം മനുഷ്യജീവനോടുള്ള കരുതലിന്റെ ഭാഗമാണെന്ന് പൊതുസമൂഹം വിലയിരുത്തിയാൽ നന്ന്.

# വിശ്വാസികളെ കേൾക്കാനും ഉൾക്കൊള്ളാനും

## ആഗോള മെത്രാൻ സിനഡ് ഒക്ടോബർ 26 ന് സമാപിച്ചു

■ **ടോണി ചിറ്റിലപ്പിള്ളി**

കത്തോലിക്കാസഭയുടെ ഭാവിയെക്കുറിച്ചുള്ള ഫ്രാൻസിസ് മാർപാപ്പായുടെ മൂന്നു വർഷത്തെ കൂടിയാലോചനകളുടെ മെത്രാൻ സിനഡ് ഒക്ടോബർ 26 ന് സമാപിച്ചു. ആധുനികകാലഘട്ടത്തിൽ സഭ നേരിടുന്ന വെല്ലുവിളികൾ വിശദമായി ചർച്ച ചെയ്ത സിനഡ്, ഭാവിസഭയെ രൂപപ്പെടുത്തേണ്ട ഉത്തരവാദിത്വം എല്ലാ കത്തോലിക്കർക്കുമുണ്ടെന്നു വിലയിരുത്തി.

സിനഡാലിറ്റിയെക്കുറിച്ചുള്ള വത്തിക്കാൻ സിനഡിന്റെ അന്തിമരേഖ, സഭയുടെ ഭാവിയെക്കുറിച്ച് എല്ലാ കത്തോലിക്കർക്കും അഭിപ്രായങ്ങൾ പറയാൻ അവസരമുള്ളതും സാധാരണവിശ്വാസികളെ കൂടുതൽ ഉൾക്കൊള്ളുന്നതും സുതാര്യവുമായ ഒരു സഭയിലേക്കുള്ള വഴികൾ അവതരിപ്പിക്കുന്നു. നിലവിലെ കാനൻനിയമങ്ങളിൽ കാതലായ മാറ്റങ്ങളും രേഖ നിർദേശിക്കുന്നു.

വൈദികർക്കുള്ള പരിശീലനം, ബിഷപ്പുമാരെ തിരഞ്ഞെടുക്കുന്നതിൽ വിശ്വാസികൾക്കുള്ള പങ്കാളിത്തം, വനിതകളുടെ ശുശ്രൂഷകളിലെ വിപുലീകരണം, സഭയിലുടനീളം കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും നിർബന്ധമാക്കുന്നതിന് സഭാനിയമത്തിലെ പരിഷ്കരണം എന്നിവ ശിപാർശ ചെയ്യുന്ന വൻമാറ്റങ്ങളിൽ ഉൾപ്പെടുന്നു. പതിനായിരക്കണക്കിനു ശ്രവണസെഷനുകൾ, കോണ്ടിനെന്റൽ അസംബ്ലികൾ, റോമിലെ രണ്ട് പ്രധാന ഉച്ചകോടികൾ എന്നിവയ്ക്കുശേഷമാണ് അമ്പത്തൊന്നു പേജുള്ള അന്തിമരേഖ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

വനിതാഡീക്കന്മാരെക്കുറിച്ചുള്ള കാര്യങ്ങളിൽ ഇപ്പോൾ പക്വമായ തീരുമാനത്തിനു സമയമായിട്ടില്ല എന്നാണ് സിനഡിന്റെ അഭിപ്രായം. എന്നാൽ, അത്തരം സാധ്യതകളിലേക്കുള്ള വാതിലുകളൊന്നും സഭ അടയ്ക്കുന്നുമില്ല. സഭയിൽ സ്ത്രീകളുടെ പങ്ക് വർധിപ്പിക്കുന്നതിൽ പാപ്പാ അതീവ ശ്രദ്ധാലുവാണ്.

ലോകമെമ്പാടുമുള്ള 400 പ്രതിനിധികൾ പങ്കാളികളായ സിനഡിന്റെ ഈ സമാപനരേഖ, ഫ്രാൻസിസ് മാർപാപ്പായുടെ ഐതിഹാസികമായ വിജയമാണ്. സഭ അതിലെ എല്ലാ അംഗങ്ങളെയും ശ്രവിക്കാൻ കഴിയുന്നതും കൂടുതൽ ഉൾക്കൊള്ളുന്നതുമാക്കാനാണ് പാപ്പാ ശ്രമിച്ചത്. സമാപനരേഖ വത്യസ്തതലങ്ങളുള്ള ഒരു സമ്മാനമാണെന്നും സഭയ്ക്കു മാർഗരേഖയായിരിക്കുന്നതിനൊപ്പം അത് സഭയുടെ ഐക്യത്തിന്റെയും പൊതുവായ മിഷന്റെയും അടയാളമാണെന്നും പാപ്പാ പറഞ്ഞു.



**സമാപനരേഖയിലെ മറ്റു പ്രധാനപ്പെട്ട നിർദേശങ്ങൾ**

1. പ്രധാന രേഖകൾ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ബിഷപ്സ് കോൺഫറൻസുകളുമായും മറ്റു പ്രസക്തമായ കക്ഷികളുമായും റോമൻ ഡികാസ്റ്ററികളിൽനിന്നുള്ള കൂടിയാലോചന.

2. കർദിനാൾകോളജിലെ അംഗങ്ങൾക്കിടയിൽ കൂടുതൽ സഹകരണം ഉറപ്പുവരുത്തി സഭാഭരണത്തിൽ മാർപാപ്പയെ സഹായിക്കുന്നതിന് ഉന്നതസംഘത്തിനു കൂടുതൽ ഭരണപരമായ ഉത്തരവാദിത്വം.

3. ആരാധനക്രമ ആഘോഷങ്ങൾക്കു സിനഡാലിറ്റിയുടെ മികച്ച ആവിഷ്കാരം എങ്ങനെ നൽകാമെന്നു പരിശോധിക്കാൻ ഒരു പുതിയ സിനഡൽപഠന സംഘത്തിന്റെ രൂപീകരണം.

4.മാർപാപ്പായെ ഉപദേശിക്കുന്നതിനായി പൗരസ്ത്യ കത്തോലിക്കാസഭകളിലെ പാത്രിയാർക്കീസുമാരുടെയും പ്രധാന ആർച്ചുബിഷപ്പുമാരുടെയും മെത്രാപ്പോലീത്തമാരുടെയും ഒരു കൗൺസിൽ സ്ഥാപിക്കൽ.

5. ഒപ്പം സഭയുടെ സംരക്ഷണപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രായപൂർത്തിയാകാത്തവർക്കും ദുർബലരായ മുതിർന്നവർക്കും ഒപ്പം പ്രവർത്തിക്കുന്നവർക്ക് കൂടുതൽ രൂപീകരണവും പരിശീലനവും.

മൂന്നു വർഷത്തെ സിനഡ് പ്രക്രിയയുടെ അവസാനം 'ലോകത്തിന്റെ തെരുവുകളിലൂടെ സുവിശേഷത്തിന്റെ സന്തോഷം കൊണ്ടുപോകാനും' സമയമായെന്ന് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചു. അക്രമം, ദാരിദ്ര്യം, നിസ്സംഗത എന്നിവയാൽ അടയാളപ്പെടുത്തിയ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും എത്തിച്ചേർന്ന ജനതയെ ഒരുമിച്ചുനടക്കുവാൻ സിനഡ് സഹായിച്ചുവെന്ന് പാപ്പാ പറഞ്ഞു. സമാധാനത്തെക്കുറിച്ചു സ്വപ്നം കാണാൻമാത്രമല്ല, നമ്മുടെ എല്ലാ ശക്തിയും ഉപയോഗിച്ച് അത് യാഥാർഥ്യമാക്കുവാൻ പരിശ്രമിക്കുകയും വേണം.




**നവംബർ 10**
**പള്ളിക്കൂദാശക്കാലം**
**രണ്ടാം ഞായർ**

പുറ 6:1–8
ഏശ 49:1–7
1 പത്രോ 1:3–7
മത്താ 19:23–30



# നിത്യജീവൻ അവകാശമാക്കാൻ



**ഫാ. ഡോ. തോമസ് വടക്കേൽ**

**ദൈ**വമായ കർത്താവ് ദീനരോദനം കേൾക്കുന്നവനാണ്; ഉടമ്പടി ഓർക്കുന്നവനാണ് (പുറ. 6:5). തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ഉദ്ധരിക്കുന്നവനും വിമോചിപ്പിക്കുന്നവനുമാണ് അവിടുന്ന് (ഏശയ്യ 49:6–7). ദൈവം കരുണയുള്ളവനാണ് (1 പത്രോ. 1:3). ദൈവം നിത്യജീവൻ പ്രദാനം ചെയ്യുന്നവനാണ് (മത്താ. 19:29). പള്ളിക്കൂദാശക്കാലം രണ്ടാം ഞായറിലെ വായനകളിൽ ദൈവത്തിന്റെ വ്യക്തിത്വം വ്യക്തമാക്കപ്പെടുന്നുണ്ട്. ആരാധനക്രമവത്സരങ്ങളിലൂടെ യാത്ര ചെയ്ത് ദൈവം ആരാണെന്ന തിരിച്ചറിവിലേക്കു വന്ന് അവിടുത്തോടൊപ്പം സ്വർഗീയമഹത്ത്വത്തിലേക്കും ആനന്ദത്തിലേക്കും പ്രവേശിക്കാൻ വിശ്വാസികളെ ഒരുക്കുന്നതാണ് ഈ വചനവായനകൾ.

ഒന്നാം വായനയിൽ (പുറ. 6:1–8) വാഗ്ദാനങ്ങൾ നിറവേറ്റുമെന്ന് അരുൾ ചെയ്യുന്ന ദൈവമായ കർത്താവിനെക്കുറിച്ചും; രണ്ടാം വായനയിൽ (ഏശയ്യാ 49:1–7) ഏശയ്യായെ ശക്തിപ്പെടുത്തുന്ന ദൈവത്തെക്കുറിച്ചും; മൂന്നാം വായനയിൽ (1 പത്രോ. 1:3–7) ഈശോമിശിഹായുടെ ഉത്ഥാനംവഴി സജീവമായ പ്രത്യാശയിലേക്കും ഒളിമങ്ങാത്ത അവകാശത്തിലേക്കും എല്ലാവരെയും കൊണ്ടുവരുന്ന ദൈവത്തെക്കുറിച്ചും; നാലാം വായനയിൽ (മത്താ. 19:23–30) മഹത്ത്വത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്ന ഈശോയെക്കുറിച്ചും നാം ധ്യാനിക്കുന്നു. 'ദൈവികസാന്നിധ്യം, ദൈവമഹത്ത്വം, ദൈവിക ഇടപെടൽ' ഇവയെല്ലാമാണ് ഈ വായനകളുടെയെല്ലാം പൊതുവായ ചിന്താധാരകൾ.

**പുറപ്പാട് 6:1–8:** വിളിക്കുന്ന ദൈവം പരിപാലിക്കുന്നവനാണെന്ന ചിന്തയെ മറന്നുപ്രവർത്തിക്കുന്ന മോശ ദൈവമായ കർത്താവ് വാഗ്ദാനങ്ങൾ പാലിച്ചില്ലായെന്നു പരാതി പറഞ്ഞു. ഈ പരാതിയുടെ സാഹചര്യത്തിൽ, ദൈവത്തിന്റെ ശക്തമായ പ്രവർത്തനങ്ങൾ ഇസ്രയേൽജനം കാണും എന്ന ഉറപ്പുനല്കുകയാണ് ദൈവം ഇവിടെ. ദൈവത്തിന്റെ മറുപടിയാണിത്. പ്രതീക്ഷയുടെയും പ്രത്യാശയുടെയും പുതിയ കവാടങ്ങൾ തുറക്കുമെന്ന അറിയിപ്പാണിത്.

'ഞാൻ കർത്താവാണ്' എന്ന പ്രസ്താവനയോടെയാണ് ദൈവം മോശയോടു സംസാരിക്കാൻ ആരംഭിക്കുന്നത് (6:2). 'എലോഹിം' എന്ന ഹീബ്രുപദത്തിന്റെ അർത്ഥം 'LORD' - 'കർത്താവ്' എന്നാണ്. മോശയോടു സംസാരിക്കുന്നത് യഹോവയായ 'ദൈവം' (GOD) ആണെന്ന ഉറപ്പാണ് നാലു തവണയുള്ള ആവർത്തനത്തിലൂടെ ഇവിടെ നൽകുന്നത് (പുറ. 6:2, 6,7,8). മോശയോടുള്ള ദൈവത്തിന്റെ വാക്കുകൾ അവസാനിക്കുന്നതും 'അനി യാഹ്‌വെ' (ani yahweh) – ഞാൻ കർത്താവാണ് – എന്നു പറഞ്ഞുകൊണ്ടാണ് (6:8). കർത്താവായ ദൈവം 'എൽഷദ്ദായ്' (elshaddai) ആണെന്നും അവിടുന്നു വ്യക്തമാക്കുന്നുണ്ട് (6:2).

ഇസ്രയേൽജനത്തിനു കാനാൻദേശം നൽകുമെന്ന് ഉടമ്പടി ചെയ്തവനാണ് ദൈവം. 'ബെറിത്ത്' (berith) എന്ന ഹീബ്രുപദത്തിന്റെ അർത്ഥം 'ഉടമ്പടി' എന്നാണ്. 'ബാറാ' (bara) എന്നാൽ 'ഒരുമിച്ചുഭക്ഷിക്കുക' എന്നാണർത്ഥം. ദൈവമനുഷ്യബന്ധത്തിലാണ് ഉടമ്പടി രൂപംകൊണ്ടത്. ഇത് ഒരു 'ഒരുമിക്കൽ' ആണ്. ഉടമ്പടി ലംഘിക്കുമ്പോൾ ഈ ബന്ധം മുറിയുന്നു. ജനം ഉടമ്പടി ലംഘിച്ചിട്ടും അവരോടു വീണ്ടും കരുതൽ കാട്ടാൻ മനസ്സുള്ളവനാണ് ദൈവം. അക്കാരണത്താലാണ് ഇസ്രയേൽമക്കളുടെ ദീനരോദനം കർത്താവ് കേട്ടതും അവരുമായുള്ള ഉടമ്പടി ഓർമിച്ചതും. God remembered the covenant. ഈ 'ഓർമ' ദൈവത്തിന്റെ കാരുണ്യത്തിന്റെ ഭാവംതന്നെയാണ്.

ഈജിപ്തുകാർ ചുമത്തിയ ഭാരം നീക്കി ഇസ്രയേൽമക്കളെ ദൈവമായ കർത്താവ് മോചിപ്പിക്കുമെന്ന ഉറപ്പും അവിടുന്നു നൽകുന്നുണ്ട്. 'I will redeem you' എന്ന കർത്താവിന്റെ വാക്ക് 'വിമോചനത്തിന്റെ സ്വരം' ആണ്. ഇത് 'രക്ഷയുടെ' സ്വരമാണ്. ദൈവം യഥാർത്ഥത്തിൽ 'Redeemer' - രക്ഷകൻ ആണ്.

**ഏശയ്യാ 49:1–7:** ജനതകളുടെ പ്രകാശമായ കർത്താവിന്റെ ദാസൻ തന്റെ വിളിയെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും വിവരിക്കുകയാണ് ഈ വചനഭാഗത്ത്. ഈ വിവരണത്തിൽ ദൈവമായ കർത്താവ് ആരാണ് എന്ന യാഥാർത്ഥ്യത്തെ അദ്ദേഹം വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്.

ദൈവികശുശ്രൂഷയ്ക്കായി ഒരാളെ നിയോഗിക്കുന്നവനും ശക്തിപ്പെടുത്തുന്നവനുമാണ് കർത്താവ്. അമ്മയുടെ ഉദരത്തിൽവച്ചുതന്നെ ഈ ദൗത്യത്തിനുവേണ്ടി 'ദൈവദാസൻ' തിരഞ്ഞെടുക്കപ്പെട്ടു. ഹീബ്രുഭാഷയിലെ 'ഖാറാ' (qara) എന്ന പദത്തിന്റെ അർത്ഥം 'വിളിക്കുക' എന്നാണ്. ഇതൊരു 'ദൈവവിളിയാണ്' (49:1). He made my mouth like a sharp sword (49:2). 'നാവിനെ 'വാള്' (sword) പോലെ മൂർച്ചയുള്ളതാക്കി' എന്നതിന്റെ അർത്ഥം 'പ്രവാചകധർമം' നൽകി എന്നതാണ്. ദൈവത്തിനുവേണ്ടി തീക്ഷ്ണതയോടെ സംസാരിക്കേണ്ടവനാണ് ദൈവദാസൻ.

ദൈവദാസന്റെ ഈ ശുശ്രൂഷയിലൂടെയാണ് ദൈവം മഹത്ത്വം പ്രാപിക്കുന്നത് (49:3). ഹീബ്രുവിലെ 'പാർ' (paar) എന്ന പദത്തിന്റെ അർത്ഥം 'glorify, honour' എന്നൊക്കെയാണ്. ദൈവപദ്ധതിയനുസരിച്ച് ഒരാൾ പ്രവർത്തിക്കുമ്പോൾ അയാൾ ദൈവത്തെ 'ആദരിക്കുക'യാണ്; ഒപ്പം ദൈവത്തെ 'മഹത്ത്വ'പ്പെടുത്തുകയാണ്. ദൈവദാസന്റെ ദൗത്യവും അതുതന്നെയാണ്. 'തന്നെത്തന്നെ മഹത്ത്വപ്പെടുത്താതെ ദൈവത്തെ മഹത്ത്വപ്പെടുത്തുക' എന്നതാണ് ദൈവശുശ്രൂഷകന്റെ ദൗത്യം.

ദൈവശുശ്രൂഷകൻ ബലഹീനനാണ്. ദൗത്യനിർവഹണത്തിനായി അവനെ ശക്തിപ്പെടുത്തുന്നതും ബലപ്പെടുത്തുന്നതും ദൈവമായ കർത്താവാണ്. My GOD has become my strength (49:5). 'ഓസ്' (oz) എന്ന ഹീബ്രുപദത്തിന്റെ അർത്ഥം 'might, strength' എന്നാണ്. ഫിലിപ്പി ലേഖനം 4:13 ൽ ഇതുതന്നെയാണ് പൗലോസ് ശ്ലീഹാ പറയുന്നത്. “എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും” “എന്റെ അഭയസങ്കേതം ദൈവമാണ്” (സങ്കീ. 46:1).

**1 പത്രോസ് 1:3–7:** പത്രോസ് ശ്ലീഹാ തന്റെ ലേഖനത്തിന്റെ ആരംഭത്തിൽ 'ദൈവത്തിനു സ്തുതി' അർപ്പിക്കുന്നുണ്ട്. ഈ സ്തുതികീർത്തനത്തിൽ പിതാവായ ദൈവത്തിന്റെ കാരുണ്യത്തെക്കുറിച്ച് പത്രോസ് സംസാരിക്കുന്നുണ്ട്. 'By His great mercy' എന്നാണ് പത്രോസ് കുറിച്ചിരിക്കുന്നത്. ഗ്രീക്കുഭാഷയിലെ 'പോലുസ്' (polus) എന്ന പദത്തിന്റെ അർത്ഥം 'great, plentiful' എന്നാണ്. സാധാരണകരുണയെ അതിലംഘിക്കുന്ന മഹത്തായ കരുണയുടെ ഉറവിടമാണ് ദൈവം. അതുകൊണ്ടാണ് പത്രോസ് പാടുന്നത്: “Blessed be the GOD" ഇതൊരു 'കൃതജ്ഞതാസ്തോത്രം' ആണ്.

മതമർദനകാലത്ത് വിശ്വാസികൾ വിവിധ രീതികളിൽ ദുഃഖിക്കേണ്ടിവരുന്നുണ്ടെങ്കിലും ആരും നിരാശരാകരുതെന്നും; മറിച്ച്, ആനന്ദിക്കണമെന്നും പത്രോസ് പഠിപ്പിക്കുന്നു: In this you greatly rejoice (1:6). ഗ്രീക്കുഭാഷയിലെ 'അഗല്ലിയാഓ' (agallias) എന്ന പദത്തിന്റെ അർത്ഥം 'be overjoyed, exault, be glad' എന്നൊക്കെയാണ്. ഈശോയെപ്രതിയുള്ള സഹനങ്ങളിൽ ഭഗ്നാശരാകാതെ ദൈവസ്തുതി അർപ്പിക്കാനാണ് പത്രോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്. പീഡാനുഭവങ്ങളിൽ നഷ്ടധൈര്യരാകാതെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവർക്ക് ദൈവം 'രക്ഷ' പ്രദാനം ചെയ്യും. 1:9 ൽ പത്രോസ് ഇതു വ്യക്തമാക്കുന്നുണ്ട്: മിശിഹായിലുള്ള വിശ്വാസത്തിന്റെ ഫലം ആത്മാവിന്റെ രക്ഷയാണ്.

**മത്തായി 19:23–30:** ഈശോയുടെ ശിഷ്യനാകാനുള്ള ക്ഷണം നിരസിച്ച ധനികനായ യുവാവ് പോയിക്കഴിഞ്ഞപ്പോൾ ഈശോ തന്റെ ശിഷ്യരോടു സമ്പത്തിനെക്കുറിച്ചു പങ്കുവയ്ക്കുന്നതാണ് വചനഭാഗം. ദൈവരാജ്യപ്രവേശനത്തിനു തടസ്സം നിൽക്കുന്ന ഒന്നാണ് 'സമ്പത്ത്' എന്നും (19:23–26), ത്യാഗം സഹിച്ച് ഈശോയെ അനുഗമിക്കുന്നവർക്ക് 'രക്ഷ' ലഭിക്കുമെന്നും (19:27–30) അവിടുന്ന് പഠിപ്പിക്കുന്നു.

യഹൂദജനത്തിന്റെ കാഴ്ചപ്പാടനുസരിച്ച്, ദൈവകല്പനകൾ പാലിച്ച് അതനുസരിച്ചു ജീവിക്കുന്നവർക്ക് ദൈവം നൽകുന്ന പ്രതിഫലമാണ് സമ്പത്ത്. സമ്പത്ത് ദൈവത്തിന്റെ അനുഗ്രഹമായിട്ടാണ് അവർ കരുതിയിരുന്നത് (ജോബ് 1:10; സങ്കീ. 128:1–2). എന്നാൽ ഈശോ പറഞ്ഞു, ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുക ദുഷ്കരമാണെന്ന്. കാരണം, അവന്റെ ശ്രദ്ധ ധനത്തിലാണ്; ദൈവത്തിലല്ല. ദൈവത്തെയും മാമോനെയും ഒരാൾക്ക് ഒരേസമയം സേവിക്കാൻ സാധിക്കില്ലല്ലോ. വിശ്വാസിയുടെ മുൻഗണന ദൈവമായിരിക്കണം. എങ്കിലേ 'രക്ഷ' സാധ്യമാവുകയുള്ളൂ.

രക്ഷപ്പെടാൻ ആർക്കു സാധിക്കുമെന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് ഈശോ നൽകുന്ന മറുപടി ശ്രദ്ധേയമാണ്: മനുഷ്യർക്ക് ഇത് അസാധ്യമാണ്; എന്നാൽ ദൈവത്തിന് എല്ലാം സാധ്യമാണ് (19:16). നിത്യരക്ഷ മനുഷ്യന്റെ തന്നെ ശക്തിയാൽ നേടിയെടുക്കാൻ സാധിക്കുന്ന ഒന്നല്ല. ഒരു മനുഷ്യന്റെ പ്രവൃത്തിയുടെ മാഹാത്മ്യംകൊണ്ട് അവനു ദൈവരാജ്യം നേടാനാവില്ല. ദൈവം മനുഷ്യനു നൽകുന്ന ഒരു കൃപവഴിമാത്രമാണ് ഇതു സാധ്യമാകുന്നത്. ദൈവം തന്റെ പുത്രനായ ഈശോമിശിഹാവഴി മനുഷ്യകുലത്തിനു നേടിക്കൊടുത്തതാണ് രക്ഷ. മനുഷ്യന് അസാധ്യമായതിനാൽ ദൈവം പാത തുറന്നുകൊടുത്തു. ഈ പാതയിലൂടെ ചരിക്കുന്നവർ രക്ഷ പ്രാപിക്കും. പാത 'മിശിഹാ' ആണ്. അവിടുന്നിൽ വിശ്വസിക്കുക എന്നതാണ് രക്ഷ പ്രാപിക്കാനുള്ള പ്രധാന മാർഗം. ■

# ദന്തസംരക്ഷണം നമ്മുടെ കൈകളിൽ



ഡോ. ജോർജ് വർഗീസ്

ദന്തഡോക്ടർമാരുടെ സംഘടനയായ ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ നവംബർ 7 ദേശീയ 'ടൂത്ത് ബ്രഷിങ് ഡേ' ആയി ആചരിക്കുകയാണ്. ജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് കുട്ടികളിൽ ടൂത്ത് ബ്രഷിങ്ങിന്റെയും വായ് ശുചിയായി സൂക്ഷിക്കേണ്ടതിന്റെയും പ്രാധാന്യം പ്രചരിപ്പിക്കുകയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം.

പണ്ടു പല്ലുതേക്കുന്നതിന് ഉമിക്കരിയോ മാവിലയോയാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ, കാലം മാറിയതോടെ അതു ബ്രഷിനും പേസ്റ്റിനും വഴിമാറി. ഉമിക്കരിയെക്കാളും മാവിലയെക്കാളും ബ്രഷും പേസ്റ്റും മെച്ചമാണെങ്കിലും ശരിയായ രീതിയിൽ അതുപയോഗിച്ചാൽ മാത്രമേ ഉദ്ദേശിച്ച ഫലം ലഭിക്കുകയുള്ളൂ.

കഴിഞ്ഞ ദിവസം ലേഖകനുണ്ടായ അനുഭവം വിവരിക്കട്ടെ. ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന മുപ്പത്തൊമ്പതു കാരനായ സാബു എന്നെ സമീപിച്ചത് അദ്ദേഹത്തിന്റെ അണപ്പല്ലിനു ശക്തിയായ വേദനയുമായാണ്.

ഞാൻ സാബുവിനോടു കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. അദ്ദേഹം കാലത്തും വൈകിട്ടും പല്ലു തേക്കും. നല്ല കാര്യംതന്നെ. പക്ഷേ, ഓരോ നേരവും അഞ്ചും എട്ടും മിനിറ്റാണ് അതിനെടുക്കുന്നത്. കൂടുതൽ സമയം തേച്ചാൽ പല്ലിന്റെ പുളിയും വേദനയുമൊക്കെ മാറുമെന്നാണു പലരുടെയും ധാരണ. തികച്ചും തെറ്റായ ധാരണയാണത്. ഓരോ പ്രാവശ്യവും രണ്ടു മിനിറ്റിനുള്ളിൽ കൂടുതൽ ബ്രഷു ചെയ്യേണ്ടതില്ല.

എന്നതുതന്നെയല്ല, ശരിയായ രീതിയിൽ പല്ലുതേച്ചില്ലെങ്കിൽ അതു ഗുണത്തേക്കാളേറെ ദോഷവുമാണ്.

ഉമിക്കരിയോ ഉപ്പോ മാവിലയോ കൊണ്ടു പല്ലുതേച്ചാൽ പോരേ? ബ്രഷ് തന്നെ വേണമെന്നുണ്ടോ? പലരുടെയും ചോദ്യമാണ്. പോരാ. അതിന്റെ കാരണമിതാണ്: ഭക്ഷണം കഴിച്ചതിനുശേഷം പഞ്ചസാര അടങ്ങിയ വസ്തുക്കളിൽനിന്ന് ബാക്ടീരിയകൾ പല്ലിന്റെ പുറംകവചമായ ഇനാമലിനെ നശിപ്പിക്കുന്ന ആസിഡുകൾ ഉണ്ടാക്കുന്നു. ഇനാമൽ നമ്മുടെ ശരീരത്തിലെ ഏറ്റവും കട്ടിയുള്ള വസ്തുവാണെങ്കിലും പല്ലുകളെ സംരക്ഷിക്കുന്ന ഇവയ്ക്ക് ആസിഡിന്റെ ആക്രമണത്തിൽനിന്നു രക്ഷയില്ല. ഇത് ഭാവിയിൽ ദന്തക്ഷയത്തിനു കാരണമാകുന്നു. ശരിയായ രീതിയിൽ ബ്രഷ് ചെയ്യുമ്പോൾ പല്ലിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഭക്ഷണപദാർഥങ്ങളും പ്ലാക്കും നീക്കം ചെയ്ത് പല്ലു ശുചിയാക്കുന്നു. ഉമിക്കരിയും ഉപ്പുംകൊണ്ട് പല്ലു വെളുപ്പിക്കാമെങ്കിലും ബ്രഷ് ചെയ്യുന്നതിന്റെ അത്രയും പ്രയോജനം ലഭിക്കുന്നില്ല.

**ബ്രഷിങ് എങ്ങനെ ചെയ്യണം?**

ഒരു പയറുമണിയുടെ വലുപ്പത്തിലുള്ള ടൂത്ത് പേസ്റ്റ് ബ്രഷിൽ പുരട്ടുക. (പരസ്യങ്ങളിൽ കാണുന്നതുപോലെ ബ്രഷിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്ന പേസ്റ്റിന്റെ ആവശ്യമില്ല; ഫ്ളൂറൈഡ് അടങ്ങിയ പേസ്റ്റ് ആണെങ്കിൽ നല്ലത്).

ബ്രഷ് ചെയ്യാൻ പല രീതികൾ ഉണ്ടെങ്കിലും 'ബാസ് മെത്തേഡ്' (Bass method) ആണ് കൂടുതലായി പ്രചാരത്തിലുള്ളത്.

ഈ വിധം ബ്രഷ് ചെയ്യുന്ന അവസരത്തിൽ പല്ലിന്റെ പ്രതലത്തിൽ ടൂത്ത് ബ്രഷ് 45 ഡിഗ്രിയിൽ പിടിക്കുന്നു (ചിത്രം 1 & 2 ) അപ്പോൾ ബ്രഷിലെ ബ്രസിൽസ് മോണയുടെ വശത്തേക്കു ചൂണ്ടുന്നു. തുടർന്ന് താഴേക്കു മാറ്റുന്നു. ആ അവസരത്തിൽ ബ്രഷ് മോണയുടെ അടിയിൽ നിന്നു പല്ലിന്റെ മുകളിലേക്ക് അഴുക്കുകളും ബയോഫിലിമും പ്ലാക്കും തൂത്തുകൊണ്ടുവരുന്നു. ബയോഫിലിം നീക്കം ചെയ്യുന്നതു മോണവീക്കം തടയാനും സഹായിക്കും. കീഴ്ത്താടിയിലെ പല്ലുതേക്കുന്ന അവസരത്തിൽ ബ്രഷ് താഴേക്കായി 45 ഡിഗ്രി ചരിച്ചുപിടിച്ച് വീണ്ടും മോണയിൽനിന്ന് ആരംഭിക്കുക. ഈ പ്രക്രിയ പല്ലിനു തേയ്മാനം കുറയ്ക്കാൻ സഹായിക്കുന്നു. ബ്രഷ് ലംബമായി പിടിച്ച് ശക്തിയായി തേക്കുമ്പോൾ പല്ലും മോണയുമായി ചേരുന്ന സ്ഥലത്ത് ഇനാമൽ നഷ്ടപ്പെടുകയും അതുമൂലം അമിത തേയ്മാനം ഉണ്ടാവുകയും ചെയ്യുന്നു. അതിനുപകരം മേല്പറഞ്ഞ രീതിയിൽ പല്ലുതേച്ചാൽ (Bass method) അമിതതേയ്മാനം ഒഴിവാക്കുകയും പുളിപ്പും വേദനയും കുറയുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ബ്രഷിന്റെ ചലനം മോണയ്ക്ക് നല്ല ഉത്തേജനവും (massaging effect) നൽകുന്നുണ്ട്. തുടർന്ന് ചിത്രത്തിൽ (3,4,5,6) കാണിച്ചിരിക്കുന്നതുപോലെ മേൽത്താടിയിലെയും, കീഴ്ത്താടിയിലെയും പല്ലിന്റെ ചവയ്ക്കുന്ന വശവും ഉൾവശവും വൃത്തിയാക്കണം. അതിനുശേഷം വെള്ളമുപയോഗിച്ചു വായ് കഴുകുക.




**എപ്പോഴൊക്കെ പല്ലുതേക്കണം?**

രണ്ടുനേരം – പ്രഭാതത്തിലും രാത്രിയിൽ അത്താഴത്തിനുശേഷവും – പല്ലുതേക്കേണ്ടതാണ്. ഒരിക്കൽ ഒരു ദന്തഡോക്ടർ തമാശരൂപേണ പറയുകയുണ്ടായി, 'മറ്റുള്ളവർക്കു വായ്നാറ്റം അനുഭവപ്പെടാതിരിക്കാൻ രാവിലെ ബ്രഷ് ചെയ്യുക, നമ്മുടെ ദന്താരോഗ്യം സംരക്ഷിക്കാൻ രാത്രിയിൽ ബ്രഷ് ചെയ്യുക'യെന്ന്. നർമരൂപേണ പറഞ്ഞതാണെങ്കിലും ഇതിൽ അല്പം കാര്യമുണ്ട്. കാരണം, രാത്രിയിൽ പല്ലുതേക്കാത്തപക്ഷം പല്ലിൽ ഭക്ഷണപദാർഥങ്ങൾ കൂടുതൽ നേരം പറ്റിപ്പിടിച്ചിരുന്ന് പല്ലിനും മോണയ്ക്കും രോഗങ്ങൾ വരാൻ കാരണമാകുന്നു.

**ഒരു ബ്രഷ് എത്രനാൾ ഉപയോഗിക്കാം?**

മൂന്നു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ബ്രഷിന്റെ രോമത്തിനു കേടുപാട് സംഭവിച്ചാൽ ടൂത്ത്ബ്രഷ് മാറ്റുക.

**അനുബന്ധം**

1. ധാരാളം ആസിഡുകൾ അടങ്ങിയ ഭക്ഷണപാനീയങ്ങൾ കഴിച്ചതിനുശേഷം ഉടൻ ബ്രഷ് ചെയ്യരുത്. സോഡ, സിട്രസ് ജ്യൂസുകൾ, സിട്രസ് പഴങ്ങൾ എന്നിവ പോലുള്ള ശീതളപാനീയങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഇവയിലെ ആസിഡിന് ഇനാമലിനെ മൃദുവാക്കാൻ കഴിയും. അതിനാൽ അസിഡിറ്റിയുള്ള എന്തെങ്കിലും കഴിക്കുകയോ കുടിക്കുകയോ ചെയ്തതിനുശേഷം വളരെവേഗം ബ്രഷ് ചെയ്യുന്നത് നിങ്ങളുടെ പല്ലിലെ ഇനാമലിനെ ഇല്ലാതാക്കും. ബ്രഷ് ചെയ്യാൻ ഒരു മണിക്കൂർ കാത്തിരിക്കുക. ആ സമയത്ത്, നിങ്ങളുടെ ഉമിനീർ ആസിഡിനെ കഴുകിക്കളയുകയും ഇനാമൽ വീണ്ടും കഠിനമാകുകയും ചെയ്യുന്നു.

2. നിങ്ങൾക്ക് ആർത്രൈറ്റിസ് (സന്ധിവാതം) മൂലമോ മറ്റേതെങ്കിലും കാരണത്താലോ സാധാരണ ടൂത്ത്ബ്രഷ് പിടിക്കാൻ പ്രയാസമുണ്ടെങ്കിൽ ബാറ്ററി ഉപയോഗിച്ചു പ്രവർത്തിപ്പിക്കുന്ന ഇലക്ട്രിക് ടൂത്ത് ബ്രഷ് പരീക്ഷിക്കാവുന്നതാണ്. ഈ ടൂത്ത് ബ്രഷുകൾ ഉപയോഗിക്കാൻ എളുപ്പമായിരിക്കും.

3.പല്ലുകൾക്കിടയിൽ കൂടുതൽ വിടവുള്ളപക്ഷം 'ഡെന്റൽ ഫ്ളോസ്' (dental floss), 'ഇന്റർ ഡെന്റൽ ബ്രഷ്' (inter dental brush) എന്നിവ ഉപയോഗിച്ചാൽ കൂടുതൽ നന്നായിരിക്കും.

4. ടൂത്ത് ബ്രഷിങ്ങിനു പകരം മൗത്ത് വാഷ് (mouthwash) മാത്രം ഉപയോഗിക്കുന്നതു നന്നല്ല. ദന്തരോഗം തടയുന്നതിന് ബ്രഷിങ്ങിന്റെ അത്രയും ഫലപ്രദമായിരിക്കില്ല ഇത്.

വായുടെ ആരോഗ്യം നിലനിർത്തുന്നതിനും, ദന്തരോഗവും മോണരോഗവും തടയുന്നതിനും പതിവായി പല്ലു തേയ്ക്കുന്നത് അത്യന്താപേക്ഷിതമാണ്. ശരിയായ രീതിയിൽ ബ്രഷിങ് ചെയ്യുകയും ഫ്ളൂറൈഡ് ടൂത്ത് പേസ്റ്റ് ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ, ദന്തരോഗങ്ങൾ ഗണ്യമായി തടയാൻ സാധിക്കും. ശ്രദ്ധാപൂർവം ഈ ശീലത്തിനു മുൻഗണന നൽകുമ്പോൾ മനോഹരമായി പുഞ്ചിരിക്കാനും ആത്മവിശ്വാസം വർധിപ്പിക്കാനും അതു സഹായിക്കുന്നു.

## ശ്രേഷ്ഠമലയാളം

# നല്ലതും ചീത്തയും



ഡോ. ഡേവിസ് സേവ്യർ

നല്ല, ചീത്ത – ഇവയ്ക്കു സമാനമായ ഇംഗ്ലീഷ് വാക്കുകളാണ് good, bad എന്നിവ. good ഉം bad ഉം ഇംഗ്ലീഷിൽ നാമവിശേഷണങ്ങളാണ്. good നു സമാനമായ 'നല്ല' മലയാളത്തിലും നാമവിശേഷണംതന്നെ. എന്നാൽ, bad നു സമാനമായ ചീത്തയ്ക്ക് മലയാളത്തിൽ നാമത്വവും വിശേഷണത്വവും ഉണ്ട്. മോശമായ, നല്ലതല്ലാത്ത, കൊള്ളരുതാത്ത എന്നീ അർഥങ്ങൾ ഉള്ള ചീ ധാതുവിൽനിന്നാണ് ചീത്ത എന്ന പദത്തിന്റെ നിഷ്പത്തി. അർഥപരമായി നല്ല എന്നതിന് എതിരാണ് ചീത്ത. ഘടനാപരമായും സമാനത്വമുണ്ട്. (വ്യഞ്ജനം + സ്വരം + വ്യഞ്ജനം + സ്വരം എന്നിങ്ങനെയാണ് രണ്ടിന്റെയും ഘടന).

നല്ല, ചീത്ത എന്നീ സംജ്ഞകളെ നാമവിശേഷണങ്ങളായാണ് മലയാളത്തിലെ വൈയാകരണന്മാരും പരിഗണിച്ചത്. നല്ല കുട്ടി, ചീത്തക്കുട്ടി എന്നിവ ഉദാഹരണങ്ങൾ. പക്ഷേ, രൂപതലത്തിലും വാക്യതലത്തിലും ചീത്തയുടെ വിനിമയരീതി 'നല്ല'യുടേതിൽനിന്നു വ്യത്യസ്തമാണ്. വിഭക്തിപ്രത്യയങ്ങൾ പൊതുവെ നാമത്തോടാണല്ലോ ചേരുന്നത്. ക്രിയകളാകട്ടെ കാല, പ്രകാരപ്രത്യയങ്ങളെ കൈക്കൊള്ളുന്നു. 'വിശേഷണം എന്നു കരുതിപ്പോരുന്ന' ചീത്ത എന്ന പദത്തോടു വിഭക്തിപ്രത്യയങ്ങൾ ചേർക്കാൻ കഴിയും. ചീത്തയെ, ചീത്തയോട്, ചീത്തയാൽ എന്നിങ്ങനെ. 'നല്ല' യിൽ ഇതു സാധ്യമല്ല. വിശേഷണമായ നല്ലയെ ക്രിയയോടു ചേർക്കണമെങ്കിൽ നല്ലത്, എന്നതിനെ നാമമാക്കണം. നല്ലതു പറഞ്ഞു. അപ്പോൾ 'നല്ല'യ്ക്കു തുല്യമല്ല ചീത്ത എന്നു വ്യക്തമാകുന്നു. നാമമായ നല്ലതിനു തുല്യമത്രേ ചീത്ത.

ചീത്ത എന്ന ശബ്ദം നാമം സ്വീകരിക്കുന്ന കൾ എന്ന ബഹുവചനപ്രത്യയവും കൂടാതെ, ഉം എന്ന സമുച്ചയനിപാതവും സ്വീകരിക്കും. ചീത്തകൾ, നല്ലതും എന്നിങ്ങനെ ഉദാഹരണങ്ങൾ. നല്ലയെ, നല്ലത് എന്നു നാമമാക്കിയാലേ കൾ, ഉം എന്നിവയെ ചേർക്കാൻ പറ്റുകയുള്ളൂ. നല്ലതുകൾ, നല്ലതും. നാമത്തിന്റെ പ്രാതിസ്വികഭാവങ്ങളായ കർത്തൃത്വവും കർമ്മത്വവും ചീത്ത എന്ന ശബ്ദത്തിനുണ്ട്. 'ചീത്തതന്നെ' എന്നിടത്തെ ചീത്തയ്ക്ക് കർത്തൃപദവിയും 'ഞാൻ ചീത്ത പറഞ്ഞു' എന്നിടത്തെ ചീത്തയ്ക്ക് കർമപദവിയും അവകാശപ്പെടാം. നല്ലയ്ക്ക് ഇവ രണ്ടും ഇല്ല. നല്ല എല്ലാ സന്ദർഭങ്ങളിലും വിശേഷണമായി വർത്തിക്കുമ്പോൾ, ചീത്തയ്ക്ക് വിശേഷണത്വം സമസ്തപദങ്ങളിൽമാത്രമേ അവകാശപ്പെടാനുള്ളൂ. ചീത്തപ്പൂച്ച, ചീത്തപ്പെണ്ണ്. രണ്ടിടത്തും ഉത്തരപദാദിയിലെ ആദ്യഖരം ഇരട്ടിക്കുകയും നല്ല ചേർക്കുമ്പോൾ ഇരട്ടിക്കാതിരിക്കുകയും (നല്ല പെണ്ണ്, നല്ല പൂച്ച) ചെയ്യുന്നതുതന്നെ നല്ലയും ചീത്തയും തമ്മിലുള്ള അന്തരം വ്യാവർത്തിപ്പിക്കുന്നു. ചുരുക്കിപ്പറയട്ടെ, നല്ല (good) ഇംഗ്ലീഷിലെപ്പോലെ എല്ലാ സന്ദർഭത്തിലും വിശേഷണമാണ്. ചീത്ത(bad)യ്ക്ക് മലയാളത്തിൽ നാമത്വവും അപൂർവമായി വിശേഷണത്വവും ഉണ്ട്. അങ്ങനെ ദ്വൈവ്യക്തിത്വം പ്രകടിപ്പിക്കുന്ന ശബ്ദമത്രേ മലയാളത്തിൽ ചീത്ത.*

* ലത, വി. നായർ, സമ്പാദനം, എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, വാല്യം ഒന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം – 364–68.

നോവൽ 19

ഇഗ്നേഷ്യസ് കലയന്താനി



# കിഴക്കൻകാറ്റ്

കഥാസാരം:

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചുകഴിഞ്ഞിരുന്ന അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ വിവാഹത്തിനു ക്ഷണിക്കാൻ സൂസമ്മയും മകനും ഹൈറേഞ്ചിൽ ചെന്നപ്പോഴാണ് വീണ്ടും കണ്ടുമുട്ടിയത്. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനുശേഷം എട്ടുവർഷമായി സിസിലിയുടെ ജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിന് നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായിരുന്നതിനാൽ പൊരുത്തപ്പെട്ടുപോകാൻ നന്നേ ബുദ്ധിമുട്ടി ജയേഷ്! എൽസയുടെ കാലിന്റെ മുടന്തുമാറ്റാനുള്ള സർജറിക്ക് പണം കൊടുക്കാമെന്നു ജയേഷ് അറിയിച്ചു. ഇതറിഞ്ഞ വർഷ കോപാകുലയായി. പണം തരില്ലെന്ന് അവൾ എൽസയെ വിളിച്ചറിയിച്ചു. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത്, സർജറി നടത്തി മുടന്തുമാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. ഇതിനിടയിൽ വർഷ ഗർഭിണിയായി. ജയേഷ് സന്തോഷിച്ചു. എന്നാൽ ഭർത്താവറിയാതെ അബോർഷൻ നടത്തി വർഷ. ബാത്റൂമിൽ തെന്നിവീണ് അബോർഷനായി എന്നു ജയേഷിനോടു കള്ളം പറഞ്ഞു. ഒരു രാത്രി പെയ്ത പെരുമഴയിൽ വീടിനു സമീപംനിന്ന് പ്ലാവ് കടപുഴകിവീണ് സിസിലി മരിച്ചു. മാതാപിതാക്കൾ മരിച്ചുപോയതോടെ എൽസ ഒറ്റപ്പെട്ടു. (തുടർന്നു വായിക്കുക)

സിസിലി സ്വർഗലോകത്തേക്കു യാത്രയായിട്ട് നാളെ ഏഴുദിവസമാകുന്നു. കുറുക്കൻകുന്ന് പള്ളിയിൽ നാളെ പ്രത്യേക കുർബാനയും ഒപ്പീസും ഉണ്ട്. ഫാ. മാത്യു കുരിശിങ്കലാണ് ദിവ്യബലി അർപ്പിക്കാൻ എത്തുന്നത്. എൽസ ഫോണിൽ വിളിച്ചു പറഞ്ഞപ്പോൾ ഒരു മടിയും കൂടാതെ വരാമെന്ന് അച്ചൻ സമ്മതം മൂളുകയായിരുന്നു.

ഡോക്ടർ മനുവിനെ വിളിച്ചൊന്നു പറയണ്ടേ? എൽസ ആലോചിച്ചു. അമ്മയുടെ സംസ്കാരദിവസം അവസാനനിമിഷംവരെനിന്ന് തന്നെ ആശ്വസിപ്പിച്ചു പറഞ്ഞയച്ച ആളല്ലേ? അമ്മയ്ക്കു പ്രിയപ്പെട്ടവനുമായിരുന്നല്ലോ! ജോലിത്തിരക്കിനിടയിൽ വരാൻ സമയം കിട്ടില്ലായിരിക്കും. എന്നാലും വിളിക്കണം. അതല്ലേ മര്യാദ? ടെസിയോടു ചോദിച്ചപ്പോൾ വിളിക്കണമെന്ന് അവളും അഭിപ്രായപ്പെട്ടു.

എൽസ മൊബൈൽ എടുത്തു ഡോക്ടറുടെ നമ്പരിൽ വിളിച്ചു. അങ്ങേത്തലയ്ക്കൽ റിങ്ങുണ്ടായിരുന്നെങ്കിലും കോൾ അറ്റൻഡ് ചെയ്തില്ല. ഫോൺ മേശപ്പുറത്തേക്കു വച്ചിട്ട് എൽസ പുറത്തേക്കിറങ്ങി. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ തിരികെ ഡോക്ടറുടെ വിളിയെത്തി. എൽസ ഓടിവന്നു ഫോൺ എടുത്ത് കാതോടു ചേർത്തു:

"ഹലോ."

''തിരക്കായിരുന്നു. അതുകൊണ്ടാ കോൾ അറ്റൻഡ് ചെയ്യാതിരുന്നത്. എന്താ ഈ സമയത്തൊരു വിളി?"

"നാളെ അമ്മയുടെ ഏഴാണ്. പള്ളിയിൽ കുർബാനയുണ്ട്. ക്ഷണിക്കാൻ വിളിച്ചതാ."

"നാളെ സർജറി ഉണ്ടല്ലോ എൽസേ. സാരമില്ല. കാര്യങ്ങളൊക്കെ ഭംഗിയായിട്ടു നടക്കട്ടെ. ഞാൻ പ്രാർഥിക്കാം. ങ്ഹ... വിഷമമൊക്കെ മാറിയോ?"

"അതു പെട്ടെന്നങ്ങു മാറുമോ ഡോക്ടർ. ഞാൻ ഒറ്റപ്പെട്ടു പോയില്ലേ?"

"ചേച്ചി കൂടെയില്ലേ?"

"ഉണ്ട്. നാളെ തിരിച്ചുപോകും."

"എൽസയ്ക്കു കുറച്ചുകാലം ചേച്ചിയുടെകൂടെ പോയി നിന്നൂടേ? തനിയെ ഇരിക്കുമ്പോഴല്ലേ വിഷമം കൂടുന്നത്?"

"അതിനു പറ്റിയ ഒരു സാഹചര്യമല്ല ഡോക്ടർ ചേച്ചിയുടെ വീട്ടിൽ. ഹസ്ബന്റ് കുടിയനാ. എന്നും വഴക്കും ബഹളവുമാ. ഞാനങ്ങോട്ടു ചെന്നാൽ എന്റെ സങ്കടം കൂടുകയേയുള്ളൂ. ഞാനിവിടെ ഒറ്റയ്ക്കു കഴിഞ്ഞോളാം."

"അതു റിസ്കല്ലേ? രാത്രി തനിച്ച്?"

''തനിച്ചു കിടക്കാൻ പേടിയൊന്നുമില്ല ഡോക്ടർ. ആരെങ്കിലും വന്നു കൊന്നിട്ടു പോയാൽ പോട്ടെ. വേഗം അമ്മേടെ അടുത്ത് എത്താലോ." തമാശയായി അവൾ പറഞ്ഞു.

"ഞാൻ പിന്നെ വിളിക്കാം. അല്പം തിരക്കിലാ."

''ഡോക്ടറുടെ സ്നേഹത്തിന് ഒരുപാട് നന്ദിയുണ്ട് കേട്ടോ. ഞാനെപ്പഴും ഓർക്കും ഇതുപോലൊരു സഹോദരൻ എനിക്കുണ്ടായിരുന്നെങ്കിൽ എന്ന്."

''സന്തോഷായിട്ടിരിക്ക്. പിന്നെ വിളിക്കാം.'' ഫോൺ കട്ടായി.

സന്തോഷവും സങ്കടവും പങ്കുവയ്ക്കാൻ ഒരാളുണ്ടല്ലോ എന്നോർത്തപ്പോൾ എൽസയ്ക്ക് ഒരുപാട് ആശ്വാസം തോന്നി.

അടുത്ത ദിവസം പുലർച്ചെ ടെസിയും എൽസയുംകൂടി പള്ളിയിലേക്കു പുറപ്പെട്ടു. ഒരു പ്ലാസ്റ്റിക് കൂടിൽ കുറെ പൂക്കളും കരുതിയിരുന്നു. കല്ലറയ്ക്കുമീതെ പൂക്കൾ വച്ചിട്ട് രണ്ടുപേരും കൈകൂപ്പിനിന്ന് അമ്മയുടെ ആത്മശാന്തിക്കായി പ്രാർഥിച്ചു.

ആറരയ്ക്കാണ് വിശുദ്ധ കുർബാന. ടെസിയുടെ ഭർത്താവ് ജോണി ഇനിയും എത്തിയിട്ടില്ല.

"ചേട്ടൻ വന്നില്ലല്ലോ ചേച്ചീ. രാവിലെ വരാമെന്നല്ലേ പറഞ്ഞിരുന്നത്?" സിമിത്തേരിയിൽനിന്ന് പള്ളിയിലേക്കു നടക്കുന്നതിനിടയിൽ എൽസ ചോദിച്ചു.


"കുർബാന തീരുന്നേനു മുമ്പ് എത്തുമായിരിക്കും."

ഭർത്താവിനോടുള്ള അമർഷം അവളുടെ വാക്കുകളിൽ പ്രകടമായിരുന്നു.

ടെസിയും എൽസയും ഭക്തിപൂർവം കുർബാനയിൽ പങ്കുകൊണ്ടു. കുർബാന കഴിഞ്ഞ് സെമിത്തേരിയിൽ ഒപ്പീസ്. ജോണി അപ്പോഴേക്കും എത്തിയിട്ടുണ്ടായിരുന്നു. ഒപ്പീസ് കഴിഞ്ഞ് എൽസ അച്ചനോടു പറഞ്ഞു:

"വീടൊന്നു വെഞ്ചിരിക്കണം അച്ചോ. അച്ചൻ വരില്ലേ?

"തീർച്ചയായിട്ടും! ഞാനങ്ങു വന്നേക്കാം. നിങ്ങളു പൊക്കോ."



കുരിശിങ്കലച്ചൻ പള്ളിമേടയിലേക്കു മടങ്ങി.

എൽസയും ടെസിയും നടന്നാണ് വീട്ടിലേക്കു പോയത്. ജോണി മുമ്പേ ബൈക്കിൽ കയറിപ്പോയി.

എൽസ വീട്ടിൽ ചെന്നു കയറിയപ്പോൾ കണ്ടത് ഡൈനിങ് റൂമിലിരുന്നു മദ്യപിക്കുന്ന ജോണിയെയാണ്. അവൾക്കു ദേഷ്യം വന്നു.

''ഇന്നത്തെ ഈ ദിവസം ഇതു വേണമായിരുന്നോ ചേട്ടാ?"

''കഴിച്ചില്ലെങ്കിൽ കൈവിറയ്ക്കും അതുകൊണ്ടാ."

എൽസ പിന്നീടൊന്നും പറഞ്ഞില്ല. പറഞ്ഞിട്ടു പ്രയോജനമില്ലെന്നു തോന്നി. ചേച്ചിയുടെ വിധിയോർത്ത് അവൾ സങ്കടപ്പെട്ടു. ഒരു മുഴുക്കുടിയനെയാണല്ലോ ദൈവമേ അങ്ങ് എന്റെ ചേച്ചിക്കു കൊടുത്തത് എന്ന് അവൾ വിലപിച്ചു.

ഒരു മണിക്കൂർ കഴിഞ്ഞപ്പോഴേക്കും കുരിശിങ്കലച്ചൻ എത്തി. തനിയെ നടന്നാണു വന്നത്. എൽസയും ടെസിയും മുറ്റത്തേക്കിറങ്ങിച്ചെന്ന് അച്ചനു സ്തുതി ചൊല്ലി അകത്തേക്കു ക്ഷണിച്ചിരുത്തി.

"നമുക്ക് വെഞ്ചരിപ്പു കഴിഞ്ഞിട്ടു സംസാരിക്കാം. തിരി കത്തിച്ചോ." അച്ചൻ പറഞ്ഞു.

എൽസ തിരുഹൃദയത്തിന്റെ മുമ്പിൽ മെഴുകുതിരി കത്തിച്ചു. അച്ചൻ എണീറ്റ് പ്രാർഥന തുടങ്ങി.

വെഞ്ചരിപ്പു കഴിഞ്ഞ് കസേരയിൽ വന്നിരുന്നിട്ട് അച്ചൻ പറഞ്ഞു:

"പണ്ട് ഞാനിവിടെ വരുമ്പം സിസിലി ഓടിവന്ന് എന്നെ സ്വീകരിക്കുന്നതും വാതോരാതെ വർത്തമാനം പറയുന്നതുമൊക്കെ ഞാനോർക്കുവാ. പെട്ടെന്നങ്ങു പോയില്ലേ ആള്. വിശ്വസിക്കാൻ പറ്റുന്നില്ല."

കേട്ടപ്പോൾ എൽസയ്ക്കു സങ്കടം വന്നു.

''നിന്റെ വിഷമമൊക്കെ കുറഞ്ഞോ മോളേ?'' അച്ചൻ എൽസയുടെ നേരേ തിരിഞ്ഞു.

"അതങ്ങനെ എളുപ്പം കുറയുമോ അച്ചോ."

അച്ചൻ ടെസിയുടെ നേരേ തിരിഞ്ഞിട്ടു പറഞ്ഞു:

''കുറച്ചു ദിവസം ഇവളെ നിന്റെ വീട്ടിൽ കൊണ്ടേ നിറുത്ത്. എന്തേ?"

ടെസി ഭർത്താവിനെ ഒന്നു നോക്കിയിട്ട് മൗനമായി നിന്നതേയുള്ളൂ.

"ഞാൻ വിളിച്ചതാ അച്ചോ. ഇവള് വരണ്ടേ?'' ജോണി പറഞ്ഞു.

"എന്നാ ടെസി കുറച്ചുനാള് ഈ വീട്ടിൽ താമസിക്കട്ടെ. അവൾക്കൊരു കൂട്ടാകുമല്ലോ." ജോണിയെ നോക്കി അച്ചൻ പറഞ്ഞു.

"അപ്പം അച്ചൻ വന്ന് എന്റെ പിള്ളേരെ നോക്കുകേം എനിക്കു കഞ്ഞിവച്ചു തരികേം ചെയ്യുമോ?"

ജോണിയുടെ ചോദ്യം കേട്ട് അച്ചൻ വല്ലാതായി. അങ്ങനെയൊരു മറുപടി പ്രതീക്ഷിച്ചില്ലായിരുന്നു. ഇങ്ങനെയൊരു മൊശകോടനെയാണല്ലോ ഈ പാവം പെണ്ണിനു ഭർത്താവായി കിട്ടിയതെന്ന് മനസ്സിലോർത്തു. അച്ചൻ എണീറ്റിട്ട് എൽസയെയും ടെസിയെയും നോക്കിപ്പറഞ്ഞു:

"ഞാൻ പോട്ടെ മോളേ."

''അച്ചാ, കാപ്പികുടിച്ചിട്ടു പോകാം. ഞാനിപ്പം എടുക്കാം."

ടെസി അടുക്കളയിലേക്കു പോകാൻ തിരിഞ്ഞപ്പോൾ അച്ചൻ പറഞ്ഞു:

''വേണ്ട മോളെ... ഞാൻ കാപ്പി കുടിച്ചിട്ടാ വരുന്നത്. പിന്നൊരു ദിവസം വരാം."

മറുപടിക്കു കാത്തുനിൽക്കാതെ അച്ചൻ പുറത്തേക്കിറങ്ങി റോഡിലേക്കു നടന്നു.

എൽസയ്ക്കു സങ്കടം വന്നു. ജോണിയെ രൂക്ഷമായി ഒന്നുനോക്കിയിട്ട് അവൾ അടുക്കളയിലേക്കു പോയി.

ബ്രേക്ക് ഫാസ്റ്റ് കഴിച്ചിട്ട് ടെസി പോകാനായി വേഷം മാറി. മുടി ചീകിക്കൊണ്ടിരിക്കുമ്പോൾ എൽസ മുറിയിലേക്കു ചെന്നു.

"ചേച്ചി ഇനി എന്നു വരും?"

"അറിയില്ല കൊച്ചേ! ചേട്ടൻ വിട്ടാലല്ലേ വരാൻ പറ്റൂ. കുറച്ചു മുമ്പ് അച്ചനോടു പറഞ്ഞത് നീ കേട്ടതല്ലേ? ഇതാ സ്വഭാവം. എന്തേലും പറഞ്ഞാൽ ചാടിക്കടിക്കാൻ വരും. ചേട്ടൻമാത്രമല്ല, അമ്മയും."

സ്വരം താഴ്ത്തി ടെസി പറഞ്ഞു.

''അച്ചന് അടികിട്ടിയപോലായിപ്പോയി. ഒന്നും മിണ്ടാതെ പെട്ടെന്ന് ഇറങ്ങിപ്പോയതു കണ്ടില്ലേ." എൽസ പറഞ്ഞു.

"അതെങ്ങനാ, രാവിലെ തുടങ്ങിയില്ലായിരുന്നോ വെള്ളമടി. നീ കണ്ടില്ലേ വലിച്ചുകേറുന്നത്. എന്റെ വിധി; അല്ലാതെന്തു പറയാൻ."

ടെസി ഒന്നു നെടുവീർപ്പിട്ടു.

വേഷം മാറി അവൾ പുറത്തേക്കിറങ്ങിച്ചെന്നപ്പോൾ പോകാൻ റെഡിയായി ബൈക്കിനു സമീപം വന്നു നില്പുണ്ടായിരുന്നു ജോണി. ടെസി അടുത്തുചെന്നതും ജോണി ദേഷ്യപ്പെട്ടു.

''അരമണിക്കൂറായല്ലോ മേക്കപ്പ് റൂമിലേക്കു കേറീട്ട്. ഒന്നു കേറ് വേഗം. നേരം ഒരുപാടായി."

ജോണി ബൈക്ക് സ്റ്റാർട്ട് ചെയ്തു. പിന്നിൽ കയറി ഇരുന്നിട്ട് തല തിരിച്ച് ടെസി വീട്ടിലേക്കു നോക്കി. വരാന്തയിൽ തൂണിൽ പിടിച്ച് സങ്കടഭാരത്തോടെ എൽസ നിൽക്കുന്നു. ടെസി കൈവീശി. എൽസ തിരിച്ചും കൈവീശി.

ബൈക്ക് കണ്ണിൽനിന്നകന്നപ്പോൾ ഒരു ദീർഘശ്വാസം വിട്ടിട്ട് എൽസ വീടിനകത്തേക്കു കയറി.

നേരം ഉച്ചയായി, സന്ധ്യയായി, രാത്രിയായി.

ഇരുട്ടു വീണപ്പോൾ എൽസയ്ക്കു തെല്ലു ഭയം തോന്നി. ഈ രാത്രി ഒറ്റയ്ക്കു കഴിയണമല്ലോ. ഇത്രനാളും ചേച്ചി ഉണ്ടായിരുന്നതുകൊണ്ട് പേടി തോന്നിയില്ല. ഇനി എല്ലാ ദിവസവും ഒറ്റയ്ക്ക്! ഓർത്തപ്പോൾ സങ്കടം വന്നു.

എത്ര സ്നേഹമുള്ള അമ്മയായിരുന്നു. പോയില്ലേ പെട്ടെന്ന്. അമ്മയുടെ ആത്മാവ് തനിക്കു കൂട്ടായിട്ട് എന്നും ഈ വീട്ടിലുണ്ടാവും. അങ്ങനെ സമാധാനിച്ചു അവൾ.

*ശേഷം 15-ാം പേജിൽ*




ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

അമേരിക്കയുടെ 47-ാമത് പ്രസിഡന്റ് ആരെന്നു നവംബർ അഞ്ചാം തീയതി നിശ്ചയിക്കപ്പെടും. നാലു വർഷം കൂടുമ്പോഴാണ് തിരഞ്ഞെടുപ്പ്. തുടർച്ചയായി ഒരാൾക്ക് രണ്ടു തവണയിൽ കൂടുതൽ പ്രസിഡന്റുപദവിയിലായിരിക്കാനാവുകയില്ല. മരിക്കുന്നതുവരെ അധികാരസ്ഥാനത്ത് എന്ന രീതി അമേരിക്കയിലില്ല.

1845 മുതൽ അമേരിക്കയിൽ തിരഞ്ഞെടുപ്പുദിനം നവംബർ മാസത്തിലെ ആദ്യത്തെ തിങ്കളാഴ്ചയ്ക്കുശേഷം വരുന്ന ചൊവ്വാഴ്ചയാണ്. ക്രൈസ്തവരാജ്യമായ അമേരിക്കയിൽ ഞായറാഴ്ചദിവസം വോട്ടെടുപ്പു നടക്കില്ല. കാരണം, അന്ന് ഞായറാഴ്ചയാചരണമുണ്ട്. അത് വിശ്രമദിവസവുമാണ്. ബുധനാഴ്ചയും പറ്റില്ല. കാരണം, അന്ന് ഉത്പന്നങ്ങളുടെ വിപണനം നടക്കുന്ന ചന്തദിവസമാണ്. അതുകൊണ്ട് ചൊവ്വാഴ്ച തിരഞ്ഞെടുത്തു. നവംബർമാസത്തോടെ അമേരിക്കയിൽ വിളവെടുപ്പ് അവസാനിക്കും. അതുകൊണ്ടാണ് അന്ന് കാർഷികരാജ്യമായിരുന്ന അമേരിക്ക തിരഞ്ഞെടുപ്പിനുവേണ്ടി നവംബർ മാസം നിശ്ചയിച്ചത്. ഇന്ന് രണ്ടു ശതമാനത്തിൽ താഴെ അമേരിക്കക്കാരേ കർഷകരായിട്ടുള്ളൂവെങ്കിലും തിരഞ്ഞെടുപ്പുമാസം മാറ്റിയിട്ടില്ല.

# അമേരിക്കയുടെ അധികാരി ഇനി ആര്?





അമേരിക്കൻതിരഞ്ഞെടുപ്പ് ലോകംമുഴുവൻ ചർച്ചയാകുന്നത് അമേരിക്കൻ പ്രസിഡന്റുപദവി അത്ര പ്രധാനപ്പെട്ടതായതുകൊണ്ടാണ്. അമേരിക്കയുടെ സാമ്പത്തികനയം, വിദേശനയം, കുടിയേറ്റനയം, യുദ്ധത്തോടുള്ള സമീപനം മുതലായ കാര്യങ്ങൾ ലോകക്രമത്തെത്തന്നെ സ്വാധീനിക്കുന്നതാണ്. അമേരിക്കൻ പ്രസിഡന്റുപദവി ലോകത്തിലെ ഏറ്റവും വലിയ അധികാരകേന്ദ്രമാണ്. അവിടെ പ്രസിഡൻഷ്യൽ ഭരണരീതി നിലനില്ക്കുന്നു എന്നതാണ് അതിനു കാരണം. അമേരിക്കയിൽ സർക്കാരിന്റെ തലവനും രാഷ്ട്രത്തിന്റെ തലവനും ഒരാൾതന്നെയാണ്. എന്നാൽ, ഇന്ത്യപോലെയുള്ള ജനാധിപത്യരാജ്യങ്ങളിൽ ഭരണത്തിന്റെ തലവൻ പ്രധാനമന്ത്രിയും രാഷ്ട്രത്തിന്റെ തലവൻ പ്രസിഡന്റുമത്രേ. രണ്ട് അധികാരങ്ങളും ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കുന്നതുകൊണ്ടാണ് അമേരിക്കൻപ്രസിഡന്റ് മറ്റാരെക്കാളും ശക്തനായി മാറുന്നത്.

അമേരിക്കയിൽ പ്രധാനമായും രണ്ടു പാർട്ടികളാണുള്ളത്. 1828 ൽ സ്ഥാപിതമായ ഡെമോക്രാറ്റിക് പാർട്ടിയും 1854 ൽ നിലവിൽവന്ന റിപ്പബ്ലിക്കൻ പാർട്ടിയും. രണ്ടു പാർട്ടികളും രാജ്യം മാറിമാറി ഭരിച്ചിട്ടുണ്ട്. ഡെമോക്രാറ്റുകൾ പൊതുവെ പുരോഗമനചിന്താഗതിക്കാരാണ്. പ്രതിരോധത്തിനും രാജ്യസുരക്ഷയ്ക്കുമായി അവർ ബഡ്ജറ്റിൽ കുറച്ചു തുക ഉൾക്കൊള്ളിക്കുന്നു. അവരുടേത് പൊതുവെ കുടിയേറ്റസൗഹൃദനയമാണ്. നികുതി വർധിപ്പിച്ച് അത് സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്കു പ്രയോജനപ്പെടുത്തണമെന്നാണ് അവരുടെ പക്ഷം. കാലാവസ്ഥാവ്യതിയാനം യാഥാർഥ്യമാണെന്ന് അവർ വിശ്വസിക്കുകയും അതിനു പ്രതിവിധി ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. തോക്കുനിയന്ത്രണം വേണമെന്ന് അവർ ആവശ്യപ്പെടുന്നു.

ഡെമോക്രാറ്റുകൾ പൊതുവെ കത്തോലിക്കരാണെങ്കിലും ഗർഭച്ഛിദ്രം നിയമാനുസൃതമാക്കണമെന്നു വാദിക്കുന്നവരാണ്. സാമൂഹികസുരക്ഷാപദ്ധതി സർക്കാർതന്നെ ഏറ്റെടുത്തു നടത്തണമെന്ന പക്ഷക്കാരാണ് ഡെമോക്രാറ്റുകൾ. ഒബാമ കെയർ പദ്ധതി അത്തരത്തിലുള്ള ക്ഷേമപദ്ധതിയത്രേ.

റിപ്പബ്ലിക്കൻ പാർട്ടിക്കാർ പൊതുവെ യാഥാസ്ഥിതിക മനോഭാവക്കാരാണ്. പ്രതിരോധബഡ്ജറ്റ് ഉയർത്തണമെന്ന് അവർ വാദിക്കുന്നു. തോക്കുനിയമത്തിൽ അയവ് അവർ ആഗ്രഹിക്കുന്നു. നികുതി കൂട്ടണ്ടാ എന്ന ചിന്തയാണ് അവർക്ക്. ആരോഗ്യപരിരക്ഷ ഉൾപ്പെടെയുള്ള സാമൂഹികക്ഷേമപദ്ധതികൾ സ്വകാര്യമേഖലയിലാകട്ടെ എന്ന നിലപാടാണ് റിപ്പബ്ലിക്കൻ പാർട്ടിക്ക്. കുടിയേറ്റം കർശനമായി തടയണമെന്ന പക്ഷക്കാരാണവർ. റിപ്പബ്ലിക്കൻ പാർട്ടിക്കാർ പൊതുവെ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാരാണെങ്കിലും ഗർഭച്ഛിദ്രനിയമനിർമാണത്തെ അവർ എതിർക്കുന്നു.

അമേരിക്കൻ തിരഞ്ഞെടുപ്പുരീതി ഇന്ത്യയുടേതിൽനിന്നു വ്യത്യസ്തമാണ്. അവർ പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും നേരിട്ടല്ല തിരഞ്ഞെടുക്കുന്നത്. പ്രസിഡന്റിനെ തിരഞ്ഞെടുക്കാനുള്ള ഇലക്ടറൽ കോളജിനെയാണ് ജനം തിരഞ്ഞെടുക്കുന്നത്. അമേരിക്കയിലെ 50 സംസ്ഥാനങ്ങളിലും ജനസംഖ്യാനുപാതമനുസരിച്ച് ഇലക്ടറൽ കോളജ് അംഗങ്ങളുണ്ട്. ആകെ 538 പേരാണുള്ളത്. അതിൽ 100 പേർ ഉപരിസഭയായ സെനറ്റ് അംഗങ്ങളാണ്. 538 ൽ 270 ഇലക്ടറൽ വോട്ടു നേടുന്ന സ്ഥാനാർഥിയാണ് അമേരിക്കൻ പ്രസിഡന്റായി വൈറ്റ്ഹൗസിൽ ചുമതലയേൽക്കുന്നത്. ഒരു സംസ്ഥാനത്തെ ഇല്കടറൽ വോട്ടുകളിൽ കൂടുതൽ ആരു കരസ്ഥമാക്കുന്നുവോ മുഴുവൻ വോട്ടുകളും അദ്ദേഹത്തിന് ലഭിക്കുന്നതായാണ് അവിടുത്തെ ധാരണയും നിയമവും.

ഏതാണ്ട് ഒരു വർഷം നീണ്ടുനില്ക്കുന്ന തിരഞ്ഞെടുപ്പുപ്രക്രിയയാണ് അമേരിക്കയുടേത്. ഫെബ്രുവരിമാസത്തിൽ ആരംഭിക്കുന്ന തിരഞ്ഞെടുപ്പുപ്രവർത്തനത്തിന് നാലു ഘട്ടങ്ങളുണ്ട്. ആദ്യത്തേത് 'പ്രൈമറി' എന്ന പേരിലറിയപ്പെടുന്നു. ഒരു പാർട്ടിയിൽ ഒന്നിലധികം സ്ഥാനാർഥികളുണ്ടാകും. അവരിൽനിന്ന് പ്രാദേശിക വോട്ടെടുപ്പിലൂടെ ഒരാളെ സ്ഥാനാർഥിയായി കണ്ടെത്തുന്നു. രണ്ടാമത്തെ ഘട്ടം നാഷണൽ കൺവെൻഷനാണ്. ഈ സമ്മേളനത്തിലാണ് പ്രസിഡന്റ് സ്ഥാനാർഥിയെ പാർട്ടി പ്രഖ്യാപിക്കുന്നത്. രണ്ടു പാർട്ടികളുടെയും സ്ഥാനാർഥികൾ നിശ്ചയിക്കപ്പെട്ടാൽ അടുത്ത പടി നാഷണൽ ഡിബേറ്റുകളാണ്. പാർട്ടിയുടെ നയപരിപാടികൾ പരിശോധിക്കാനും സ്ഥാനാർഥികളുടെ മികവ് വിലയിരുത്താനുമുള്ള അവസരമാണത്. നാലാമത്തെ ഘട്ടമാണ് തിരഞ്ഞെടുപ്പുദിനത്തിലെ വോട്ട്.

രണ്ടു പാർട്ടികൾക്കും പരമ്പരാഗതവോട്ടുബാങ്കുകളുണ്ട്. പട്ടണപ്രദേശങ്ങൾ പൊതുവെ ഡെമോക്രാറ്റുകൾക്കും ഗ്രാമപ്രദേശങ്ങൾ റിപ്പബ്ലിക്കൻപാർട്ടിക്കും അനുകൂലമാണ്. ഇരുപാർട്ടികൾക്കും മാറിമാറി വോട്ടുചെയ്യുന്ന 'സ്പിഗ് സ്റ്റേറ്റുക'ളാണ് നിർണായകമാവുക.

---

കവിത 3 എം. എസ്. ചാമക്കാല

## എന്റെ ദൈവം

മാനവനാത്മാവിൽ വീണ്ടും ജനിക്കായ്കി-
ലീജന്മംതന്നെ വിഫലമാകും
ദേഹത്തിൽനിന്നു ജനിച്ചവയൊക്കെയും
വേഗത്തിൽത്തന്നെ നശിച്ചുപോകും

ആത്മാവിൽനിന്നു ജനിച്ചതാണെങ്കിലോ
അമരത്വം പൂണ്ടു ജ്വലിച്ചുനില്ക്കും
ഇപ്പരമാർഥമാ നിക്കേദേമൂസിനോ-
ടേവമരുളിയോനെന്റെ ദൈവം

താബോർമാമലമേലെയൊരായിരം
സൂര്യനൊരുമിച്ചുദിച്ചപോലെ
കണ്ണഞ്ചിപ്പോം പ്രഭാപൂരത്തിനുള്ളിലെ-
യഞ്ചിതരൂപമാണെന്റെ ദൈവം

ഓശാന ഓശാന ദാവീദിൻ സത്പുത്ര-
നോശാനഗീതികൾ കേട്ടു മന്ദം
തോരണാലംകൃതവീഥിയിൽ നീങ്ങിടും
രാജാധിരാജനാണെന്റെ ദൈവം

അദ്വിവ്യഭോജനശാലയിൽ തൻരക്തം
വീഞ്ഞായും മാംസം നൽപൂപമായും
മാനുഷരോടെന്നുമൊന്നിച്ചിരിക്കുവാൻ
കൂദാശചെയ്തവനെന്റെ ദൈവം

"പ്രാഥമ്യമായൊരു ശാസനം നല്കുന്നു
പ്രാധാന്യമോടതു പാലിക്കണം
പ്രേമമാണല്ലോയെൻ ശിഷ്യർക്കടയാളം"
പ്രീതിയോടോതിനാനെന്റെ ദൈവം

ശിഷ്യനഭിവന്ദ്യനല്ല ഗുരുവിലും
ദാസനോ നാഥനോടൊപ്പമല്ല
എങ്കിലും ശിഷ്യർതൻ പാദം കഴുകിടും
ലോകൈകനാഥനാണെന്റെ ദൈവം

അക്കരിങ്കല്ലിൽ തൻ ജാനുക്കളൂന്നിയു-
മക്ഷികളാകാശത്തേക്കുയർന്നും
ഗത്സമേൻതോട്ടത്തിലേകാഗ്രചിത്തനായ്
പ്രാർഥിക്കും രൂപമാണെന്റെ ദൈവം

കാൽവരിക്കുന്നിലെ പീഡനമോർത്തോർത്ത്
കായം വിയർത്തു തളർന്നിരിക്കേ
വേദനയേറി വിയർപ്പുപോൽ ശുദ്ധമാം
ചോരചൊരിഞ്ഞവനെന്റെ ദൈവം

"എത്രയോ സമ്മതം ചൊല്ലി ഞാൻ
പോന്നതാ-
ണിത്ര കഠിനമെന്നോർത്തതില്ല
എൻ പ്രിയതാതാ! തിരുവുള്ളമുണ്ടെങ്കി-
ലീപാനപാത്രമെടുത്തുമാറ്റൂ
എന്നിഷ്ടമല്ല, നിന്നിഷ്ടം നിറവേറ-
ട്ടെ"ന്നു കീഴ്പ്പെട്ടവനെന്റെ ദൈവം

ചമ്മട്ടിത്തല്ലേറ്റുടലുമുറിഞ്ഞയ്യോ!
ചോരയും മാംസവുമൊത്തുവീഴ്കേ
കല്ലും കരഞ്ഞുപോം വേദനയേറ്റേറ്റു
കൽത്തൂണിൽ ബന്ധിതനെന്റെ ദൈവം

സർവേശ്വരപുത്രനാം രക്ഷകൻ താനെന്ന
സത്യമുരച്ചതിൻ ശിക്ഷയായി
മുൾമുടി മൗലിയിൽ ചേർത്തു പരിഹാസ
രാജനായ്ത്തീർന്നവനെന്റെ ദൈവം.

രാജാധിരാജപ്രതിനിധി നാളെ തൻ
മോഹത്തിൻ മുമ്പിൽ മയങ്ങിനില്ക്കേ
ക്രൂശിൽത്തറച്ചു വധിക്കാനായ് വൈരികൾ-
ക്കേല്പിക്കപ്പെട്ടവനെന്റെ ദൈവം. (തുടരും)

# സ്നേഹം തുളുമ്പുന്ന തിരുഹൃദയം

(1-ാം പേജ് തുടർച്ച)

അവന്റെ ഹൃദയത്തിന്റെ വൈകാരികമായ സ്നേഹം, അവന്റെ ആധ്യാത്മികസ്നേഹത്തിന്റെ മാനുഷിക, ദൈവികഭാവങ്ങൾ എന്നിവയാണവ. പരിമിതികൾ നിറഞ്ഞ ഒരിടത്ത് അപരിമിതമായ ഒരു സ്നേഹം നാം കണ്ടെത്തുന്നു(67).

മാനുഷിക, ദൈവികസ്നേഹങ്ങൾ ഒരുമിച്ചുചേരുന്ന ഇടമെന്ന രീതിയിൽ ക്രിസ്തുവിന്റെ ഹൃദയം വിശ്വാസികളുടെ വണക്കത്തിനു പ്രത്യേകം യോഗ്യമാണ്. ഈയൊരു ചിന്തയ്ക്ക് ആഴം കൂട്ടുന്ന ഒരു പ്രസ്താവന ഫ്രാൻസിസ് പാപ്പാ നടത്തുന്നുണ്ട്. യേശുവിന്റെ ഹൃദയം മുഴുവൻസുവിശേഷത്തിന്റെയും ഒരു സംക്ഷിപ്തരൂപമാണ്(83).

**സ്വയം പാനീയമായി നൽകുന്ന സ്നേഹം**

ദൈവസ്നേഹത്തിനായുള്ള മനുഷ്യരുടെ ദാഹം തീർക്കുന്ന, അവരെ കഴുകി വിശുദ്ധരാക്കുന്ന ഉറവയായാണ് യേശുവിന്റെ ഹൃദയത്തെ പാപ്പാ, ഈ ചാക്രികലേഖനത്തിന്റെ നാലാം അധ്യായത്തിൽ പഴയ, പുതിയ നിയമങ്ങളുടെയും സഭാചരിത്രത്തിന്റെയും അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നത്. പഴയനിയമത്തിലെ സക്കറിയയുടെ പുസ്തകത്തിൽ ദൈവസ്നേഹത്തിനായുള്ള ജനത്തിന്റെ ആഗ്രഹം ശമിപ്പിക്കുന്ന, അവരെ ശുദ്ധരാക്കുന്ന ഒരു ഉറവയായാണ് ദൈവം തന്നെത്തന്നെ അവതരിപ്പിക്കുന്നത് (95). ദൈവത്തിനായുള്ള നമ്മുടെ ഹൃദയത്തിന്റെ ദാഹം ശമിപ്പിക്കുന്ന ആത്മാവിന്റെ ജലത്തിന്റെ ഉറവയായാണ് യേശുവിന്റെ മുറിവേറ്റ തിരുഹൃദയത്തെക്കുറിച്ച് ക്രൈസ്തവസഭാപിതാക്കന്മാർ പഠിപ്പിക്കുന്നത്.

ദൈവവുമായുള്ള കണ്ടുമുട്ടലിന്റെ ഇടമയാണ് തിരുഹൃദയവണക്കത്തെ വിശുദ്ധ അഗസ്റ്റിൻ കാണുന്നത്(103). ക്രിസ്തുവിന്റെ തിരുമുറിവിനെ അവന്റെ ഹൃദയവുമായി ബന്ധപ്പെടുത്തിയാണ് പലപ്പോഴും ചിത്രീകരിച്ചുവന്നത്(109). ജീവന്റെയും ആന്തരിക സമാധാനത്തിന്റെയും ഇടമായ യേശുവിന്റെ ഹൃദയത്തോടു ചേർന്നിരിക്കുന്ന അനുഭവത്തെക്കുറിച്ച് പല വിശുദ്ധരും പറയുന്നുണ്ട് (110). ഇവരിൽ ഒരാൾ ഫ്രാൻസിസ് ദേ സാലസ് പുണ്യവാനാണ് (118).

തിരുഹൃദയവണക്കവുമായി ബന്ധപ്പെട്ട പേരുകളിൽ പ്രധാനപ്പെട്ട ചിലത് വിശുദ്ധ മാർഗരറ്റ് മേരി അലക്കോക്ക്, ലിസ്യുവിലെ വിശുദ്ധ ത്രേസ്യ, വിശുദ്ധ ഇഗ്നേഷ്യസ് ലയോള, വിശുദ്ധ ഫൗസ്തീന കൊവാൾസ്ക തുടങ്ങിയവരുടേതാണ്. 1673 ഡിസംബറിനും 1675 ജൂണിനും ഇടയിലായി, പരായ് ല് മൊണിയാൽ എന്നയിടത്തുവച്ച് വിശുദ്ധ മാർഗരറ്റ് മേരി അലക്കോക്കിന് യേശുവിന്റെ ദർശനങ്ങൾ ലഭിച്ചിട്ടുണ്ട്. 'മനുഷ്യരോടുള്ള തന്റെ സ്നേഹം വെളിവാക്കുവാനായി, തന്നെത്തന്നെ ശൂന്യമാക്കുകയും വ്യയം ചെയ്യുകയും, ഒന്നും സ്വന്തമായി മാറ്റിവയ്ക്കാതിരിക്കുകയും ചെയ്ത ഹൃദയം' എന്നാണ് യേശുവിന്റെ തിരുഹൃദയത്തെക്കുറിച്ച് വിശുദ്ധ ഫൗസ്തീന പറയുന്നത്(121). തന്റെ ഹൃദയത്തോടു ചേർന്ന് മിടിക്കുന്ന യേശുവിന്റെ ഹൃദയത്തെക്കുറിച്ചാണ് ലിസ്യുവിലെ വിശുദ്ധ ത്രേസ്യ പറയുന്നത്(134).

ഈശോസഭയുടെ ചരിത്രത്തിൽ തിരുഹൃദയവണക്കവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ചില കാര്യങ്ങളും ഫ്രാൻസിസ് പാപ്പാ തന്റെ ചാക്രികലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒന്ന്, ധ്യാനങ്ങളുമായി ബന്ധപ്പെട്ട് പഠിപ്പിക്കുന്ന അവസരത്തിൽ, ഹൃദയങ്ങൾ തമ്മിലുള്ള സംഭാഷണംവഴി യേശുവിന്റെ ഹൃദയത്തിലേക്കു പ്രവേശിക്കുന്നതിനെപ്പറ്റി വിശുദ്ധ ഇഗ്നേഷ്യസ് ലയോള പറയുന്നതിനെക്കുറിച്ചാണ്. ഈശോസഭയെ 1871 സെപ്റ്റംബറിൽ ഫാ. പിറ്റെർ യാൻ ബെക്സും 1972-ൽ ഫാ. പേദ്രോ അറുപ്പേയും യേശുവിന്റെ തിരുഹൃദയത്തിനു സമർപ്പിക്കുന്നതിനെക്കുറിച്ചും പാപ്പാ എഴുതുന്നുണ്ട് (146).

ഉത്ഥിതനായ ക്രിസ്തുവിന്റെ മഹത്ത്വപൂർണ്ണമായ ജീവിതത്തെക്കുറിച്ചും, ദൈവിക കാരുണ്യത്തെക്കുറിച്ചുമാണ് വിശുദ്ധ ഫൗസ്തീന കൊവാൾസ്ക പറയുന്നത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ വിചിന്തനങ്ങളിലും തിരുഹൃദയഭക്തിയും ദൈവിക കാരുണ്യവുമൊക്കെ കടന്നുവരുന്നുണ്ട്(149). മുറിവേല്പിക്കപ്പെട്ട യേശുവിന്റെ പാർശ്വത്തിൽനിന്നൊഴുകുന്ന അനന്തമായ സ്നേഹത്തെക്കുറിച്ചു ചിന്തിക്കുന്ന നാം സ്നേഹംമൂലം കർത്താവ് കടന്നുപോകുന്ന സഹനങ്ങളെക്കുറിച്ചുകൂടി ചിന്തിക്കേണ്ടതുണ്ടെന്നു ചാക്രികലേഖനം നമ്മെ ഓർമിപ്പിക്കുന്നു(151). ദൈവത്തിൽനിന്ന് ആശ്വാസം നേടുന്നത്, കഷ്ടതയിലൂടെ കടന്നുപോകുന്നവർക്ക് സാന്ത്വനമാകാനുള്ള നമ്മുടെ കടമയെക്കുറിച്ചുകൂടി നമ്മെ ബോധവാന്മാരാക്കണം(162).

**സ്നേഹത്തിനായുള്ള സ്നേഹം**

ചാക്രികലേഖനത്തിന്റെ അഞ്ചാം അധ്യായത്തിൽ, തിരുഹൃദയവണക്കവും ദൈവസ്നേഹവുമായി ബന്ധപ്പെട്ട സാമൂഹികതലമാണ് പാപ്പാ വിശകലനം ചെയ്യുന്നത്. യേശുവിന്റെ തിരുഹൃദയത്തോടുള്ള യഥാർഥവണക്കം നമ്മെ പിതാവിന്റെ സ്നേഹത്തിലേക്കു നയിക്കുന്നതിനൊപ്പം, നമ്മുടെ സഹോദരീസഹോദരന്മാരിലേക്കുകൂടി നയിക്കണമെന്ന് പാപ്പാ ഉദ്ബോധിപ്പിക്കുന്നു(163). നമുക്കായി അവൻ നൽകുന്ന സ്നേഹത്തെപ്രതി നമുക്കു ചെയ്യാവുന്ന ഏറ്റവും ഉന്നതമായ പ്രവൃത്തികളിലൊന്ന്, നമ്മുടെ സഹോദരീസഹോദരന്മാരോടുള്ള സ്നേഹമാണ് (166). ഈയൊരു സ്നേഹമാതൃകയായി വിശുദ്ധ ചാൾസ് ദ് ഫുക്കോയുടെ ഉദാഹരണം പാപ്പാ മുന്നോട്ടു



വയ്ക്കുന്നുണ്ട്. സഹനമനുഭവിക്കുന്ന മാനവികതയ്ക്കു മുഴുവൻ അഭയമേകാനാണ് അദ്ദേഹം പരിശ്രമിച്ചത് (179). വൈരാഗ്യത്തിന്റെയും അക്രമത്തിന്റെയും അവശിഷ്ടങ്ങളുടെമേൽ സ്നേഹത്തിന്റെ സംസ്കാരം, യേശുവിന്റെ തിരുഹൃദയത്തിന്റെ രാജ്യം പണിയപ്പെടാൻവേണ്ടി നമ്മെത്തന്നെ 'പരിഹാരമായി' ക്രിസ്തുവിന്റെ ഹൃദയത്തിനു സമർപ്പിക്കുന്നതിനെക്കുറിച്ചും (182), സഭയുടെ മിഷന്നിദൗത്യത്തെക്കുറിച്ചും വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ ഉദ്ബോധിപ്പിക്കുന്നത് ഈ ചാക്രികലേഖനത്തിൽ പാപ്പാ പരാമർശിക്കുന്നുണ്ട്. ഒരുപാടു കാര്യങ്ങൾ ചെയ്യുന്നതിനിടെ, ലോകത്തിന് ക്രിസ്തുവിന്റെ സ്നേഹത്തെ അനുഭവിച്ചറിയാൻവേണ്ടി പ്രവർത്തിക്കാൻ ക്രൈസ്തവർക്കുള്ള ഉത്തരവാദിത്വം മറന്നുപോകരുതെന്നതിനെക്കുറിച്ച് പോൾ ആറാമൻ പാപ്പാ പറഞ്ഞതും ഫ്രാൻസിസ് പാപ്പാ ഓർമിപ്പിക്കുന്നുണ്ട് (206, 209).

അളവുകളും പരിധികളുമില്ലാതെ നമ്മെ സ്നേഹിച്ച, നമ്മുടെ രക്ഷയ്ക്കായി അവസാനത്തുള്ളി രക്തംവരെയും ചിന്തിയ ക്രിസ്തുവിന്റെ സ്നേഹം തിരിച്ചറിഞ്ഞു ജീവിക്കാം. നമ്മുടെ ഹൃദയമുറിവുകളെ അവന്റെ തിരുവിലാവിൽ നിന്നൊഴുകുന്ന ജീവജലത്താൽ സൗഖ്യമാക്കാം. നമ്മുടെ കഴിവുകളോ ബുദ്ധിശക്തിയോ വിശ്വസ്തതയോ നോക്കാതെ, നാം സ്നേഹിക്കുന്നതിനുമുമ്പ, നാം സ്നേഹിക്കുന്നതിലധികമായി, നമ്മെ സ്നേഹിച്ച ദൈവപുത്രന്റെ സ്നേഹം പ്രാർഥനയിലൂടെയും മനനത്തിലൂടെയും ദൈവവുമായുള്ള സ്നേഹസംഭാഷണത്തിലൂടെയും, ഹൃദയത്തിൽ അനുഭവിക്കാൻ പരിശ്രമിക്കാം. നമുക്കായി അവനേറ്റ സഹനങ്ങളും പീഡനങ്ങളും അനുസ്മരിക്കാം. നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും ചൊരിയപ്പെടുന്ന അവന്റെ ദിവ്യസ്നേഹവും കരുണയും നമ്മുടെ സഹോദരങ്ങളോടുള്ള സ്നേഹത്തിലും കരുണയിലും ശുശ്രൂഷയിലും ജീവിക്കാം. 'ദിലേക്സിത് നോസ്' - അവൻ നമ്മെ സ്നേഹിക്കുന്നു.

■

# ആരോഗ്യമുള്ള ഭക്ഷണക്രമം അനിവാര്യം

## മന്ത്രി പി. പ്രസാദ്



*പാലായിൽ സെന്റ് തോമസ് പ്രസിനു സമീപം ആരംഭിച്ച കേരളഗ്രോ ജില്ലാ സ്റ്റോറിന്റെ ഉദ്ഘാടനം മന്ത്രി പി. പ്രസാദ് നിർവഹിക്കുന്നു. മാർ ജോസഫ് കല്ലറങ്ങാട്ട്, ജോസ് കെ. മാണി എം.പി., മാണി സി. കാപ്പൻ എം.എൽ.എ., പി.എസ്.ഡബ്ളിയു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, മുനിസിപ്പൽ ചെയർമാൻ ഷാജു വി. തുരുത്തൻ, മുനിസിപ്പൽ കൗൺസിലർ വി.സി. പ്രിൻസ് എന്നിവർ സമീപം.*

പാലാ: അശാസ്ത്രീയമായ ഭക്ഷണരീതി ഉപേക്ഷിച്ച് ആരോഗ്യമുള്ള ഭക്ഷണക്രമത്തിലേക്കു മാറാൻ മലയാളികൾക്കു സാധിക്കണമെന്ന് കൃഷിവകുപ്പുമന്ത്രി പി. പ്രസാദ്. പാലായിൽ സെന്റ് തോമസ് പ്രസിനു സമീപം ആരംഭിച്ച കേരളാഗ്രോ ജില്ലാ സ്റ്റോറിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

പ്രാഥമികമേഖലയ്ക്കൊപ്പം ദ്വിതീയ മേഖലയിലും കർഷകർ മുന്നേറണമെന്നും കൃഷിക്കാർ എന്നതിലുപരി സംരംഭകരായി മാറാൻ കർഷകർക്കു സാധിക്കണമെന്നും മന്ത്രി പറഞ്ഞു. കൃഷിയിലേക്കും കാർഷിക സംരംഭങ്ങളിലേക്കും കൂടുതൽ പേരെ ആകർഷിച്ച് കർഷകർക്ക് അനുകൂലമായ വിപണനസംവിധാനം ഒരുക്കുന്നതിന്റെയും ഭാഗമായി സംസ്ഥാന കൃഷിവകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന കേരളാഗ്രോ സ്റ്റോറുകൾ വിപണിയിൽ ചലനങ്ങൾ സൃഷ്ടിക്കുമെന്നും മന്ത്രി പറഞ്ഞു.

പാലാ രൂപതയെന്നാൽ കർഷകരൂപതയാണെന്നും കർഷകരുടെ മുന്നേറ്റപ്രവർത്തനങ്ങളിൽ സർക്കാർ ഏജൻസികളുമായി സഹകരിക്കാൻ രൂപത ആഗ്രഹിക്കുന്നതിന്റെ തെളിവാണ് പാലായിലെ കേരളാഗ്രോ സ്റ്റോറെന്നും രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു.

സമ്മേളനത്തിൽ മാണി സി. കാപ്പൻ എം.എൽ. എ അധ്യക്ഷത വഹിച്ചു. കേരളാഗ്രോ ഉത്പന്നങ്ങളുടെ ആദ്യവില്പന ജോസ് കെ. മാണി എം.പി നിർവഹിച്ചു. മുനിസിപ്പൽ ചെയർമാൻ ഷാജു.വി. തുരുത്തൻ, മുനിസിപ്പൽ കൗൺസിലർ വി.സി. പ്രിൻസ്, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ജോ ജോസ് സി, ആത്മാ പ്രോജക്ട് ഡയറക്ടർ അബ്രാഹം സെബാസ്റ്റ്യൻ, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രസിഡന്റും പാലാ സാൻതോം എഫ്.പി.സി ഡയറക്ടറുമായ ഫാ. തോമസ് കിഴക്കേൽ, എ.കെ.സി.സി ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഇൻഫാം ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, കർഷക സംരംഭക അവാർഡുജേതാവ് ഫാ. സൈറസ് വേലംപറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഇമ്മാനുവൽ കാഞ്ഞിരത്തുങ്കൽ, ഡാന്റീസ് കൂനാനിക്കൽ, സിബി കണിയാംപടി, പി.വി. ജോർജ് തുടങ്ങിയവർ സംസാരിച്ചു.

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നേതൃത്വം നൽകുന്ന പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കാണ് സംസ്ഥാന കൃഷിവകുപ്പ് കോട്ടയം ജില്ലയിലെ ഏക കേരളാഗ്രോ സ്റ്റോർ അനുവദിച്ചത്. കർഷക കമ്പനികൾ, ഫാർമേഴ്സ് ക്ലബുകൾ, കൃഷിക്കൂട്ടങ്ങൾ, കർഷകക്കൂട്ടായ്മകൾ തുടങ്ങി കർഷകസംരംഭകരുടെ ഗുണമേന്മയുള്ളതും മായം കലരാത്തതുമായ കാർഷികവിഭവങ്ങളും ഭക്ഷ്യോത്പന്നങ്ങളും പൊതുവിപണിയിലിറക്കുന്നതിന്റെ ഭാഗമായാണ് കേരളാഗ്രോ സ്റ്റോറുകൾ ആരംഭിക്കുന്നത്.

# ലോകം ആണവയുദ്ധഭീതിയിൽ



തോമസ് കുഴിഞ്ഞാലിൽ

**ഈ** വർഷം ജൂലൈ 31-ാം തീയതി ഇറാൻതലസ്ഥാനമായ ടെഹ്റാനിൽ വധിക്കപ്പെട്ട ഹമാസിന്റെ രാഷ്ട്രീയകാര്യമേധാവി ഇസ്മയിൽ ഹനിയയുടെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ട യഹ്യ സിൻവർ ഒക്ടോബർ 16-ാം തീയതിയാണ് ഇസ്രയേലിന്റെ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ടത്. എന്നാൽ, ഇതിനകംതന്നെ ഭീകരസംഘടനകൾ രക്തസാക്ഷിത്വപരിവേഷം ചാർത്തിയ സിൻവറിന്റെ കൊലപാതകത്തിനു പ്രതികാരം ചെയ്യുമെന്ന പ്രഖ്യാപനങ്ങൾ വന്നുകഴിഞ്ഞു.

## ഇറാനുമായി നേർക്കുനേർ

ഇസ്രയേലുമായി ഒരു നേർക്കുനേർ യുദ്ധത്തിനുള്ള ആഹ്വാനം ഇറാനിൽനിന്നാണ് ആദ്യം ഉയർന്നുകേട്ടത്. ലബനനിൽ താവളമുറപ്പിച്ച് ഇസ്രയേലിനെതിരേ ആക്രമണങ്ങൾ അഴിച്ചുവിടുന്ന ഹിസ്ബുല്ല എന്ന ഭീകരസംഘടനയുടെ തലവൻ ഹസ്സൻ നസ്റല്ലയുടെ വധത്തിനു പിന്നാലെയായിരുന്നു ഇറാന്റെ പോർവിളി. 1982 മുതൽ ആയുധവും പണവും നല്കുകമാത്രമല്ല, ആയുധപരിശീലനവും നല്കി ഹിസ്ബുല്ലയെ വളർത്തിയെടുത്ത് ഇസ്രയേലിനെതിരേ തിരിച്ചുവിടുന്നത് ഇറാനാണ്. മൂന്നു ദശകങ്ങളായി ഇസ്രയേലിനെ വിറപ്പിച്ചിരുന്ന നസ്റല്ലയെ ഇക്കഴിഞ്ഞ സെപ്റ്റംബർ 27-ാം തീയതിയാണ് ഇസ്രയേൽ വധിച്ചത്. ഹിസ്ബുല്ലയുടെ സ്ഥാപകനേതാക്കളിൽ അവശേഷിച്ച നസ്റല്ലയോടൊപ്പം ഉന്നതസ്ഥാനീയരായ ഇരുപതോളം നേതാക്കളും കൊല്ലപ്പെട്ടുവെന്നാണു സ്ഥിരീകരണം. അവരോടൊപ്പം നസ്റല്ലയുടെ മകൾ സൈനബയും ഇറാൻസൈന്യത്തിന്റെ കമാൻഡർമാരിലൊരാളായ അബ്ബാസ് നിൽഫറോഷനും ഉൾപ്പെട്ടതായും വാർത്തയുണ്ടായിരുന്നു. ലബനൻതലസ്ഥാനമായ ബെയ്റൂട്ടിലെ ദഹിയയിലുള്ള ഹിസ്ബുല്ലയുടെ ആസ്ഥാനമന്ദിരത്തിൽ ഉഗ്രശക്തിയുള്ള 80 ബോംബുകളാണ് ഇസ്രയേലിന്റെ യുദ്ധവിമാനങ്ങൾ വർഷിച്ചത്. ആസ്ഥാനമന്ദിരം സ്ഥിതിചെയ്യുന്ന പാർപ്പിടസമുച്ചയങ്ങളിലെ നൂറിലേറെപ്പേർക്കു പരിക്കു പറ്റിയതായും പറയപ്പെടുന്നു. ഈ ആക്രമണത്തോടെ ഹിസ്ബുല്ലയുടെ മുതിർന്ന നേതൃനിര പൂർണമായും തുടച്ചുനീക്കപ്പെട്ടുവെന്നാണു കരുതപ്പെടുന്നത്. നസ്റല്ലയുടെ പിൻഗാമിയാകുമെന്നു കരുതപ്പെട്ടിരുന്ന ഹാഷെം സഫിയെദ്ദീനും വധിക്കപ്പെട്ടതായി സ്ഥിരീകരണമുണ്ട്.

ഹസ്സൻ നസ്റല്ല ബോംബാക്രമണത്തിൽ വധിക്കപ്പെടുന്ന ദിവസം അതേസമയത്ത് ബഞ്ചമിൻ നെതന്യാഹു ഐക്യരാഷ്ട്ര സംഘടനയുടെ 79-ാം പൊതുസഭയെ അഭിസംബോധന ചെയ്യുകയായിരുന്നു. വികാരവായ്പോടെയുള്ള അദ്ദേഹത്തിന്റെ പ്രസംഗം കരഘോഷത്തോടെയാണ് അംഗരാജ്യങ്ങളുടെ പ്രതിനിധികൾ എതിരേറ്റത്. നെതന്യാഹു ഇപ്രകാരം പറഞ്ഞു: "എന്റെ രാജ്യത്തിനുവേണ്ടി വാദിക്കാനാണ് ഞാനിവിടെയെത്തിയത്. യാഥാർഥ്യം എന്താണെന്നു നിങ്ങൾ അറിയണമെന്നു ഞാനാഗ്രഹിക്കുന്നു. ഞങ്ങൾ സമാധാനം ആഗ്രഹിക്കുന്നവരാണ്. എന്നാൽ, ഞങ്ങളുടെ രാജ്യം ശത്രുക്കളാൽ ചുറ്റപ്പെട്ടിരിക്കുന്ന അവസ്ഥയാണ്. അവരുമായി നിരന്തരം പോരാടേണ്ടിവരുന്നു. ഞങ്ങളെയും ഞങ്ങളുടെ സംസ്കാരത്തെയും പൂർണമായി ഇല്ലായ്മ ചെയ്യണമെന്ന ഒറ്റലക്ഷ്യമേ അവർക്കുള്ളൂ. ഞങ്ങൾക്കു പോകാൻ മറ്റൊരിടമില്ല. ഞങ്ങൾക്ക് ഇവിടെ നിലനിന്നേ മതിയാകൂ.

"ഏകദേശം 4,000 വർഷം മുമ്പ് ഞങ്ങളുടെ പൂർവപിതാവായ അബ്രാഹം ഞങ്ങൾക്കു നേടിത്തന്ന വാഗ്ദത്തഭൂമിയാണിത്. വെറും മരുഭൂമിയായിരുന്ന പ്രദേശം പാലും തേനും ഒഴുകുന്ന നാടാക്കി മാറ്റിയത് ഞങ്ങളുടെ പൂർവികരാണ്. കഴിഞ്ഞ വർഷം ഒക്ടോബർ ഏഴാം തീയതി ഭീകരസംഘടനയായ ഹമാസ് നടത്തിയ നരവേട്ട സമാനതകളില്ലാത്തതാണ്. യഹൂദരെയും വിവിധ രാജ്യങ്ങളിൽനിന്നെത്തിയ വിനോദസഞ്ചാരികളുൾപ്പെടെയുള്ള 1,200 പേരെയുമാണ് അവർ കൂട്ടക്കൊല ചെയ്തത്. സൈനികരുൾപ്പെടെ 251 പേരെ ബന്ദികളാക്കി. ഇവരിൽ 117 പേരെ ഇനിയും മോചിപ്പിക്കാനുണ്ട്. ഹമാസ്പോരാളികളെ പ്രതിരോധിച്ച ഞങ്ങളുടെ രാജ്യത്തെ, ഹിസ്ബുല്ല എന്ന ഭീകരസംഘടന ലബനനിൽനിന്ന് ആക്രമിക്കുകയുണ്ടായി. അവരുടെ ആക്രമണം ഇപ്പോഴും തുടരുന്നു. രണ്ടു ഭീകരസംഘടനകളെയും ഞങ്ങൾ ഇല്ലായ്മ ചെയ്യും. അവരെ മുമ്പിൽനിർത്തി നിഴൽയുദ്ധം ചെയ്യുന്നത് തിന്മയുടെ അച്ചുതണ്ടായ ഇറാനാണ്. പൗരാണികവും ധന്യവുമായ പാരമ്പര്യമുള്ള പേർഷ്യൻജനതയുടെ പിന്മുറക്കാരാണ് ഇറാനിലുള്ളത്. ജനങ്ങളിൽ വർഗീയതയുടെ വിഷം കുത്തിവയ്ക്കുകയും, സ്ത്രീകളെ അടിച്ചമർത്തുകയും ചെയ്യുന്ന മതമൗലികവാദികളായ ഭരണാധികാരികളെ അധികാരത്തിൽനിന്നു താഴെയിറക്കാൻ ഇറാനിലെ ജനങ്ങൾക്കു കഴിയണം. ഇറാന്റെ പാവകളായ ഹമാസ്ഭീകരരുടെ ഒളിത്താവളങ്ങളിലുള്ള 117 ബന്ദികളെക്കൂടി മോചിപ്പിക്കുംവരെ ഈ യുദ്ധം ഞങ്ങൾ തുടരുകതന്നെ ചെയ്യും." എന്നാൽ, ഇസ്രയേൽസേന ഗാസയിൽനിന്നു പൂർണമായും പിൻവാങ്ങുന്നതുവരെ ബന്ദികളെ വിട്ടയയ്ക്കുകയില്ലെന്നും ഇസ്രയേലിനെതിരേയുള്ള ആക്രമണങ്ങൾ കൂടുതൽ ശക്തമാക്കുമെന്നും ഹമാസിന്റെയും ഹിസ്ബുല്ലയുടെയും നേതാക്കൾ ഒളിത്താവളങ്ങളിൽനിന്നു പ്രഖ്യാപിച്ചത് വടക്കൻ ഗാസയിലേക്കു കൂടുതൽ സൈന്യത്തെ അയയ്ക്കാൻ ഇസ്രയേലിനെ പ്രേരിപ്പിക്കുകയാണുണ്ടായത്.



ഇസ്രയേൽ ഇറാനിൽ നടത്തിയ വ്യോമാക്രമണം

ഇസ്മയിൽ ഹനിയയുടെയും ഹസൻ നസറല്ലയുടെയും അബ്ബാസ് നിൽഫറോഷന്റെയും കൊലപാതകത്തിനുശേഷം ഇസ്രയേലിന്റെ ആക്രമണം ഭയന്ന് ഇറാനിലെ ഏതോ രഹസ്യ സങ്കേതത്തിൽ ഒളിച്ചിരുന്നുകൊണ്ട് ഇസ്രയേലിലേക്കു ബാലിസ്റ്റിക് മിസൈലുകൾ തൊടുത്തുവിടാൻ ഉത്തരവിട്ടത് ഇറാന്റെ പരമോന്നത നേതാവായ അയത്തൊള്ള അലി-ഖമെനെയിയാണ്. മൂവരുടെയും മരണത്തിൽ അതീവദുഃഖിതനായിരുന്ന ഖമെനെയിയുടെ ഉത്തരവുപ്രകാരം ഷഹാബ്-3 ബാലിസ്റ്റിക് മിസൈലുകളും ഫലാഹ്-2 ഹൈപ്പർ സോണിക് മിസൈലുകളുമുൾപ്പെടെ 181 മിസൈലുകളാണ് കഴിഞ്ഞ മാസം ഒന്നാം തീയതി ഇസ്രയേലിന്റെമേൽ വർഷിച്ചത്. ഇറാക്കിന്റെയും ജോർദാന്റെയും ആകാശാതിർത്തികൾ കടന്ന് 1,724 കിലോമീറ്റർ സഞ്ചരിച്ച മിസൈലുകളിൽ 90 ശതമാനവും ഇസ്രയേലിന്റെ അയൺ ഡോം സംവിധാനം ആകാശത്തുവച്ചുതന്നെ നശിപ്പിച്ചതിനാൽ ആളപായമോ വലിയ നഷ്ടങ്ങളോ ഉണ്ടായില്ല. ശബ്ദത്തെക്കാൾ അഞ്ചിരട്ടി വേഗത്തിൽ സഞ്ചരിച്ച മിസൈലുകൾ 12 മിനിറ്റുകൊണ്ട് ഇസ്രയേലിന്റെ അതിർത്തി കടന്നു.

മധ്യപൂർവദേശത്തെ ഏറ്റവും ശക്തരായ ഇസ്രയേലും ഇറാനും ശക്തിപരീക്ഷണത്തിനു തയ്യാറായത് ലോകനേതാക്കളെ ഭീതിയിലാക്കി. ആണവരാജ്യമായ ഇസ്രയേലും ആണവായുധം കൈവശമുണ്ടെന്നു കരുതപ്പെടുന്ന ഇറാനും പോർമുഖം തുറന്നതാണ് അവരെ ആശങ്കപ്പെടുത്തുന്നത്. ഒക്ടോബർ ഒന്നിലെ ഇറാന്റെ മിസൈൽവർഷത്തിനു പകരംവീട്ടുമെന്ന ബഞ്ചമിൻ നെതന്യാഹുവിന്റെയും പ്രതിരോധമന്ത്രി യോവ് ഗാലന്റിന്റെയും പ്രഖ്യാപനങ്ങൾ ഒക്ടോബർ 26-ാം തീയതി അവർ നടപ്പാക്കുകയും ചെയ്തു. 25 ദിവസത്തെ മുന്നൊരുക്കങ്ങൾക്കുശേഷമായിരുന്നു ഇസ്രയേലിന്റെ പ്രത്യാക്രമണം.

അതിനിടെ, മധ്യഇറാനിലെ സെമ്നാൻ പ്രവിശ്യയിലുള്ള അരാദാൻ മരുഭൂമിയിൽ കഴിഞ്ഞ മാസം 5-ാം തീയതി രാവിലെ 10.45 ന് വലിയ ഒരു പ്രകമ്പനമുണ്ടായത് ഇറാന്റെ ആണവപരീക്ഷണമായിരുന്നുവെന്നു സംശയിച്ചവരുണ്ട്. എന്നാൽ, അത് ആണവപരീക്ഷണമല്ലെന്നും, ഭൗമാന്തർഭാഗത്ത് 12 കിലോമീറ്റർ താഴെ റിക്ടർ സ്കെയിലിൽ 4.4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമായിരുന്നുവെന്നും ടെഹ്റാൻ യൂണിവേഴ്സിറ്റിയിലെ ജിയോഫിസിക്സ് വിഭാഗത്തിലെ ശാസ്ത്രജ്ഞർ കണ്ടെത്തിയിരുന്നു. എന്നാലും, ആണവായുധനിർമാണത്തിനുള്ള യുറേനിയം സമ്പുഷ്ടീകരണം 90 ശതമാനവും ഇറാൻ പൂർത്തിയാക്കിയിരിക്കാമെന്ന വാർത്ത ആശങ്ക ജനിപ്പിക്കുന്നുണ്ട്.

അണ്വായുധങ്ങളുടെ എണ്ണം ശീതയുദ്ധകാലത്തെക്കാൾ കുറഞ്ഞിട്ടുണ്ടെങ്കിലും, ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ആകെ 13,000 ത്തോളം ആണവായുധങ്ങൾ ഉണ്ടെന്നു കണക്കാക്കിയിട്ടുണ്ട്. ഏറ്റവും കൂടുതൽ അണ്വായുധങ്ങൾ ശേഖരിച്ചുവച്ചിരിക്കുന്നത് റഷ്യയാണ്, 6,000 എണ്ണം. അമേരിക്കയുടെ കൈവശമുള്ളത് 5,428, ചൈന 350, ഫ്രാൻസ് 300, ബ്രിട്ടൻ 225, പാക്കിസ്ഥാൻ 165, ഇന്ത്യ 160, ഇസ്രയേൽ 90, വടക്കൻ കൊറിയ 50 എന്നിങ്ങനെയാണ് കണക്കുകൾ. ജർമനി, ഇറ്റലി, ഹോളണ്ട്, ബൽജിയം, തുർക്കി, എന്നിവയുടെ കൈവശം 20 എണ്ണം വീതമുണ്ട്. ഇപ്പോഴത്തെ ഒരു അണുബോംബിന്റെ ശേഷി, 1945 ൽ അമേരിക്ക ഹിരോഷിമയിൽ വർഷിച്ച ആറ്റംബോബിന്റെ ആയിരം മടങ്ങുവരുമെന്നാണ് ആണവശാസ്ത്രജ്ഞരുടെ നിഗമനം. 12,500 ടിഎംസി ശേഷിയുണ്ടായിരുന്ന ആറ്റംബോംബിൽനിന്നുള്ള തീജ്വാലയുടെ ചൂട് 10 ലക്ഷം ഡിഗ്രി സെന്റിഗ്രേഡായിരുന്നത്രേ! തറനിരപ്പിൽനിന്ന് 40,000 അടി മുകളിലേക്കുയർന്ന കൂണാകൃതിയിലുള്ള വിഷമേഘങ്ങൾ തിമിർത്തുപെയ്ത മഴയോടൊപ്പം തിരികെ മണ്ണിലെത്തി. ഹിരോഷിമയിലും നാഗസാക്കിയിലുമായി 2,14,000 പേരുടെ മരണമാണ് ആദ്യം റിപ്പോർട്ടു ചെയ്തത്. അണുവികിരണംമൂലം രണ്ടു നഗരങ്ങളിലുമായി മരിക്കുന്നവരുടെ എണ്ണം ഇപ്പോഴും പുതുക്കിക്കൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ ഓഗസ്റ്റുമാസംവരെ 5.40 ലക്ഷം പേർ മരണപ്പട്ടികയിൽ ഇടംപിടിച്ചു.

തന്റെ രാജ്യത്തിന്റെ എൺപതിരട്ടി വലുപ്പവും പത്തിരട്ടി ജനസംഖ്യയുമുള്ള ഇറാനെ ആക്രമിക്കാൻ തുനിഞ്ഞ നെതന്യാഹുവിന്റെ സാഹസികത ചോദ്യം ചെയ്യപ്പെടുന്നുണ്ട്. 16.50 ലക്ഷം ചതുരശ്രകിലോമീറ്റർ വിസ്തൃതിയിൽ ഇറാൻ വ്യാപിച്ചുകിടക്കുമ്പോൾ, ഇസ്രയേലിന്റെ വിസ്തീർണം 22,145 ചതുരശ്രകിലോമീറ്റർമാത്രമാണ്. 9.61 കോടി ജനം ഇറാനിൽ അധിവസിക്കുമ്പോൾ ഇസ്രയേലിന്റെ ജനസംഖ്യ 98 ലക്ഷംമാത്രം. (യഹൂദരുടെ ലോകത്തെ ആകെ ജനസംഖ്യ 15.70 ദശലക്ഷമാണ്). സൈനികരുടെ എണ്ണത്തിലും ഈ അന്തരമുണ്ട്. 1.69 ലക്ഷം സൈനികരുള്ള ഇസ്രയേലിനു നേരിടേണ്ടത് 6.10 ലക്ഷം ഇറാനിയൻ സൈനികരെയാണ്. ഇസ്രയേലിന് 4.63 ലക്ഷം റിസർവ് സൈനികരുള്ളപ്പോൾ ഇറാന്റെ കരുതൽ സേനയിൽ 3.50 ലക്ഷം പേരേയുള്ളൂ. കവചിതവാഹനങ്ങളുടെ എണ്ണത്തിൽ ഇറാൻ മുൻപിൽ നിൽക്കുമ്പോൾ (10,513, ഇസ്രയേൽ 2,200); പോർവിമാനങ്ങളിൽ ഇസ്രയേലാണു മുമ്പിൽ (618). ഇറാന് 551 യുദ്ധവിമാനങ്ങളേയുള്ളൂ.

ഇറാനിലെ ഏതോ അജ്ഞാതകേന്ദ്രങ്ങളിൽ കഴിയുന്ന അയത്തൊള്ള ഖമെനെയി ഇസ്രയേലിന്റെ പ്രത്യാക്രമണത്തോട് ഇങ്ങനെയാണ് പ്രതികരിച്ചത്: "ഇറാന്റെ യുവത്വത്തെയോ, സൈനികശക്തിയെയോ, ഇവിടത്തെ ജനങ്ങളുടെ നിശ്ചയദാർഢ്യത്തെയോ ഇസ്രയേലികൾക്കറിയില്ല. അവരെ ഞങ്ങൾ ഒരു പാഠം പഠിപ്പിക്കും."

ഇറാൻ റവല്യൂഷനറി ഗാർഡിലെ മുതിർന്ന അംഗവും, സുപ്രീം സെക്യൂരിറ്റി കൗൺസിൽ അംഗവുമായ ജനറൽ ഇസ്മയിൽ കോസ്രിയുടെ വെല്ലുവിളി ഇപ്രകാരമായിരുന്നു: "ഞങ്ങളുടെ ആകാശത്ത് അതിക്രമിച്ചുകയറിയ ഇസ്രയേലികൾ മറുപടി പറയേണ്ടിവരും. ഇസ്രയേല്യരെ ഞങ്ങൾ ഭൂഗർഭബങ്കറുകളിലൊതുക്കും." ഇസ്രയേലിന്റെ യുദ്ധവിമാനങ്ങൾ ഇറാന്റെയുള്ളിൽ കയറി ആക്രമിച്ചത് ഐക്യരാഷ്ട്രസഭയുടെ ചട്ടക്കൂടിന്റെ നഗ്നമായ ലംഘനമാണെന്നും കോസ്രി അഭിപ്രായപ്പെട്ടു.

അത്യന്തം ഭീതി ജനിപ്പിക്കുന്ന അന്തരീക്ഷമാണ് പശ്ചിമേഷ്യയിൽ ഉടലെടുത്തിരിക്കുന്നത്. ഇസ്രയേൽ-ഇറാൻ സംഘർഷം മൂന്നാം ലോകയുദ്ധത്തിനടുത്തെത്തിയിരിക്കുന്നുവെന്ന് അമേരിക്കൻ പ്രസിഡന്റു തിരഞ്ഞെടുപ്പിലെ റിപ്പബ്ലിക്കൻ സ്ഥാനാർഥി ഡൊണാൾഡ് ട്രമ്പ് നോർത്ത് കരോലിനയിലെ തിരഞ്ഞെടുപ്പുറാലിയിൽ സൂചിപ്പിക്കുകയും ചെയ്തു.



# ഇന്ത്യൻ വനിതാഹോക്കിയിൽ റാണിമാരുടെ യുഗം കഴിഞ്ഞു

സനിൽ പി. തോമസ്

ടോക്കിയോ ഒളിമ്പിക്സിൽ ഇന്ത്യൻ വനിതാ ഹോക്കി ടീമിനെ നാലാം സ്ഥാനത്ത് എത്തിച്ച നായിക. ഇന്ത്യൻ വനിതാഹോക്കിയിലെ സൂപ്പർതാരം. 2023 ജനുവരിക്കുശേഷം ഇന്ത്യയ്ക്കു കളിക്കാൻ കഴിയാതെ പോയ താരം തിരിച്ചുവരവിനായി കാത്തിരുന്നു. ഒടുവിൽ ഒക്ടോബർ 24 ന് ന്യൂഡൽഹിയിൽ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ വിരമിക്കൽ പ്രഖ്യാപിച്ചു. ഇന്ത്യൻ വനിതാഹോക്കിയെ സംബന്ധിച്ചിടത്തോളം ഒരു യുഗസമാപ്തി.


പൂനം റാണി


റിത്തു റാണി


റാണി റാംഫാൽ


പ്രീതം റാണി

ഇന്ത്യൻ വനിതാഹോക്കിയെ ലോകനിലവാരത്തിൽ എത്തിച്ചവരിൽ ഹരിയാനയിൽനിന്നുള്ള നാലു റാണിമാരുടെ പങ്ക് വളരെ വലുതാണ്. അതിൽ അവസാനത്തെ റാണിയും കളംവിടുമ്പോൾ ഈ റാണിമാരിൽ പലർക്കും പരിശീലകരുടെ നീരസം വിനയായി എന്നോർക്കണം. ഒപ്പം, എന്തുകൊണ്ട് ഇന്ത്യൻ വനിതാഹോക്കി ടീം പാരീസ് ഒളിമ്പിക്സിനു യോഗ്യത നേടിയില്ല എന്ന ചോദ്യവും അവശേഷിക്കുന്നു.

ഹരിയാനയിലെ ഷാഹ്ബാദ് എന്ന കുഗ്രാമത്തിൽ ഒരു റിക്ഷാവലിക്കാരന്റെ മകളായി ദാരിദ്ര്യത്തിൽ വളർന്ന റാണി റാംഫാൽ പതിന്നാലാം വയസ്സിൽ ഇന്ത്യൻ ടീമിലെത്തിയതിനു കാരണം ബൽദേവ് സിങ് എന്ന പരിശീലകനാണ്. ഹോക്കിസ്റ്റിക് ഇല്ലാതെ തന്റെ അക്കാദമിയിൽ എത്തിയ റാണി റാംഫാലിന് ബൽദേവ് സിങ് ഒരു ഹോക്കിസ്റ്റിക് സമ്മാനിച്ചു. കൊച്ചുകുട്ടിയായിരുന്ന റാണിയുടെ പന്തടക്കം കണ്ട് സീനിയർ താരങ്ങൾ അവൾക്ക് ഹോക്കിസ്റ്റിക്കും ഷൂസും വാങ്ങിക്കൊടുത്തു. 2008 ൽ കസാനിൽ ഒളിമ്പിക് യോഗ്യതാറൗണ്ടിൽ ഇന്ത്യൻ ജേഴ്സി അണിഞ്ഞപ്പോൾ പ്രായം 14. ഒടുവിൽ ഇരുപത്തൊമ്പതാം വയസ്സിൽ മത്സരരംഗം വിടുമ്പോൾ 254 മത്സരങ്ങളിൽ ഇന്ത്യൻ ജേഴ്സി അണിഞ്ഞിരുന്നു. റാണി റാംഫാലിന്റെ 28 എന്ന നമ്പർ ജേഴ്സി ഹോക്കി ഇന്ത്യ പിൻവലിച്ചു.

പതിമ്മൂന്നു വർഷത്തെ ഇടവേളയ്ക്കുശേഷം 2017 ൽ ഇന്ത്യ ഏഷ്യ കപ്പ് ജയിച്ചപ്പോഴും, 2018 ൽ ജക്കാർത്ത ഏഷ്യൻഗെയിംസിൽ വെള്ളി നേടിയപ്പോഴും റാണി റംഫാൽ നിർണായകപങ്കുവഹിച്ചു. 2020 ലെ ടോക്കിയോ പിക്സ് ക്വാർട്ടർ ഫൈനലിൽ കരുത്തരായ ഓസ്ട്രേലിയയെ ഇന്ത്യ പരാജയപ്പെടുത്തിയപ്പോൾ ഗോൾ നേടിയത് റാണി റാംഫാൽ ആയിരുന്നു. 2008 ലെ അരങ്ങേറ്റവും ടോക്കിയോയിലെ സെമി ബെർത്തിന് ഇടയാക്കിയ ഗോളുമാണ് തന്റെ ഹോക്കിജീവിതത്തിലെ അവിസ്മരണീയനിമിഷങ്ങളായി റാണി റാംഫാൽ കണക്കാക്കുന്നത്.

ടോക്കിയോയ്ക്കുശേഷം റാണി പരുക്കിന്റെ പിടിയിലായി. ഒരുവർഷം കളിക്കളത്തിൽനിന്നു മാറിനിൽക്കേണ്ടിവന്നു. 2022 ൽ പ്രോലീഗിലൂടെ തിരിച്ചെത്തി. 2023 ആദ്യംവരെ കളിച്ചു. പക്ഷേ, ഹാങ്ചോ ഏഷ്യൻ ഗെയിംസിനുള്ള ഇന്ത്യൻടീമിൽ സ്ഥാനം കിട്ടിയില്ല. ഗുജറാത്ത് ദേശീയ ഗെയിംസിൽ ഉജ്ജ്വലഫോം കാഴ്ചവച്ചെങ്കിലും അധികൃതർ ശ്രദ്ധിച്ചില്ല. ഇന്ത്യയ്ക്കുവേണ്ടി വീണ്ടും കളിക്കാനുള്ള ആഗ്രഹം റാണി റാംഫാൽ പലതവണ പ്രകടിപ്പിച്ചിരുന്നു. സായെർദ് മാരിൻ മാറി ജനേക് ഷോപ്മാൻ ഇന്ത്യയുടെ മുഖ്യ പരിശീലകനായതോടെ റാണി റാംഫാലിന്റെ തിരിച്ചുവരവ് സാധ്യതകൾ മങ്ങി.

ഇന്ത്യൻ സബ്ജൂണിയർ ടീമിന്റെ പരിശീലകയായി. ഇപ്പോൾ ഹോക്കി ഇന്ത്യ ലീഗിന്റെ വനിതാവിഭാഗത്തിൽ ജെ.എസ്. ഡബ്ല്യുവിന്റെ ഉടമസ്ഥതയിലുള്ള സൗർമ ഹോക്കി ക്ലബിന്റെ മെന്റർ ആണ്. ടീമിനുവേണ്ടി കളിക്കാൻ റാണി റാംഫാൽ ആഗ്രഹം പ്രകടിപ്പിച്ചിരുന്നതായും അറിയുന്നു. എന്തായാലും ഇന്ത്യൻ ഹോക്കിയിലെ നാലാമത്തെ റാണിയും മത്സരരംഗം വിട്ടു.

രൂപ സെയ്നി, വന്ദന കത്താരിയ, സുശീല ചാനു, സവിത പൂനിയ, ദീപ്ഗ്രാസ് എക്കോ തുടങ്ങിയവരൊക്കെ 200 ൽ അധികം തവണ ഇന്ത്യയ്ക്കു കളിച്ചവരാണ്. (വന്ദനമാത്രം 300 ൽ അധികം). പക്ഷേ, പ്രീതം റാണി, റിത്തു റാണി, പൂനം റാണി, റാണി റംഫാൽ എന്നീ നാലു റാണിമാർ ഇന്ത്യയുടെ വനിതാ ഹോക്കിചരിത്രത്തിൽ നിറഞ്ഞുനിൽക്കുന്നു.

പ്രീതം റാണി 1998 ൽ ബാങ്കോക്ക് ഏഷ്യൻ ഗെയിംസിലും 99 ൽ ഏഷ്യാക്കപ്പിൽ വെള്ളിയും 2002 ൽ കോമൺവെൽത്ത് ഗെയിംസിൽ സ്വർണവും നേടിയ ഇന്ത്യൻ ടീമിൽ ഉണ്ടായിരുന്നു. പുറത്തായശേഷം 2008 ൽ മടങ്ങിവന്നു. താമസിയാതെ കളി നിർത്തി പരിശീലകയായി ഒട്ടേറെ ഒളിമ്പ്യൻമാരെ വളർത്തി. അർജുനയ്ക്കു പുറമേ ദ്രോണാചാര്യയും നേടി. ഹരിയാനയിലെ സോണിയപ്പട്ടിൽ ഹോക്കി അക്കാദമി നടത്തുന്നു.

റിത്തുറാണിയും റാണി റാംഫാലിനെപ്പോലെ 14 വയസ്സിൽ ഇന്ത്യൻ ടീമിൽ എത്തിയതാണ്. 2006 ൽ ആയിരുന്നത്. 2009 ൽ റഷ്യയിൽ ചാംമ്പ്യൻസ് ചാലഞ്ചിൽ എട്ടു ഗോളുമായി ടോപ് സ്കോറർ ആയി. 2011 ൽ ഇന്ത്യൻ നായിക. 2013 ൽ ഏഷ്യാകപ്പിലും 2014 ൽ ഏഷ്യൻ ഗെയിംസിലും വെങ്കലം. റിത്തുവിന്റെ നേതൃത്വത്തിലാണ് ഇന്ത്യൻ ടീം 2016 ലെ റിയോ ഒളിമ്പിക്സിനു യോഗ്യത നേടിയത്. പക്ഷേ, ഒളിമ്പിക്സ് ആയപ്പോൾ സുശീലാ ചാനു നായിക. ദീപിക ഉപനായിക. റിത്തു പുറത്ത്. റിത്തു ഇപ്പോഴും ഡിപ്പാർട്ട്മെന്റിനായി ഹോക്കി കളി തുടരുന്നു. ഹോക്കി ഇന്ത്യയുടെ സെലക്ടർ ആണ്. 248 മത്സരങ്ങളിൽ ഇന്ത്യയ്ക്കു കളിച്ച താരം.

പൂനം റാണി 204 തവണ ഇന്ത്യൻ ജേഴ്സി അണിഞ്ഞു. 2009 മുതൽ 2018 വരെ ഇന്ത്യൻ ടീമിലെ സജീവ സാന്നിധ്യം. ഹരിയാനയിലെ ഹിസ്സാറിൽനിന്നുള്ള കളിക്കാരി.

ടോക്കിയോ ഒളിമ്പിക്സിൽ റാണി റാംഫാലിനൊപ്പം റിത്തു റാണികൂടി ഉണ്ടാകേണ്ടതായിരുന്നു. അതുപോലെ ഹാങ്ചോ ഏഷ്യൻ ഗെയിംസിൽ റാണി റംഫാൽ ടീമിൽ കാണേണ്ടതായിരുന്നു. ഇന്ത്യൻ വനിതാഹോക്കി ഇന്നൊരു പ്രതിസന്ധിഘട്ടത്തിലാണ്. താൻ എന്തുകൊണ്ട് ടീമിൽ എത്തിയില്ല എന്നത് കോച്ചിനോടും സെലക്ടർമാരോടും ചോദിക്കണമെന്ന് റാണി റംഫാൽ പറഞ്ഞത് ഓർക്കുന്നു. റിത്തു പരസ്യവിർശനത്തിന് ഒരുങ്ങിയതല്ല. പക്ഷേ, റാണിമാർക്ക് അവഗണന നേരിടേണ്ടിവന്നു എന്നതു സത്യം. ഇന്ത്യൻ വനിതാ ഹോക്കിയുടെ നഴ്സറിയായി ഹരിയാനയിലെ ഗ്രാമങ്ങൾ, പ്രത്യേകിച്ച് ഷാഹ്ബാദും സോണിയാപ്പെട്ടും ഹിസ്സാറുമൊക്കെ തുടരും. പുതിയ റാണിമാർ അവിടങ്ങളിൽനിന്ന് ഉയർന്നുവരുമെന്നു പ്രതീക്ഷിക്കാം.

---




*11-ാം പേജ് തുടർച്ച*

അത്താഴം കഴിച്ചിട്ട് എൽസ ഉറങ്ങാൻ കിടന്നു. ലൈറ്റണയ്ക്കാൻ പേടിയായിരുന്നു. ഇരുട്ടിൽ ആരെങ്കിലും കയറിവന്നാലോ? ഉറക്കം വന്നില്ല. ഓരോന്നോർത്ത് തിരിഞ്ഞും മറിഞ്ഞും കിടന്നു. ഒമ്പതരയായപ്പോൾ ഫോൺ ബെൽ അടിച്ചു. നോക്കിയപ്പോൾ ഡോക്ടർ മനു തോമസ്. ഫോൺ കാതോടു ചേർത്തു.

"ഹലോ!"

"ഉറങ്ങിയായിരുന്നോ?"

"ഇല്ല."

"ചേച്ചിയുണ്ടോ വീട്ടിൽ?"

"ഇല്ല; രാവിലെ പോയി."

"അപ്പം തനിച്ചാ?"

"ഉം."

"ഞാനൊരു കാര്യം പറയട്ടേ?"

"ഉം."

"ഞാൻ വർക്ക് ചെയ്യുന്ന ഹോസ്പിറ്റലിൽ ഒരു ജോലി തന്നാൽ സ്വീകരിക്കുമോ? ഹോസ്റ്റലിൽ താമസിക്കാനുള്ള സൗകര്യവും ഏർപ്പാടാക്കാം."

"തീർച്ചയായിട്ടും സ്വീകരിക്കും ഡോക്ടർ."

"ശമ്പളം ഒരുപാടൊന്നും പ്രതീക്ഷിക്കണ്ട. മാക്സിമം ഒരു പന്തീരായിരം."

"മതി ഡോക്ടർ. ഒരാൾക്ക് ജീവിക്കാൻ അതു ധാരാളമാണല്ലോ. ഇപ്പഴത്തെ സാഹചര്യത്തിൽ എനിക്കൊരു ജോലിയാണാവശ്യം. മനസ്സിലെ പ്രയാസം കുറയണമെങ്കിൽ അതേ വഴിയുള്ളൂ. ഇവിടെ താമസിച്ചാൽ അമ്മയെപ്പറ്റിയുള്ള ഓർമകൾ എപ്പഴും എന്നെ വേട്ടയാടിക്കൊണ്ടിരിക്കും."

"ശരി. എം.ഡിയുമായി സംസാരിച്ചിട്ട് നാളെ വിളിക്കാം. ഗുഡ് നൈറ്റ്."

ഫോൺ കട്ടായി.

എൽസയ്ക്ക് ഒരുപാടു സന്തോഷം തോന്നി. ജീവിക്കാൻ ഒരു വരുമാനമാർഗം ആയല്ലോ. ഡോക്ടറെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് അവൾ മനസ്സിൽ പറഞ്ഞു.

പിറ്റേന്ന് ഉച്ചയായപ്പോൾ ഡോക്ടർ മനുവിന്റെ കോൾ വന്നു. എൽസയ്ക്കു നിയമനം ഉറപ്പായത്രേ! ബില്ലിങ് സെക്ഷനിലാണ് ഡ്യൂട്ടി. മാസം പന്തീരായിരം രൂപ ശമ്പളം.

"ഒരുപാടു നന്ദി ഡോക്ടർ."

"അടുത്ത തിങ്കളാഴ്ച വന്നു ജോയിൻ ചെയ്തോളൂ. ഇവിടെ ഹോസ്റ്റലിൽ താമസവും ഏർപ്പാടാക്കീട്ടുണ്ട്."

"വളരെ സന്തോഷം ഡോക്ടർ."

"ശരി. വരുമ്പം കാണാം." ഡോക്ടർ ഫോൺ വച്ചു.

ദൈവം ഡോക്ടറുടെ രൂപത്തിൽവന്നു തന്നെ സഹായിച്ചതാണെന്ന് എൽസയ്ക്കു തോന്നി. ക്രൂശിതരൂപത്തിലേക്കു നോക്കി അവൾ ദൈവത്തിനു നന്ദി പറഞ്ഞു.

തിങ്കളാഴ്ച എൽസ ആശുപത്രിയിൽ പോയി ജോയിൻ ചെയ്തു. പുതിയ ജോലി എൽസയ്ക്കു നന്നേ ഇഷ്ടമായി. സഹപ്രവർത്തകരെല്ലാം സ്നേഹമുള്ളവരാണെന്നു തോന്നി. ഉച്ചയ്ക്ക് ഡോക്ടർ മനുവിനെ പോയി കണ്ട് നന്ദി പറഞ്ഞു.

(തുടരും)

Deepanalam Weekly

RNI No : 16998/68
Vol. 57 No. 35 Date of Publication 31 October 2024
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

## സ്നേഹസ്മരണയ്ക്ക്

13-ാം ചരമവാർഷികം
19-11-2024



കെ.ജെ. ദേവസ്യ
കൊറ്റത്തിൽ, ആറുമാനൂർ

9-ാം ചരമവാർഷികം
19-03-2025



ത്രേസ്യാമ്മ ദേവസ്യ
കൊറ്റത്തിൽ

9-ാം ചരമവാർഷികം
07-08-2025



റവ. ഫാ. അലക്സാണ്ടർ
കൊറ്റം M.S.F.S.

5-ാം ചരമവാർഷികം
07-11-2024



റവ. ഡോ. വിൽസൺ
കൊറ്റം M.S.F.S.

"യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും" (1 തെസ. 4:14)

കുടുംബാംഗങ്ങൾക്കുവേണ്ടി : കൊറ്റത്തിൽ ആയുർവേദ ഹോസ്പിറ്റൽ, അയർക്കുന്നം Ph: 0481-2545588 / 9447054461

35 വർഷത്തെ സേവനപാരമ്പര്യം

## നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn. Govt. V.H.S.S. നു സമീപം
അരുണാപുരം പി.ഒ., പാലാ പൊൻകുന്നം
Ph: 9495195739, 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

### DEI Ed ഹിന്ദി ട്രെയിനിങ്

NCTEയുടെ അംഗീകാരത്തോടുകൂടി ദക്ഷിണ ഭാരത് ഹിന്ദിപ്രചാരസഭയുടെ യൂണിവേഴ്സിറ്റി വിഭാഗം നടത്തുന്ന ഹിന്ദി അധ്യാപകപരിശീലനമായ D EI Ed (ശിക്ഷാ സ്നാതക്) ട്രെയ്നിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു പരീക്ഷയും ദക്ഷിണഭാരതഹിന്ദിപ്രചാരസഭ നടത്തുന്ന രാഷ്ട്ര ഭാഷാവിശാരദ്, കേരളഹിന്ദിപ്രചാരസഭയുടെ ഹിന്ദിഭൂഷൺ, തത്തുല്യയോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം.

### HINDI TTC

എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER




SINCE 2005

## അച്ചായൻസ് ഗോൾഡ്

916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org